വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ) : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആറാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

3. 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IX. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാര്യോപദേശക സമിതിയുടെ 22-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

X. നിയമനിർമ്മാണകാര്യം

2005-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, 2005-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. പി. എം. സാഹിർ : സർ, 2005-ലെ കേരള ധനകാര്യ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി 10-3-2005-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : സർ, 2005-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കേരള ധനകാര്യ ബിൽ കേരള ഗവൺമെന്റിന്റെ നികുതി വരുമാനം ലഭ്യമാക്കുന്നതിനാവശ്യമായ ഒട്ടേറെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങളുള്ള ഒന്നാണ്. യു.ഡി.എഫ്. ഗവൺമെന്റിന് നടപ്പിലാക്കാൻ സാധിക്കുന്ന അവസാനത്തെ ബഡ്ജറ്റാണ് ഇത്. അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അവസാനത്തെ ബഡ്ജറ്റെന്ന പ്രത്യേകതയുണ്ടായിട്ടും വാറ്റ് പോലുള്ള വളരെ പ്രത്യേകതകളുള്ള ഒരു നികുതി സംവിധാനം വരുകയാണ്. ഇങ്ങനെയൊരു പ്രത്യേകതയുണ്ടായിട്ടും എല്ലാ വിഭാഗം ആളുകളുടേയും, എല്ലാ പ്രദേശത്തിന്റേയും വികസന പ്രവർത്തനങ്ങൾ ഭരണപരമായി കണ്ടുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനാവശ്യമായ ഉത്തരവാദിത്വം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പല പ്രദേശങ്ങളേയും വേണ്ടത്ര പരിഗണിക്കുകയോ ആവശ്യമായ തുക മാറ്റിവയ്ക്കുകയോ ചെയ്തിട്ടില്ല. വാല്യൂ ആഡഡ് ടാക്സ് വരാൻ പോകുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം വലിയ ആശങ്ക നാട്ടിലെ ജനങ്ങൾക്കുണ്ട്. ഈ ആശങ്ക പരിഹരിക്കാനാവശ്യമായ സംവിധാനം വേണം. ഇത് എങ്ങനെയാണ് ജനജീവിതത്തെ ബാധിക്കുക, എത്ര വലിയ ബാദ്ധ്യതയാണ് ജനങ്ങൾക്കുണ്ടാക്കുക എന്നതിനെ സംബന്ധിച്ചിടത്തോളമൊക്കെ നല്ലൊരു വിശദീകരണം ജനങ്ങൾക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ശ്രമംകൂടി ഗവൺമെന്റ് നടത്തണം. കാർഷിക മേഖല വലിയ തോതിൽ മെച്ചപ്പെട്ടെന്നും ചില പ്രത്യേക വിളകൾക്ക് വിലസ്ഥിരത നേടിയെന്നും അത് ഗവൺമെന്റിന്റെ നേട്ടമായി മന്ത്രി ബഡ്ജറ്റിൽ വിശദീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ കാർഷിക മേഖല ഇന്നും പ്രതിസന്ധിയിൽ നിന്നും കരകയറിയിട്ടില്ല. കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഇന്നും പ്രതിസന്ധിയിലാണ്. വയനാട്ടിൽ രണ്ട് കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്തുയെന്ന് ഇന്നത്തെ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അതുകൊണ്ട് കാർഷിക മേഖല വലിയ തോതിൽ മെച്ചപ്പെട്ടുയെന്നൊന്നും പറയാൻ പറ്റുകയില്ല. മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളോട് ഈ ബഡ്ജറ്റ് പോസിറ്റീവായി പ്രതികരിച്ചിട്ടുണ്ടോ? ഇല്ല എന്നാണ് എന്റെ അഭിപ്രായം. പിരിച്ച തുക ചെലവാക്കുന്നതിനെപ്പറ്റിയാണല്ലോ ഇന്ന് ചർച്ച നടക്കുന്നത്. ഇതിനൊക്കെ നീക്കിവെച്ചിരിക്കുന്ന തുക ചെലവഴിക്കുന്ന ശീലമുണ്ടോ? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച തുകതന്നെ ചെലവഴിച്ചിട്ടില്ല. വാറ്റ് നടപ്പിലാക്കുന്ന അവസരത്തിൽ വലിയ ആശങ്ക ജനങ്ങൾക്കുണ്ട്, ആ ആശങ്ക പരിഹരിക്കാനാവശ്യമായ നടപടിയെടുക്കണം. വാറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10 കോടി രൂപ ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഒരു സംസ്ഥാനത്തിന്റെ പൊതുബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം 10 കോടി രൂപ വിവിധ മേഖലകളിൽനിന്ന് നികുതി വരുമാനമുണ്ടാക്കുകയെന്നുള്ളത് അത്ര ഭാരിച്ച തുകയൊന്നുമല്ല. എന്നാൽ ചുരുങ്ങിയത് 400 കോടി രൂപയുടെയെങ്കിലും അധിക വരുമാനം ഗവൺമെന്റിന് വരാൻ പോകുകയാണ്. അധികഭാരം ജനങ്ങളുടെ മുതുകത്ത് കെട്ടിവയ്ക്കുന്ന ഒരവസ്ഥയുണ്ടാകാൻ പോകുകയാണ്. വാറ്റ് നടപ്പിലാകുമ്പോൾ നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളെ അത് എങ്ങനെ ബാധിക്കുമെന്നുള്ളത് സംബന്ധിച്ച് കൃത്യമായ ഒരു വിശദീകരണം ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നികുതി കുറയുകയും ആളുകൾക്ക് വിലകുറച്ച് സാധനം ലഭ്യമാകുകയും ചെയ്യുമെന്നുള്ള നിലയിലാണ് അദ്ദേഹം അതിനെ സംബന്ധിച്ച് വിശദീകരിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

വാറ്റിന്റെ ആനുകൂല്യം വളരെ ചുരുക്കം ചില ആളുകൾക്ക് മാത്രം ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകാൻ പോവുകയാണ്. വാറ്റിന്റെ രണ്ടാമത്തെ ഷെഡ്യൂളിൽ വളരെ വിലകൂടിയ സ്വർണ്ണം, വജ്രം, മുത്തുകൾ ഉൾപ്പെടെയുള്ള ലോഹങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഷെഡ്യൂളിൽപ്പെടുത്തിയിട്ടുള്ള സാധനങ്ങൾക്ക് ഒരു ശതമാനം ആണ് ഗവൺമെന്റ് നികുതി നിശ്ചയിച്ചിട്ടുള്ളത്. രണ്ടാം ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾക്ക് ഇതുവരെ തുടർന്നു വരുന്ന കോംപൗണ്ടിഗ് രീതി, അതായത് 7-ഉം 9-ഉം വകുപ്പുകളിൽ പരാമർശിക്കുന്ന സംഗതികൾ ഈ ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. 7-ഉം 9-ഉം വകുപ്പുകൾ എന്ന് പറയുന്നത് നികുതി കോംപൗണ്ട് ചെയ്യുക എന്നതാണ്. കഴിഞ്ഞ തവണ എത്രയാണോ അടച്ചത് അതിന്റെ 50 ശതമാനം മുതൽ 200 ശതമാനം വരെ കൂട്ടി ബന്ധപ്പെട്ട ആളുകളിൽനിന്നും കോംപൗണ്ട് ചെയ്ത് നികുതി ഈടാക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമാണത്. അതുപോലെ നികുതി കൃാൻസൽ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ്. ഈ രണ്ട് വകുപ്പുകളും ഫിനാൻസ് ബില്ലിൽ ഇല്ല. അതിന്റെ അർത്ഥമെന്താണ്? നമ്മുടെ നാട്ടിൽ സ്വർണ്ണവ്യാപാരികൾക്ക് അനർഹമായ സൗജന്യം ഈ ഫിനാൻസ് ബില്ലിൽ ചെയ്യാൻ പോകുന്നു എന്നുള്ളതാണ്. സ്വർണ്ണത്തിന്റെ ഉപയോഗം ഒരിക്കലും ഇല്ലാത്തവിധം കേരളത്തിൽ വർദ്ധിച്ചുവന്നിട്ടുണ്ട്. അഞ്ച് കൊല്ലത്തിനിടയിൽ അഞ്ചോ ആറോ ഇരട്ടി ഉപയോഗം സ്വർണ്ണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഒരു സ്റ്റേറ്റാണ് കേരളം. നാട്ടിൽ മുഴുവൻ ജുവലറികളുടെ ഒഴുക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിമനോഹരമായ, അതിവിപുലമായ ജുവലറികൾ ഇല്ലാത്ത ഒരു ചെറിയ പട്ടണംപോലുമില്ല. ധനകാര്യ വകുപ്പുമന്ത്രി വലിയ ജുവലറികൾ ഉദ്ഘാടനം ചെയ്യുകയാണ്. ബഹുമാനപ്പെട്ട ശ്രീ. വക്കം പുരുഷോത്തമൻ ന്യൂ രാജസ്ഥാൻ ജുവലറി ഉദ്ഘാടനം ചെയ്തതിന്റെ പരസ്യം ഇന്നത്തെ പത്രത്തിൽ വന്നു. ഇങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ട ഒരുപാട് ജുവലറികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ട ജുവലറികളിലൂടെ വലിയ തോതിലുള്ള സ്വർണ്ണവിൽപ്പന നടക്കുന്നുണ്ട്. പക്ഷേ ആ സ്വർണ്ണ വിൽപ്പനയുടെ രംഗത്ത് ഉണ്ടാകുന്ന വർദ്ധനവ് വച്ചുകൊണ്ടുള്ള വരുമാനം നമ്മുടെ സെയിൽസ് ടാക്സ് വരുമാനത്തിൽ ഉണ്ടാകുന്നുണ്ടോ? സ്വർണ്ണവുമായി ബന്ധപ്പെട്ട സംഗതികൾ എടുത്തു നോക്കുക. നമ്മുടെ വരുമാനം വർദ്ധിക്കുന്നില്ല. എന്നാൽ സ്വർണ്ണത്തിന്റെ ഉപയോഗം കൂടുകയാണ്. സ്വർണ്ണത്തിന്റെ ഉപയോഗം കൂടുന്നതിന്റെ പ്രധാനപ്പെട്ട കാരണം മലയാളികളുടെ ഫാഷൻ ഭ്രമമാണ്. മുൻപൊക്കെ ആളുകൾ ഒരു ആഭരണം വാങ്ങിയാൽ അഞ്ചോ പത്തോ കൊല്ലത്തേയ്ക്ക് അത് ഉപയോഗിക്കുമായിരുന്നു. ഇന്ന് ആ രീതിയല്ല. പുതിയ ആഭരണങ്ങൾ മാർക്കറ്റിൽ വരുന്നയവസരത്തിൽ അവ വാങ്ങിക്കുവാൻവേണ്ടി വീണ്ടും വീണ്ടും സ്വർണ്ണ കടയെ ആശ്രയിക്കുന്ന രീതി നമ്മുടെ ആളുകളുടെയിടയിൽ വർദ്ധിച്ചു വരുകയാണ്. അതിന്റെ ഭാഗമായി സ്വർണ്ണത്തിന്റെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരുകയാണ്. ഇങ്ങനെ വർദ്ധിച്ചു കൊണ്ടിരിക്കുമ്പോഴും സ്വർണ്ണത്തിന്റെ വർദ്ധിച്ച ഉപയോഗംമൂലം ഖജനാവിനുണ്ടാകേണ്ട വരുമാനം ഉണ്ടാകുന്നില്ല. കേരളത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്ന സ്വർണ്ണമാഫിയ കേരളത്തിൽ അതിവേഗം രൂപപ്പെട്ടുവരുന്നതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. ആ മാഫിയയെ സഹായിക്കുന്ന, അവർക്ക് അനർഹമായ സാമ്പത്തികാനുകൂല്യം നൽകുന്ന ഒരു സംവിധാനം വാറ്റിന്റെ ഭാഗമായി രണ്ടാം ഷെഡ്യൂളിൽപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണം ഉൾപ്പെടെയുള്ള ലോഹങ്ങൾ വലിയ

LIBRARY ARCHIVES Kerala Legislative Assembly

തോതിൽ വിൽക്കുമ്പോഴും ആ മേഖലയിൽനിന്നും അർഹതപ്പെട്ട വരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു സമീപനം ധനകാര്യ വകുപ്പ് സ്വീകരിക്കുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. അതിന്റെ പരിധിയിൽത്തന്നെപ്പെടുത്തിയിട്ട് രണ്ടോമൂന്നോ ശതമാനം നികുതി നിശ്ചയിക്കണം. ഒരൊറ്റ കടയിലും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ കയറില്ല എന്നാണല്ലോ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. കട പരിശോധിക്കാൻവേണ്ടി പോകുന്നില്ല. അവർ സത്യസന്ധമായി കണക്കുകൾ സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ട് അടയ്ക്കേണ്ട നികുതി കൃത്യമായിട്ട് അടയ്ക്കും. അങ്ങനെ സെൽഫ് സഫിഷ്യന്റായിട്ടുള്ള ഒരു നികുതിദായക സമ്പ്രദായം രൂപപ്പെടും. എന്നാണ് അദ്ദേഹം പ്രതീക്ഷിക്കുന്നത്. അദ്ദേഹത്തിന്റെ സ്വപ്നം ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ യാഥാർത്ഥ്യമാക്കാൻ സാധിക്കുന്ന സ്വപ്നമാണോ ഇത്? ബോധനിലവാരം കേരളത്തിലെ കച്ചവടക്കാരനെ സംബന്ധിച്ചിടത്തോളം ഉണ്ടോ? ഇല്ല എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ സ്വർണ്ണം മുഖേന കേരളത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ തോതിൽ കുറവ് ഉണ്ടാക്കുന്ന ഒരു സംവിധാനത്തിനും കൂട്ട് നിൽക്കാൻ പാടില്ല. അവർക്ക് അനർഹമായ ഒരു ഇളവും ഉണ്ടാക്കിക്കൊടുക്കാൻ പാടില്ല. കോംപൗണ്ടിംഗ് രീതി നിലനിർത്തിയിട്ടായാലും മാക്സിമം വർദ്ധനവുണ്ടായിട്ടായാലും അല്ലെങ്കിൽ രണ്ടോ മൂന്നോ ശതമാനം നികുതി പ്രത്യേകമായി ചുമത്തിക്കൊണ്ടായാലും ഈ രംഗത്തുനിന്ന് നമുക്ക് ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാൻ ആവശ്യമായ സംവിധാനം തീർച്ചയായും ഉണ്ടാകണം. കട പരിശോധന കർശനമായും നടത്തണം. കണക്കുകളിൽ തട്ടിപ്പ് നടത്താൻ സാധിക്കാത്ത നിലയിലുള്ള സംവിധാനം ഉണ്ടാകണം. ഈ നിലയിൽ കാര്യങ്ങൾ ചെയ്താൽ മാത്രമേ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ആർഭാടമായി കല്യാണം നടത്തുന്ന ആഡിറ്റോറിയങ്ങൾക്ക് നികുതി നിശ്ചയിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. അത് നല്ല കാര്യം തന്നെ. പക്ഷേ അതിനകത്ത് ഒരു സ്ലാബ് സിസ്റ്റം കൊണ്ടുവന്നു കൂടേ? കേരളത്തിൽ വളരെ ലാവിഷായിട്ട്, അഞ്ഞൂറും അറുനൂറും പവൻ ദേഹത്ത് അണിഞ്ഞ് 50,000 രൂപയും ഒരു ലക്ഷം രൂപ വരെ വാടകയുള്ള ആഡിറ്റോറിയങ്ങൾ വാടകയ്ക്കെടുത്ത് വളരെ ആർഭാടമായി കല്യാണങ്ങൾ നടത്തുന്നു. അതേസമയം മുവായിരവും അയ്യായിരവും രൂപ വാടക കൊടുത്ത് നാട്ടിൻ പുറത്തുള്ളവർ കല്യാണം നടത്തുന്നുണ്ട്. നമ്മുടെ നാട്ടിൽ പണ്ടൊക്കെ കല്യാണം ഉണ്ടെന്നറിഞ്ഞാൽ അയൽപക്കത്തെ ആളുകൾ കൂടി ചേർന്ന് വീടിന്റെ മുറ്റത്ത് പന്തലിടും. ഇന്ന് വീടിന്റെ മുറ്റത്ത് ഒരു ചെറിയ പന്തൽ ഇടണമെങ്കിൽപോലും ചുരുങ്ങിയത് നാലായിരവും അയ്യായിരവും രൂപ വേണം. കാരണം ടിൻ ഷീറ്റിന്റേയും ഷാമിയാനയുടേയുമാണ് ഇന്നത്തെ പന്തൽ. ടിൻ ഷീറ്റ് ഒന്നിന് 32 രൂപയാണ് വാടക വാങ്ങിക്കുന്നത്. 100 ടിൻ ഷീറ്റ് ഇല്ലാതെ ഒരു പന്തൽ ഇടാൻ പറ്റില്ല. 100 ടിൻ ഷീറ്റിന്റെ ഒരു ചെറിയ പന്തൽ ഇടണമെങ്കിൽ 3,200 രൂപ ചുരുങ്ങിയത് വേണം. ആ ബാദ്ധ്യത ഒഴിവാക്കുന്നതിനുവേണ്ടിയാണ് നാട്ടിൻപുറത്തെ പല ചെറിയ കുടുംബങ്ങളും കല്യാണം നടത്തുന്നതിനുവേണ്ടി ആഡിറ്റോറിയങ്ങളെ സമീപിക്കുന്നത്. മുവായിരവും അയ്യായിരവും രൂപയ്ക്ക് വാടകയ്ക്ക് ആഡിറ്റോറിയം എടുക്കുന്ന ഒരാൾക്ക് നികുതി ഏർപ്പെടുത്താൻവേണ്ടി തീരുമാനിച്ചാൽ അത് ബാധിക്കാൻ പോകുന്നത് ഈ നാട്ടിലെ സാധാരണക്കാരെയാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതിന് ഒരു സ്ലാബ് നിശ്ചയിക്കണം എന്നാണ്. 10,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 25,000 രൂപ വരെ ഇത്ര, 25,000 രൂപ മുതൽ 50,000 രൂപ വരെ ഇത്ര, 50,000 രൂപ മുതൽ 1,00,000 രൂപ വരെ ഇത്ര എന്ന് ഒരു സ്ലാബ് നിശ്ചയിച്ചുകൊണ്ട് നികുതി പിരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കിയില്ലെങ്കിൽ ഇത് സാധാരണക്കാരുടെ ജീവിതത്തെ വലിയ രീതിയിൽ ദോഷകരമായി ബാധിക്കുന്ന ഒരു അവസ്ഥവരെ ഉണ്ടാകും. അത്തരം ഒരു സ്ഥിതിവിശേഷം പരിഹരിക്കാൻ സാധിക്കുന്ന നിലയിൽ ഈ ആർഭാട നികുതിയുമായി ബന്ധപ്പെട്ട് ഫിനാൻസ് ബില്ലിലെ വകുപ്പിന് ആവശ്യമായ ഭേദഗതി ഉണ്ടാകണം എന്നതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ 12-ാം ധനകാര്യ കമ്മീഷന്റെ കാര്യം പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് വാദിച്ച് കേസ് അവരെ ബോദ്ധ്യപ്പെടുത്താൻ സാധിക്കാത്തതുകൊണ്ടാണ് അർഹതപ്പെട്ടത് കിട്ടാത്തത് എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ഒരു വാദം ഈ ഗവൺമെന്റ് വന്നപ്പോൾ മുതൽ മുന്നോട്ടു വയ്ക്കുന്നു. ഇപ്പോൾ വാദിച്ച് കാര്യങ്ങൾ ധനകാര്യ കമ്മീഷന്റെ മുൻപാകെ എത്തിക്കാൻ കെൽപ്പുള്ള വളരെ പ്രഗത്ഭരായ രണ്ടുപേരാണ് ഈ തവണ ധനകാര്യ കമ്മീഷന്റെ മുൻപാകെ പോയത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും. ഈ രണ്ടുപേർക്കും വാദിച്ച് ജയിക്കാനുള്ള കഴിവില്ലെന്ന് കേരളത്തിൽ ഒരാളും കരുതില്ല. പക്ഷേ ഇങ്ങനെ വാദിച്ചിട്ടുപോലും നമുക്ക് ന്യായമായും ലഭിക്കേണ്ട 4 ശതമാനം പദ്ധതി വിഹിതം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഔദ്യോഗികമായ വിവരം ലഭിച്ചിട്ടില്ലെങ്കിലും 2.5 ശതമാനമാണ് കേരളത്തിന്റെ 12-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി വരുന്ന വിഹിതം എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിഹിതം കൃത്യമായി വാങ്ങിച്ചെടുക്കുകയും അത് നമ്മുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മുതൽകൂട്ട് ആകുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ സാധിക്കില്ലേ? അപ്പോൾ ഈ രംഗത്ത് കുറച്ചുകൂടി ജാഗ്രതയോടുകൂടിയുള്ള ഇടപെടൽ വേണ്ടതാണ്. വളരെ നാമമാത്രമായ വരുമാനമാണ് കാർഷികാദായ മേഖലയിൽനിന്ന് ഗവൺമെന്റിന് ലഭിക്കുന്നത്. കേരളത്തിലെ കൃഷിക്കാരന്റെ സ്ഥിതി എല്ലാവർക്കും നന്നായിട്ട് അറിയാം. ആത്മഹത്യ ചെയ്യുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുകയാണ്. നാണ്യ വിളകളുടേയും കാർഷിക വിളകളുടേയും ഉൽപ്പാദനം വലിയ തോതിൽ പ്രതിസന്ധിയിലാണ്. സർക്കാർ എന്തൊക്കെ പറഞ്ഞാലും കാർഷിക മേഖലയിലെ പ്രതിസന്ധി വളരെ രൂക്ഷമായ നിലയിൽത്തന്നെ നിൽക്കുകയാണ്. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള ഒരു ആശ്വാസം എന്നുള്ള നിലയിൽ കാർഷികാദായ നികുതി ഒഴിവാക്കാൻ ആവശ്യമായ സമീപനം ഈ ഫിനാൻസ് ബില്ലിന്റെ ഭാഗമായി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഏത് മേഖലയിലെ കൃഷിക്കാരാണ് രക്ഷപ്പെട്ടിട്ടുള്ളത്? കേരളത്തിൽ ഏറ്റവും കൂടുതൽ അടയ്ക്ക കൃഷി ചെയ്യുന്ന കർഷകരുള്ള നാടാണ് കാസർഗോഡ് ജില്ല. ആ ജില്ലയിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പത്ത് കോടി രൂപ മാറ്റിവച്ചു. കാംപ്കോയെ ചുമതലപ്പെടുത്തി. അന്നുതന്നെ അതിനെ സംബന്ധിച്ച് രൂക്ഷമായ ആക്ഷേപങ്ങൾ ഉയർന്നുവന്നു. കാംപ്കോ കർണ്ണാടകത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അതിന് കേരളത്തിൽ ചില ഔട്ട്ലറ്റുകളുണ്ട്. ആ ഔട്ട്ലറ്റുകളിലേയ്ക്ക് കർണ്ണാടകയിൽ നിന്നുതന്നെ അടയ്ക്ക കൊണ്ടുവന്ന് ഇവിടെ കണക്കുണ്ടാക്കുന്നു. കേരളം കൊടുക്കുന്ന പണം മുഴുവനും കർണ്ണാടകയിലെ കൃഷിക്കാരാണ്

LIBRARY ARCHIVES Kerala Legislative Assembly

കടത്തിക്കൊണ്ടു പോകുന്നത് എന്ന് വർഷങ്ങളായി പറയുകയാണ്. കഴിഞ്ഞ വർഷം തന്നെ ഈ ആക്ഷേപം ഉന്നയിച്ചതാണ്. കാസർഗോഡ് ജില്ലയിലെ സഹകരണ ബാങ്കുകളെ അടയ്ക്കാ സംഭരിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിയാൽ ഈ സഹായം നാട്ടിലെ അടയ്ക്കാകൃഷിക്കാർക്ക് കിട്ടും. അതിന് സർക്കാർ മുൻകൈ എടുക്കണം. എല്ലാ വിഭാഗം കൃഷിക്കാരേയും അതുപോലെ എല്ലാ വിഭാഗം ആളുകളേയും പ്രയാസപ്പെടുത്തുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ അവസ്ഥ മാറ്റാൻ ആവശ്യമായ നടപടി ഉണ്ടാകണം. നമുക്ക് വരേണ്ടുന്ന നികുതി പിരിച്ചെടുക്കാൻ ആവശ്യമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. എറണാകുളത്തെ വീഗാലാന്റിന്റെ കാര്യം എടുക്കുകയാണെങ്കിൽ 8 കോടി രൂപയാണ് വിനോദ നികുതിയിനത്തിൽ പഞ്ചായത്തിനും അതുപോലെ സംസ്ഥാന ഗവൺമെന്റിനും വരേണ്ടത്. അവർ ഹൈക്കോടതിയെ സമീപിച്ചു, ഹൈക്കോടതി ഇടപെട്ടതുകൊണ്ട് 6 കോടി രൂപയാക്കി ചുരുക്കി. ആ 6 കോടി രൂപതന്നെ വാങ്ങിച്ചെടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കാൻ സാധിച്ചോ? ഇല്ലെന്നാണ് സഭയിൽ തന്നിട്ടുള്ള മറുപടിയിൽ പറയുന്നുണ്ട്, 6 കോടി രൂപപോലും കൃത്യമായി വാങ്ങിച്ചെടുക്കാൻ കഴിയുന്നില്ല. ഇങ്ങനെ സർക്കാരിലേയ്ക്ക് വരേണ്ടുന്ന, സർക്കാരിന് ന്യായമായും ലഭ്യമാകേണ്ടുന്ന വരുമാനം പിരിച്ചെടുക്കുന്നതിൽ ധനകാര്യവകുപ്പ്, ബന്ധപ്പെട്ട സംവിധാനം ഫലപ്രദമായി ഇടപെടുന്നില്ല. ഇടപെടാതിരിക്കുന്നതിനു പുറമേ ഫിനാൻസ് ബില്ലിൽപ്പോലും സാധാരണക്കാരുടെ മുതുകത്ത് അധികഭാരം വരുന്ന നിലയിലുള്ള വമ്പിച്ച ഭാരം ഏൽപ്പിക്കാനുള്ള സമീപനമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. ഞങ്ങളുടെ ജില്ലയെ പൂർണ്ണമായും അവഗണിച്ച ഒരു ബജറ്റാണിത്. ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ പറഞ്ഞതാണ്, കാസർഗോഡ് ജില്ലയെ പൂർണ്ണമായും അവഗണിച്ചു എന്ന് 4 കോടി രൂപ ചെലവിൽ കാസർഗോഡ് ജില്ലാ ആശുപത്രിക്ക് കെട്ടിടം ഉണ്ടാക്കിയിട്ട് നാലു കൊല്ലം കഴിഞ്ഞു. ഒരു താലൂക്ക് ആശുപത്രിയുടെ സ്ട്രെംഗ്ത് പോലുമില്ലാത്തതാണ് കാസർഗോഡ് ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ. ആ സ്റ്റാഫ് പാറ്റേൺ ഒന്നു മാറ്റി ഒരു ജില്ലാ ആശുപത്രിക്ക് ഉപകരിക്കുന്ന നിലയിലുള്ള സ്റ്റാഫ് പാറ്റേൺ സൃഷ്ടിച്ച് ആ ജില്ലാ ആശുപത്രി കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്യാനാവശ്യമായ സംവിധാനം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഞങ്ങൾ സമീപിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കാസർഗോഡ് ജില്ലയിലെ ലക്ഷക്കണക്കിന് സാധാരണ മനുഷ്യന്റെ രോദനം കേൾക്കുന്ന ആളുകളുടെ കർണ്ണങ്ങളിൽ ഇനിയും പതിയുന്നില്ല എന്നു പറഞ്ഞാൽ ഞങ്ങൾക്ക് അതിൽ ശക്തമായ അമർഷമുണ്ട്. അതിനെ സംബന്ധിച്ച് ഒരു വാക്ക് പറയാൻ ഇവിടെ തയ്യാറായില്ല. കാസർഗോഡ് ജില്ലയോട് ഈ ബജറ്റ് പൊതുവേ അവഗണനയാണ് കാണിച്ചിട്ടുള്ളത്. ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്റ്റാഫിനെ നൽകുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബാബു:</u> സർ, ഞാൻ ഈ ധനകാര്യബില്ലിനെ പിൻതാങ്ങുകയാണ്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ അധികം നികുതി ഒരു മേഖലയിലും ചുമത്താൻ സാദ്ധ്യമല്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കേരളത്തിലെ സാഹചര്യങ്ങൾ എല്ലാം കണക്കിലെടുത്തുകൊണ്ട് പ്രായോഗികമായ നികുതി നിർദ്ദേശങ്ങളും ബഡ്ജറ്റുമാണ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സ്പീക്കറായിരുന്നപ്പോൾ നമുക്കറിയാം കൃത്യം 1.30 ന് സഭ പിരിയും. വാച്ച് വേണമെങ്കിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നു, ആ നിലയിലായിരുന്നു. ആ നിഷ്ഠ ഇത്തവണത്തെ ബഡ്ജറ്റിൽ ഉണ്ട്. അതുപോലെതന്നെ ഈ ബഡ്ജറ്റിലൂടെ, ധനകാര്യബില്ലിലൂടെ പ്രഖ്യാപിച്ചിട്ടുള്ള ടാക്സ് പിരിച്ചെടുക്കുന്ന കാര്യവും ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടി അദ്ദേഹത്തിന് പാലിക്കാൻ സാധിക്കും എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. സ്വാഭാവികമായിട്ടും ഒരു പുതിയ നിയമനിർമ്മാണം വരുകയും കെ. ജി. എസ്. ടി. യിൽ നിന്ന് വാറ്റിലേയ്ക്ക് കടക്കുകയും ചെയ്യുമ്പോൾ ജനങ്ങൾക്ക്, പ്രത്യേകിച്ചും വ്യാപാര സമൂഹത്തിന് ഒരു ആശങ്കയുണ്ടാകും. ആ ആശങ്ക എങ്ങനെ അകറ്റാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. പശ്ചിമ ബംഗാൾ ധനകാര്യമന്ത്രി അസിംദാസ് ഗുപ്ത കൺവീനറായിട്ടുള്ള ടാസ്ക് ഫോഴ്സാണ് ഇത് ദേശീയടിസ്ഥാനത്തിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബംഗാൾ ധനകാര്യമന്ത്രി കൺവീനറായുള്ള ഒരു കമ്മിറ്റി നടപ്പിലാക്കുന്ന വാറ്റ് നിയമം കേരളത്തിൽ എങ്ങനെ ഒഴിവാക്കാൻ സാധിക്കും?. അല്ലെങ്കിൽ ദേശീയ സാഹചര്യത്തിൽ നിന്ന് എങ്ങനെ കേരളത്തിന് വിട്ടുനിൽക്കാൻ സാധിക്കും? അങ്ങനെ സാദ്ധ്യമല്ല എന്നുള്ളത് എല്ലാവർക്കും അറിയാം. എന്നാലും മാർക്സിസ്റ്റ് പാർട്ടി ഇത് ഇവിടെ നടപ്പിലാക്കുന്നവർക്ക് അനുകൂലമായ ഒരു നടപടി സ്വീകരിക്കുകയാണ്. ഇത് ഇരട്ടത്താപ്പാണ്. ഏഴായിരം കോടി രൂപയായിരുന്നു കഴിഞ്ഞ പ്രാവശ്യം ടാർജറ്റ് നിശ്ചയിച്ചിരുന്നത്. അതിൽ 4,300 കോടി രൂപ പിരിച്ചുകഴിഞ്ഞു, ഇനിയും രണ്ട് മാസം കൂടിയുണ്ട്. ഈ വർഷം 8,000 കോടിരൂപയാണ് ടാക്സ് പിരിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെ പിരിച്ചെടുക്കണമെങ്കിൽ, ഈ ടാർജറ്റ് അച്ചീവ് ചെയ്യണമെങ്കിൽ തീർച്ചയായിട്ടും അതിൽ നമ്മുടെ ഡിപ്പാർട്ടുമെന്റ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ പത്രത്തിൽ നികുതിവിവര ശൃംഖല രണ്ടാംഘട്ടം വരുന്നു, കേൽക്കർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഇവിടെ നികുതി റിട്ടേൺ ഇന്റർനെറ്റിലൂടെ ഫയൽ ചെയ്യാനുള്ള സംവിധാനം വരാൻ പോകുന്നു, നികുതി നിർദ്ദേശങ്ങൾ വളരെ ലളിതമാക്കിക്കൊണ്ട്, സുതാര്യമാക്കിക്കൊണ്ട് ഇന്റർനെറ്റ് സംവിധാനം കൂടി ഉപയോഗിച്ചുകൊണ്ട് ഇവിടെ നികുതി റിട്ടേൺ ഫയൽ ചെയ്യാനുള്ള സംവിധാനം കേന്ദ്ര ഗവൺമെന്റ് വിഭാവന ചെയ്യുകയാണ്. ആ രൂപത്തിൽ സംസ്ഥാനത്ത് ടാക്സസ് ഡിപ്പാർട്ടുമെന്റിനെ സജ്ജമാക്കാനും എല്ലാ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ട് നികുതി നിർദ്ദേശങ്ങൾ ലളിതമാക്കിക്കൊണ്ട് സുതാര്യമാക്കി നികുതി അടയ്ക്കുന്നവരെ ഹറാസ് ചെയ്യാതെതന്നെ നികുതി പരമാവധി പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതായിട്ടുണ്ട്. ഇന്നലെ സെറ്റിൽമെന്റ് കമ്മീഷനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. സെറ്റിൽമെന്റ് കമ്മീഷൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ട് കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ ഇന്നത്തെ ഏറ്റവും വലിയ ശാപം എന്നുപറയുന്നത് കെട്ടിക്കിടക്കുന്ന കേസുകളാണ്. ആയിരക്കണക്കിന് കോടി രൂപയുടെ കേസുകളാണ് കെട്ടിക്കിടക്കുന്നത്. അതുകൊണ്ട് സെറ്റിൽമെന്റ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് കെട്ടിക്കിടക്കുന്ന നികുതി പിരിച്ചെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മഹാരാഷ്ട്രയിൽ വാറ്റ് വരുമ്പോൾ നിലവിലുള്ള കേസുകൾ

LIBRARY ARCHIVES Kerala Legislative Assembly

തീർത്ത് നികുതി കുടിശിക പിരിച്ചെടുക്കുന്നതിനുവേണ്ടി ഒരു വൺ ടൈം സെറ്റിൽമെന്റ് സ്കീം കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ കേരളത്തിലും വൺ ടൈം സെറ്റിൽമെന്റ് സ്കീം ഉണ്ടായിരുന്നു. കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഫിനാൻസ് ബില്ലിൽ അങ്ങനെ ഒരു നിർദ്ദേശവും ഉണ്ടായിരുന്നു. അത് സെയിൽസ് ടാക്സിനുവേണ്ടി മാത്രമായിരുന്നു. ഇപ്രാവശ്യം അങ്ങനെ ഒരു നിർദ്ദേശം ഉണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഒരു വൺ ടൈം സെറ്റിൽമെന്റ് സ്കീം ഗവൺമെന്റ് കൊണ്ടുവരണം. മഹാരാഷ്ട്രയിൽ അങ്ങനെ ഒരു സ്കീം ഉണ്ട്. കഴിഞ്ഞ പ്രാവശ്യം ഇവിടെ സെയിൽസ് ടാക്സിനുവേണ്ടി മാത്രം അങ്ങനെ ഒരു സ്കീം ഉണ്ടായിരുന്നു. എന്റെ അഭിപ്രായത്തിൽ വാറ്റിലേയ്ക്ക് കടക്കുന്ന ഘട്ടത്തിൽത്തന്നെ എല്ലാത്തരം കുടിശ്ശികയും സെറ്റിൽ ചെയ്യുന്നതിനുവേണ്ടി വൺ ടൈം സെറ്റിൽമെന്റ് കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കണം. ഗോതമ്പും അരിയും കഴിഞ്ഞ പ്രാവശ്യം ഒരു ശതമാനം ഫസ്റ്റ് ഷെഡ്യൂളിലാണ് ഉൾപ്പെട്ടിരുന്നത്. ഇത്തവണ അതൊരു ഒമിഷൻ ആണോ എന്നറിയില്ല, പരാമർശിച്ചിട്ടില്ല എന്നാണ് തോന്നുന്നത്. അതിന്റെ സ്ഥിതി എന്താണെന്നുള്ളത് വ്യക്തമാക്കണം. അതുപോലെ തന്നെ റബ്ബർ ഇൻഡസ്ട്രിയുടെ റാ മെറ്റീരിയൽ എന്നുള്ള നിലയിൽ റബ്ബറിന് 4 ശതമാനമാണ് ടാക്സ് നിർണ്ണയിച്ചിട്ടുള്ളത്. ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽ അല്ലെങ്കിൽ അതിന് ടാക്സ് എത്രയാണെന്ന് വ്യക്തമാക്കണം. അതിന് ബില്ലിൽ വ്യക്തതയില്ല എന്നാണ് എന്റെ അഭിപ്രായം. കാർഷികാദായ നികുതി മാക്സിമം റേറ്റ് കഴിഞ്ഞ പ്രാവശ്യം 35 ശതമാനമായിരുന്നു, ഇപ്രാവശ്യം അത് 50 ശതമാനം വരെ ആക്കി മാറ്റിയിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യം പരിശോധിക്കണം. കാർഷികാദായ നികുതിയിനത്തിലുള്ള മൊത്തം വരുമാനമായി നിശ്ചയിച്ചിരുന്നത് 10 കോടി രൂപയാണ്. ഇതിൽ 9 കോടിരൂപയും കമ്പനികളിൽ നിന്നും കോർപ്പറേഷൻ മാനേജ്മെന്റുകളിൽനിന്നുമാണ് പിരിക്കുന്നത്. ബാക്കി ഒരു കോടി രൂപയാണ് സാധാരണ കൃഷിക്കാരിൽ നിന്നും വ്യക്തികളിൽ നിന്നും കളക്ട് ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ ഒരു കോടി രൂപ ഉപേക്ഷിക്കാൻ തീരുമാനിച്ചുകൂടേ? സംസ്ഥാനത്തുനിന്ന് ഈ ഒരു കോടി രൂപ പിരിച്ചെടുക്കാൻവേണ്ടി ഉദ്യോഗസ്ഥ സംവിധാനങ്ങളെല്ലാം ഉപയോഗപ്പെടുത്തണമോ? അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. മറ്റൊരു കാര്യം 50 ലക്ഷം രൂപവരെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാരെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഒരു ശതമാനം നികുതി നിശ്ചയിച്ചിരിക്കുകയാണ്. ഒരു ശതമാനം നികുതി അവർ അടയ്ക്കണം; ഇത് ടാക്സ് കൺസ്യൂമറിൽ നിന്ന് പിരിക്കാൻ പാടില്ല, എന്നാൽ ഒരു ശതമാനം അടയ്ക്കുകയും വേണം. ഇപ്പോഴത്തെ നിയമം അനുസരിച്ച് ഇവരുടെ കൈയിൽ നിന്നുതന്നെ അടയ്ക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്. അക്കാര്യം വ്യക്തമാക്കണം. മറ്റൊരു കാര്യം, ഇവിടെ ഹോട്ടലുകളുടെ കാര്യത്തിൽ ചെറുകിട ഹോട്ടലുകൾക്ക് 5 ലക്ഷം രൂപവരെ ടാക്സ് ഇല്ല, നല്ല നിർദ്ദേശമാണ്. അതോടൊപ്പം തന്നെ ഒരു പ്രശ്നമുണ്ട്, കഴിഞ്ഞ പ്രാവശ്യം അര ശതമാനമായിരുന്ന നികുതി ഇപ്പോൾ ഒരു ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. അതിന്റെകൂടെ ഒരു പ്രത്യേകതയുള്ളത്, കഴിഞ്ഞ വർഷം അഞ്ച് ലക്ഷം രൂപവരെ ടാക്സുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ നിർദ്ദേശം അനുസരിച്ച് അഞ്ചു ലക്ഷം രൂപയ്ക്കു മുകളിൽ അഞ്ച് ലക്ഷത്തി അഞ്ഞൂറു രൂപ ആയാലും മൊത്തം സംഖ്യയ്ക്ക് ഈ ഒരു ശതമാനം ടാക്സ് അടയ്ക്കേണ്ടിവരും. അഞ്ചു ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ ഒതുക്കി നിർത്താൻ ചെറുകിട ഹോട്ടലുകാർ തയ്യാറാകും. അതിന്റെ പ്രയാസം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ചെറുകിട ഹോട്ടലുകളെന്ന് പറയുമ്പോൾ ഒരു ചെറിയ ഹോട്ടലിൽ 10-15 പേർക്ക് ജോലിയുണ്ടാകും. കേരളത്തിൽ ധാരാളം ചെറുകിട ഹോട്ടലുകൾ വരുന്നുണ്ട്. സ്റ്റാർ ഹോട്ടലുകളെയല്ല, ചെറുകിട ഹോട്ടലുകളെയാണ് ഞാൻ ഉദ്ദേശിച്ചത്. അങ്ങനെയുള്ള ഹോട്ടലുകളെ ഇത് എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്നുള്ളത് പരിശോധിക്കണം. പുതിയ നികുതി നിയമത്തിൽ എക്സംപ്ഷൻ കൊടുക്കാനുള്ള കെ.ജി.എസ്.ടി. ആക്ടിന്റെ പത്താം വകുപ്പ് എടുത്തു കളഞ്ഞിരിക്കുകയാണ്. പുതിയതായി സൗജന്യം കൊടുക്കാനോ പുതിയതായി നികുതി നോട്ടിഫൈ ചെയ്യാനോ ഒന്നുമുള്ള അവകാശം ഗവണ്മെന്റിനില്ല. കൂട്ടാനോ കുറയ്ക്കാനോ ഉള്ള അവകാശം വേണ്ടെന്നുവച്ചു. എക്സംപ്ഷൻ കൊടുക്കാനുള്ള അധികാരം വേണ്ടെന്നുവച്ചത് ഗവണ്മെന്റ് സദുദ്ദേശ്യത്തോടുകൂടി ചെയ്തിട്ടുള്ളതാണ്. സമ്മർദ്ദങ്ങൾ വരാതിരിക്കാൻവേണ്ടി. സൗജന്യം കൊടുക്കേണ്ട. പക്ഷേ, അവകാശം എടുത്തു കളയേണ്ട കാര്യമുണ്ടോ? ഇപ്പോഴത്തെ സാഹചര്യത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവും മറ്റും വരുന്നുണ്ട്. അപ്പോൾ ഗവണ്മെന്റിന് എക്സംപ്ഷൻ കൊടുക്കാനുള്ള അധികാരം ഉറപ്പുവരുത്താനാണ് കെ.ജി.എസ്.ടി. ആക്ടിന്റെ പത്താം വകുപ്പ്. ആ പത്താം വകുപ്പ് ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്. സൗജന്യം കൊടുക്കേണ്ട ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കൊടുക്കേണ്ടിവന്നാൽ അതിനുള്ള അധികാരം ഗവണ്മെന്റിന് വേണ്ടേ? അത് എടുത്തുകളഞ്ഞിരിക്കുകയാണ്. പലിശ കുടിശ്ശികയുടെ കാര്യത്തിൽ, 24 ശതമാനമായിരുന്നു കുടിശ്ശികയുള്ള പലിശ. അത് 12 ശതമാനമായി കുറച്ചു എന്നുള്ളത് ഒരു വലിയ കാര്യമാണ്. നമ്മുടെ നാട്ടിലെ ടാക്സ് പേയേഴ്സിന് നൽകുന്ന വലിയ ഒരു ആശ്വാസ പദ്ധതിയാണ്. തീർച്ചയായിട്ടും പലിശയുടെ പലിശ 12 ശതമാനമായി കുറയ്ക്കാനുള്ള തീരുമാനം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രായോഗികവും ജനങ്ങൾക്ക് ആശ്വാസവും നൽകുന്ന ഒന്നാണ്. ബഡ്ജറ്റിന്റെ കാര്യത്തെക്കുറിച്ച് ഒരു വാക്ക് പറയുകയുണ്ടായി. അങ്ങ് പ്രഖ്യാപിച്ച ബഡ്ജറ്റിൽ സഹോദരൻ അയ്യപ്പൻ റോഡിനുവേണ്ടി ഒരു കോടി രൂപയും കൊച്ചി നഗരത്തിന്റെ വികസനത്തിനുവേണ്ടി രണ്ട് കോടി രൂപയും പ്രഖ്യാപിച്ചു. അത് വളരെ സ്വാഗതാർഹമാണ്. അങ്ങനെ ഞാൻ കൊച്ചി നഗരവാസികൾക്കുവേണ്ടി അനുമോദിക്കുകയാണ്. അതോടൊപ്പം തന്നെ കൊച്ചിയുടെ പ്രശ്നം, കൊച്ചിയിൽ ഇപ്പോൾ ധാരാളം പദ്ധതികൾ വരുന്നുണ്ട്. സമയക്കുറവുമൂലം പദ്ധതികളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഈ പദ്ധതികളെല്ലാം വരുന്നത് സ്വാഗതാർഹമാണ് എന്നുള്ളതോടൊപ്പം കൊച്ചിയിൽ ഗൗരവമേറിയ ഒരു പ്രശ്നമുണ്ട്. കൊച്ചി ഇപ്പോൾത്തന്നെ ശ്വാസം മുട്ടുകയാണ്. കൊച്ചി ഒരു പ്ലാൻഡ് സിറ്റിയല്ല. കൊച്ചി സ്വയം വളർന്നുവന്ന ഒരു നഗരമാണ്. അതുകൊണ്ട് കൊച്ചിയിൽ പുതിയ സംവിധാനങ്ങൾ വരുമ്പോൾ കൊച്ചിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി, ഒരു കൃാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് അതോറിറ്റി തിരുവനന്തപുരത്തുള്ളതുപോലെ അവിടെ രൂപീകരിക്കുന്നത് സ്വാഗതാർഹമാണ്. ഈ പ്രശ്നംകൂടി ഗവണ്മെന്റ് ഗൗരവമായി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ ആശങ്കകൾ ഉണ്ടായിരുന്ന സംസ്ഥാന ലോട്ടറി പുനഃസ്ഥാപിക്കുകയും ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ ബിൽ കൊണ്ടുവരികയും ചെയ്യുമെന്ന ഗവണ്മെന്റിന്റെ തീരുമാനം സ്വാഗതാർഹമാണ്. അക്കാര്യത്തിൽ വളരെ ആശങ്കകളുണ്ടായി. ഈ ഗവണ്മെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് വളരെയേറെ വിമർശനങ്ങളുണ്ടായി. ഏതായാലും ഓൺ ലൈൻ ലോട്ടറി നിരോധിക്കാനുള്ള ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാന ലോട്ടറികൂടി അതിന്റെ കൂട്ടത്തിൽ നിരോധിച്ചത് എന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയാൻ പ്രതിപക്ഷത്തിനും കേരളത്തിലെ ജനങ്ങൾക്കും ഈ സഭാ സമ്മേളനത്തിൽത്തന്നെ അവസരം ഉണ്ടാകുമെന്നുള്ളത് വളരെ ശുഭസൂചകമാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.പി. വിശ്വനാഥൻ രാജിവച്ചു. അദ്ദേഹം രാജിവച്ചത് ജനാധിപത്യ ചരിത്രത്തിൽ ഏറ്റവും ഉദാത്തമായ മാതൃകയാണ്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത് എന്നാണ് നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കാൻവേണ്ടി രാജിവച്ചതു കൊണ്ട് സംസ്ഥാനത്ത് പുകമറ വേണ്ടെന്ന അദ്ദേഹത്തിന്റെ തീരുമാനം സ്വാഗതാർഹമാണ്. കോടതിയെ സംബന്ധിച്ച് ഇന്നൊരു പത്രത്തിൽ ഒരു എഡിറ്റോറിയലുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല. ഈ കേസിന്റെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമാകാനും സത്യം കണ്ടെത്താനുമുള്ള ഒരു ശ്രമം കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടേ എന്ന് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഇന്നലെ പ്രതിപക്ഷാംഗങ്ങൾ ആയുധധാരികളായിട്ടാണ് ഇവിടെ വന്നത്. ഈ സർക്കാരിനെ ആക്രമിച്ച്, ഈ സർക്കാരിന്റെ ചോര കുടിക്കാനുള്ള ആർത്തിയോടുകൂടിയാണ് വന്നത്. പക്ഷേ, ഇന്നലെ നിങ്ങൾ നിരായുധമായി പോയത് ഞങ്ങൾ കണ്ടു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> പ്രതിപക്ഷം കോടതി വിധിയുമായി ബന്ധപ്പെട്ട് എടുത്ത നിലപാടിനെക്കുറിച്ചാണ് ശ്രീ. കെ. ബാബു ഇന്നലെ സൂചിപ്പിച്ചത്. ഹൈക്കോടതിയുടെ പരാമർശത്തെക്കുറിച്ച് വാനോളം പുകഴ്ത്തി ഇന്നലെ ഇവിടെ സംസാരിക്കുകയുണ്ടായി. അതേസമയം തലശ്ശേരിയിൽ ജയകൃഷ്ണൻ മാസ്റ്ററെ കൊലപ്പെടുത്തിയ സംഭവത്തിൽ കോടതി ശിക്ഷിച്ചപ്പോൾ കോടതി വളപ്പിൽ പോയി പ്രകടനം നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ബാബു:</u> ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി എന്റെ സമയം കൂടുതൽ എടുത്തു എന്നുള്ളത് വളരെ തെറ്റായിപ്പോയി. എന്നാൽ ചോദ്യം വളരെ പ്രസക്തമാണ്. കോടതിയോടുള്ള ആദരവ് ഏതെങ്കിലുംകാലത്ത് മാർക്സിസ്റ്റ് പാർട്ടി കാണിച്ചിട്ടുണ്ടോ? ഇന്നത്തെ പത്രത്തിൽ ഒരു എഡിറ്റോറിയലുണ്ട്. നായനാർ സർക്കാരിന്റെ കാലത്ത് പ്ലസ്ടു-വിന്റെ ക്രമംവിട്ട നടപടികൾക്കെതിരെ ഹൈക്കോടതിയുടെ രൂക്ഷമായ വിമർശനം തുടരെ ഉണ്ടായിട്ടും ഒരു മനസ്സാക്ഷിക്കുത്തും അന്ന് ഭരണക്കാർക്കുണ്ടായില്ല എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. മനസ്സിലായോ? എത്ര കണ്ടംപ്റ്റ് ഓഫ് കോർട്ട് നിങ്ങൾക്കെതിരായിവന്നു. നിങ്ങൾ ഒന്നും ചെയ്തില്ലല്ലോ? ഇനി ഞാൻ വേറൊരു കാര്യം പറയട്ടേ! ഇപ്പോൾ ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി പറഞ്ഞ കാര്യം. ആദ്യം ജയകൃഷ്ണൻ മാസ്റ്റർ കേസിന്റെ വിധിവന്നു. അതിൽ അഞ്ചു പേരെ തൂക്കിക്കൊല്ലാൻ തലശ്ശേരി കോടതി വിധിച്ചു. നിങ്ങൾ പ്രകടനം നടത്തി. പിന്നെ പന്ന്യന്നൂർ ചന്ദ്രൻ കേസ് വന്നു. 9 മാർക്സിസ്റ്റുകാരെ തൂക്കിക്കൊല്ലാൻ വിധിച്ചു. നിങ്ങൾ തലശ്ശേരി ടൗണിൽ എന്ത് മുദ്രാവാക്യം വിളിച്ചു? "കൊല്ലും ഞങ്ങൾ, കൊല്ലും ഞങ്ങൾ, കൊല്ലേണ്ടവരെ കൊല്ലും ഞങ്ങൾ" എന്നാണ് മുദ്രാവാക്യം വിളിച്ചത്. എന്ന് മാത്രമല്ല, നിങ്ങൾ തലശ്ശേരി ടൗണിൽ കോടതി വിധിക്കെതിരായി പ്രകടനം നടത്തി. കോടതി വിധിയെ ചോദ്യം ചെയ്തു. കോടതി വളപ്പിൽ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കോടതി വിധിക്കെതിരെ പ്രകടനം നടത്തി. .....(ബഹളം).....എനിക്ക് സംരക്ഷണം വേണം. നിങ്ങൾ ഏതെങ്കിലും കാലത്ത് ഏതെങ്കിലും കോടതി വിധിയെ മാനിച്ചിട്ടുണ്ടോ? ഇന്നുണ്ടായ ഒരു സംഭവം പറയാം. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കോടതി ഇടപെടുന്നതിനെക്കുറിച്ച് വളരെയേറെ വിമർശിച്ച് നേരത്തെ സംസാരിച്ചു. ഇന്നലെ കോടതി വീണ്ടി അനുകൂലമായപ്പോൾ പൊക്കിപ്പിടിച്ചു. ഇന്ന് കോടതിവിധിക്കെതിരായി പറഞ്ഞു. ഞാൻ അതിന്റെ മെറിറ്റിലേക്ക് പോകുകയല്ല. നിങ്ങളുടെ ഇരട്ടത്താപ്പ്. ആന്ധ്രാ അരികുംഭകോണം മുതൽ ഇതുവരെയുള്ള എല്ലാ കോടതിവിധികളും നിങ്ങളുടെ സൗകര്യത്തിനുവേണ്ടിമാത്രം ഉപയോഗിച്ചിട്ടുള്ളവരാണ് നിങ്ങൾ. നിങ്ങൾക്ക് ശ്രീ. കെ. പി. വിശ്വനാഥന്റെ രക്തത്തിന് ദാഹിക്കാനുള്ള അർഹതയില്ല. ഞാൻ ഒരു പത്രവാർത്ത വായിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയാണ്. യു.ഡി.എഫ്. എപ്പോഴെല്ലാം അധികാരത്തിൽ വന്നോ അപ്പോഴെല്ലാം സമ്പന്നരെ സഹായിക്കുന്ന നയമാണ് പുലർത്തുന്നത്. ഇത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസ്താവനയാണ്. മലപ്പുറത്തുനിന്നും സഖാവ് ബാലാനന്ദന്റെ ഒരു പ്രസ്താവനയുണ്ട്. കേരളത്തെ അരാഷ്ട്രീയവൽക്കരിച്ച് മുതലാളിമാർക്ക് കാഴ്ചവയ്ക്കാനാണ് നാലാം ലോകവാദികളുടെ ശ്രമം. അവരെ പാർട്ടിയിൽനിന്നും പുറത്താക്കിയിട്ടുണ്ട്. ഇതിൽ കൂടുതൽ പ്രതികളുണ്ടോയെന്ന് ഇനിയും പരിശോധിക്കും. അത്തരക്കാരോട് യാതൊരു ദാക്ഷിണ്യവും കാട്ടില്ല. നാലാംലോകവാദികളെ പരലോകത്തെത്തിക്കുമെന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. ബാലാനന്ദനും പറയുന്നത്. മൈക്രോസോഫ്റ്റിനെതിരെ വലിയ പ്രചരണം നടക്കുന്നുണ്ട്. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. 1999 ജൂൺ 11-ലെ മലയാള മനോരമ ദിനപത്രം വായിക്കണം കംപ്യൂട്ടർവൽക്കരണം സർക്കാരിന് പ്രിയം വിദേശകമ്പനി. കംപ്യൂട്ടർ രംഗത്തെ രാജ്യാന്തര അമേരിക്കൻ ഭീമനായ മൈക്രോസോഫ്റ്റിന്റെ ഉൽപ്പന്നങ്ങൾ വാങ്ങാൻ ടെണ്ടർ ക്ഷണിക്കാതെ ഗവണ്മെന്റ് അവസരം ഒരുക്കുന്നു. സി.പി.ഐ. (എം), ശാസ്ത്ര-സാഹിത്യ പരിഷത് പ്രവർത്തകരുടെ നിയന്ത്രണത്തിലുള്ള പത്രം നോക്കാം. സി-ഡിറ്റ് വഴിയാണ് മൈക്രോസോഫ്റ്റ് കേരളത്തിലെ കംപ്യൂട്ടർ വിപണിയിൽ കാലുറപ്പിക്കുന്നത്. ഇവിടെ, Minutes of the IT @ School Project Co-ordination Group meeting held at 2.00 p.m. on 16th November at the Chamber of the Secretary, General Education, Secretariat Annexe. അതിനകത്ത് തീരുമാനമായിട്ട്, item number 2, The computer training programme—The training programme was discussed by the PCG. The offer from INTEL to train the trainers was approved by the group. It was verified that the action group for teachers..... ഇത് അദ്ധ്യാപകരെ കംപ്യൂട്ടർ പരിശീലിപ്പിക്കാൻ മൈക്രോസോഫ്റ്റുമായി ചേർന്ന പദ്ധതി. എട്ടാം ക്ലാസ്സുവരെ കംപ്യൂട്ടർ പഠനവിഷയമാക്കി. മൈക്രോസോഫ്റ്റിന്റെ സഹായം ഈ മേഖലയിൽ ഉപയോഗപ്പെടുത്തി. എ.ഡി.ബി.-യെ നിങ്ങൾ കൊണ്ടുവന്നു. നിങ്ങൾ എതിർത്തു. നിങ്ങളുടെ ഈ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ ധനകാര്യബില്ലിന്റെ ഉള്ളിൽനിന്നു കൊണ്ടാണ് സംസാരിക്കുന്നത്. ഇതിലുള്ള ചില പോരായ്മകൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മാറ്റം വരുത്തുമെന്ന പ്രതീക്ഷയോടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റാമ്പ് ആക്ട്, കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട് (ചെറിയ തോതിലാണെങ്കിലും സെയിൽസ് ടാക്സ് നിൽക്കുമെന്ന് പറഞ്ഞതുകൊണ്ടാണ്), കേരള ടാക്സ് മാൻ ലക്ഷ്വറിയസ് ആക്ട്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്ട്, എൻട്രി ഓഫ് ഗുഡ്സ് ഇൻ ലോക്കൽ ഏരിയാസ് ആക്ട്, വാല്യൂ ആഡഡ് ടാക്സ്. ഈ ആറ് ആക്ടിലും വാല്യൂ ആഡഡ് ടാക്സിന്റെ മിനിസ്റ്റർക്ക് കുറച്ചുകൂടി ചർച്ച ചെയ്യാനും പഠിക്കാനുമുള്ള അവസരം ഉണ്ടാകുന്നത് നന്നായിരിക്കും എന്നുള്ള അഭിപ്രായമുണ്ട്. പ്രത്യേകിച്ച് മിനിസ്റ്റർ തന്നെ മുൻകൈ എടുത്ത് കൂടുതൽ ചർച്ചയ്ക്കുള്ള അവസരം ഉണ്ടാക്കിയാൽ നന്നായിരിക്കും. കാരണം തുടക്കമായതുകൊണ്ട് ഒത്തിരി പ്രായോഗികമായ പ്രശ്നം. വരുന്നുണ്ട്. വ്യാപാരി വ്യവസായികൾ ഒറ്റക്കെട്ടായി വാറ്റിനെതിരായിട്ടുള്ള സമരത്തിലാണ്. അന്ന് നിയമസഭയിലും വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്ക് അവസരം ഉണ്ടായില്ല. ഞങ്ങൾ ഒരുപാട് അമെന്റ്മെന്റ്സ് കൊടുത്തു. അന്നത്തെ സാഹചര്യത്തിൽ പെട്ടെന്ന് സഭ പിരിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത്, കുറച്ചുകൂടി പഠിക്കാൻ ശ്രമിക്കണം. പ്രായോഗികമായി വരുമ്പോൾ സ്റ്റേറ്റിന്റെ താൽപര്യം നോക്കണം. ചെറുകിട കച്ചവടക്കാരുടെ താൽപര്യം നോക്കണം. ആ രീതിയിൽ ചർച്ചയ്ക്ക് അവസരം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ടാക്സ് നിശ്ചയിച്ചപ്പോഴുള്ള പൊതുതത്വം പ്രോഗ്രസീവ് ടാക്സേഷനാണ്. പ്രോഗ്രസീവ് ടാക്സേഷനെന്ന് പറയുന്നത് വരുമാനാനുപാതിക നിരക്ക് നിശ്ചയിക്കുക എന്നുള്ളതാണ്. കൂടുതൽ വരുമാനം ഉള്ളവരിൽനിന്നും കൂടുതൽ സമ്പന്നൻമാരിൽനിന്നും ടാക്സ് മാക്സിമം വാങ്ങി സ്റ്റേറ്റിന്റെ ടാക്സ് വരുമാനം വർദ്ധിപ്പിക്കണം. വരുമാനം കുറവുള്ള സാധനങ്ങളൊക്കെ വരുമ്പോൾ ടാക്സ് പരമാവധി കുറച്ചുകൊണ്ടു വരണം. വരുമാനാനുപാതിക നികുതി നിശ്ചയിക്കുക എന്നതിൽ ചില ഗൗരവപ്പെട്ട വിഷയമുണ്ട്. അതിനെ സംബന്ധിച്ച് പ്രത്യേകിച്ച് സ്റ്റാമ്പ് ആക്ടിലും ലക്ഷ്വറിയസ് ടാക്സിലുമായി പരിശോധിക്കേണ്ടതുണ്ട്. കാരണം ഇതിൽ വരുമാനക്കുടുതലുള്ളവർക്കും, സമ്പന്നന്മാർക്കും ഏറ്റവും പാവപ്പെട്ടവർക്കും ഒരേ ഗണത്തിൽ ഒരേ രീതിയിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. അതിൽ ഏത് രീതിയിലാണ് നമുക്ക് മാറ്റം വരുത്താൻ കഴിയുക! വരുമാനക്കുടുതലുള്ളവരിൽനിന്നും പരമാവധി ടാക്സ് ഈടാക്കണം. ഈടാക്കുന്നതിനാനുപാതികമായി പാവപ്പെട്ടവരിൽനിന്നും കുറയ്ക്കണം. ആ തത്വത്തിൽ എടുക്കണം. അഭിപ്രായവ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ല. സ്റ്റാമ്പ് ആക്ട് അനുസരിച്ച് 80 കോടി രൂപയും 100 കോടി രൂപയും മുടക്കി നഗരത്തിൽ സ്ഥലം വാങ്ങുക. നാലും അഞ്ചും ഇരട്ടി ഉയർന്ന നിരക്കിൽ വില കൊടുത്താണ് സ്ഥലം വാങ്ങുക. 100 കോടി രൂപയുടേയും 50 കോടി രൂപയുടേയും വലിയ മൾട്ടി പ്രോജക്ടുകളും ഫ്ളാറ്റുകളും ഷോപ്പിംഗ് മഹലുകളും ദുബായിലും ഗൾഫ് രാജ്യങ്ങളിലുമുള്ളതുപോലെ രണ്ട് ലക്ഷം സ്ക്വയർ ഫീറ്റുള്ള കച്ചവട സ്ഥാപനങ്ങൾ ഉള്ളവരേയും നാലഞ്ച് സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കുക എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നവരേയും സ്റ്റാമ്പ് ആക്ടിൽ ഒരേ രീതിയിലാണ് ഉൾപ്പെടുത്തുന്നത്. ഇവരെ എങ്ങനെയാണ് ഇതിൽ നിന്നും മാറ്റാൻ കഴിയുക? 4 സെന്റും അഞ്ചു സെന്റും ഭൂമി വാങ്ങി വീടുവയ്ക്കാൻ നോക്കുന്നവരുടെ മേൽ ടാക്സ് വരാതെ നോക്കണം. അത് എങ്ങനെ കഴിയുമെന്ന് ആലോചിക്കണം. വലിയ പണം മുടക്കുള്ള ഫ്ളാറ്റുകൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ ഇവ കെട്ടുന്നവരുടെമേൽ ടാക്സ് വരട്ടെ ഒരു വീടെന്ന് പറയുന്നത് പാവപ്പെട്ടവന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ സ്വപ്നമായിരിക്കും. അവരെ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കണം. ഇതിൽ സബ് സെക്ഷൻ (2) പ്രകാരമുള്ള പട്ടിക മണ്ടെന്ന നിരക്കിനുള്ള സർച്ചാർജിനു പകരം 100-ന് കുറച്ച് നിരക്ക് കൂട്ടാം. ആറ് നിരക്കുള്ള സർച്ചാർജ്ജ് ഈടാക്കാനാണ് സജസ്റ്റ് ചെയ്യുന്നത്. ഇതുപോലെ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലുമുള്ള വസ്തുക്കളുടെ കൈമാറ്റ വില; ഇതിൽ പറയുന്ന നിരക്കുകളിൽ നമുക്ക് മാറ്റാൻ കഴിയുമോ? എട്ടര രൂപ സർച്ചാർജ്ജ് ചുമത്താൻ ഉദ്ദേശിക്കുന്നതായി ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ സർച്ചാർജ് നിരക്ക് വയ്ക്കുമ്പോൾ പാവപ്പെട്ടവരെക്കൂടി ഒരേപോലെ എടുക്കരുത്. ഈ പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത്, ഗവണ്മെന്റിന്റെ വരുമാനം കുറയേണ്ട. അത് ഏത് വിധത്തിൽ നിരക്ക് നിശ്ചയിച്ചു കൊണ്ട് പറ്റുമെന്ന് ആലോചിക്കണം. ഇതുപോലെ വാണിജ്യാവശ്യങ്ങൾക്കല്ലാതെയുള്ള ലക്ഷ്വറിയസ് ടാക്സ് വരുമ്പോൾ ബുദ്ധിമുട്ടുവരുന്നുണ്ട്. ഞാൻ ഒന്നുകൂടി പറയാം, ഐകൃരാഷ്ട്ര സഭ ഏവർക്കും പാർപ്പിടം എന്നത് നയപ്രഖ്യാപനമായിട്ടെടുക്കുന്നുണ്ട്. കൂടുതൽ ഹൗസിംഗ് സ്കീമുകൾ അംഗീകരിച്ച് മൽസ്യത്തൊഴിലാളികൾക്കും, പാവപ്പെട്ട സാധാരണക്കാർക്കും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുമൊക്കെ വീടുണ്ടാക്കി കൊടുക്കുക എന്നത് നമ്മുടെ ഗവണ്മെന്റ് ഒരു നയമായിട്ടെടുത്ത് ഒത്തിരി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അത് പ്രാവർത്തികമാക്കുമ്പോൾ ഈ സ്റ്റാമ്പ് ആക്ടിൽ ഇത്തരം നികുതികളൊക്കെ, ആ തത്വത്തിൽ ഉൾക്കൊള്ളണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ശ്രീ. കെ. വി. കുഞ്ഞിരാമൻ സംസാരിച്ചപ്പോൾ പറഞ്ഞു, വലിയ ഹോട്ടലുകൾ നാട്ടിൻപുറത്തുപോലും വരികയാണ്. ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെടുന്ന സ്ഥിതിയുണ്ട്. ഗ്രാമപ്രദേശങ്ങളിൽപ്പോലും വലിയ ലക്ഷ്വറിയസ് ഹോട്ടലുകൾ വരുന്നുണ്ട് എന്ന്. ഒരു ചായയും രണ്ട് ബിസ്ക്കറ്റും കഴിച്ചാൽ 48 രൂപയാണ് മസ്ക്കറ്റ് ഹോട്ടലിലെ റേറ്റ്. നാട്ടിൻപുറങ്ങളിലെ ഇതുപോലെയുള്ള സ്ഥാപനങ്ങളിൽ വലിയ ടാക്സ് വരാതെ നോക്കണം. മൂവായിരവും അയ്യായിരവും രൂപയാണ് ഹാളിന്റെ വാടക. ഞങ്ങളുടെ നാട്ടിൽ പന്തലിടാൻ ആളില്ലാത്തതുകൊണ്ടാണോ? രണ്ട് സെന്റിലും നാല് സെന്റിലും എങ്ങനെ പന്തലിടും. കല്യാണം, കുട്ടിയുടെ ചോറുണ് അല്ലെങ്കിൽ പേരിടൽ, മരണാനന്തര ചടങ്ങുകൾ ഇവയൊക്കെ വരുമ്പോൾ കുറച്ച് ആളുകളെ വിളിക്കും. കുടുംബത്തിലുള്ള പത്തിരുന്നൂറ് ആളുകളെയാണ് ക്ഷണിക്കുന്നത്. അല്ലാതെ വോട്ടർ പട്ടിക നോക്കി നാട്ടിലുള്ളവർക്ക് മുഴുവനും ക്ഷണക്കത്തയയ്ക്കുകയല്ല. എം.എൽ.എ.-മാർക്ക് എന്ത് വിഷമമാണെന്നറിയാമോ? ചെന്നില്ലെങ്കിൽ പരാതി. ഒരു പരിചയവും കാണില്ല. ഇവിടെ അതല്ല കുടുംബക്കാരാണ്. 300-400 പേർ ഇരിക്കുന്ന ഒരു ഹാൾ. അതിന് ഇത്രയും വലിയ ടാക്സ് കൊടുക്കണോ? അവർ പഞ്ചായത്തിൽ ടാക്സ് കൊടുക്കുന്നുണ്ട്. അതിനുപുറമേ കേന്ദ്രത്തിന് കൊടുക്കുന്ന നികുതിയുണ്ടല്ലോ? അതിനുപുറമേ നമ്മൾ ഒരു നികുതികൂടി വയ്ക്കുമ്പോൾ അത് ഒരുപാടുപേരെ ബുദ്ധിമുട്ടിക്കുന്നതാണ്. അതിനുപകരം ഒരുപാട് വാടകയുള്ള എയർ കണ്ടീഷൻ ചെയ്ത ഹാളുകൾക്ക്, വലിയ ആർഭാടത്തോടെയുള്ള ഹാളുകൾക്ക് കൂട്ടി വച്ചോ. എത്ര ത്തോളം കൂട്ടാൻ പറ്റുമോ അത്രത്തോളം കൂട്ടണം. ഞങ്ങളുടെ പൂർണ്ണ പിന്തുണയുണ്ട്. മറിച്ച് സാധാരണക്കാർ ഉപയോഗിക്കുന്ന കൊച്ച് ഹാളുകളെ ഒഴിവാക്കണം. എന്നാൽ കൊടകര ഉൾപ്പെടെയുള്ള ചില ഗ്രാമ പ്രദേശങ്ങളിൽ ലക്ഷ്വറിയസ് ഹാളുകളുണ്ട്. ലക്ഷ്വറി ടാക്സിൽ ഏതൊക്കെ ഉൾപ്പെടുത്താൻ പറ്റും? ഒരു കല്യാണത്തിന് പോയപ്പോൾ 5 ലക്ഷം രൂപയുടെ പൂവാണ് അവിടെ ഉപയോഗിച്ചത്. കല്യാണത്തിന് വരുന്ന വർക്കൊക്കെ പൂവ് കൊടുക്കുന്നുണ്ട്. അതിനുംപുറമേ പൂവ് കൊണ്ടുള്ള അലങ്കാരം.

LIBRARY ARCHIVES Kerala Legislative Assembly

ബാംഗ്ലൂരിൽനിന്നും എയർകണ്ടിഷൻ ചെയ്ത വണ്ടികളിലാണ് പൂവ് കൊണ്ടുവന്നത്. ഇങ്ങനെയുള്ള കല്യാണമേളകളൊക്കെയുണ്ട്. നാല് ദിവസമാണ് കല്യാണം. തലേ ദിവസം കല്യാണം, അതിനും തലേതിന്റെ തലേദിവസം കല്യാണം, പിറ്റേ ദിവസം കല്യാണം. ഇങ്ങനെയുള്ള ആഘോഷങ്ങൾ. ഇതൊന്നും സാധാരണക്കാർ നടത്തുന്ന കല്യാണ ചടങ്ങുകളല്ല. ഇവിടെ സെക്ഷൻ 4(ബി)-യിൽ പറയുന്നുണ്ട്, സ്റ്റാർ ഹോട്ടലുകൾക്ക് 6,250 രൂപ എന്ന്. ത്രീസ്റ്റാർ, ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ റേറ്റും പറയുന്നുണ്ട്. അതിൽ കൂട്ടാവുന്നത് കൂട്ടിക്കോ. നാട്ടിൻപുറങ്ങളിലെ ചെറിയ ഹാളുകൾക്കും ഹോട്ടലുകൾക്കും അത് എത്രത്തോളം കുറച്ചുകൊടുക്കാൻ പറ്റുമോ അത് ചെയ്യണം. ഒരു പത്രത്തിൽ എഴുതിക്കണ്ടു, കല്യാണ ഫാക്ടറിയെന്ന്. കല്യാണമണ്ഡപമൊക്കെ ഇപ്പോൾ പോയി. അത് പറയുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഉദ്ദേശശുദ്ധിയെ ഞാൻ മാനിക്കുന്നു. ഇതൊക്കെ നിയന്ത്രിക്കുന്നതിന് ചിലതൊക്കെ വേണം. അതിന് ഞങ്ങളുടെ ഇടയിൽനിന്നും നല്ല സപ്പോർട്ടുണ്ട്. ശ്രീനാരായണഗുരു പറഞ്ഞതുപോലെ അനാചാരങ്ങളെ ലംഘിക്കണം. അദ്ദേഹത്തിന്റെ അനുയായികളാണ് ഏറ്റവും കൂടുതൽ ആളുകളെ വിളിക്കുന്നത്. അതുകൊണ്ട് അങ്ങയുടെ ഉദ്ദേശശുദ്ധിയെ മാനിച്ചുകൊണ്ട് പറയുകയാണ്, ഇതൊരു നല്ല കാര്യമാണ്. ആഡംബരങ്ങളും ഇതുപോലെയുള്ള ധൂർത്തും നമുക്ക് നിയന്ത്രിക്കണം. അതിന് കഴിയുന്ന വിധത്തിൽ നടപടി കൊണ്ടുവരണം. ടാക്സിന്റെ ഷെഡ്യൂളിനെക്കുറിച്ച് പറയുമ്പോൾ കൂടുതൽ വിശദീകരണം ആവശ്യമുള്ള കുറേ കാര്യങ്ങളുണ്ട്. കാർഷികാദായ നികുതിയുടെ കാര്യത്തിൽ ശ്രീ. ബാബു പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്. എന്തായാലും ഒരു കോടി രൂപയല്ലേ പ്രതീക്ഷിക്കുന്നത്? ഇനിയും ഒരുപാട് കോർപ്പറേറ്റ് കമ്പനികൾ ഇവിടെ വരാൻ പോവുകയാണ്. അവരിൽ നിന്നും പിടിക്കാൻ പറ്റുമോ എന്ന് നോക്കണം. പാവപ്പെട്ട കൃഷിക്കാരുടെ മേലുള്ള ടാക്സുകൾ കുറയ്ക്കണം. ഇതിലൊരു ഷെഡ്യൂൾ പറഞ്ഞതിൽ, പന്ത്രണ്ടാമത്തെ ഐറ്റത്തിൽ ചർക്കയും ഹാന്റ്ലൂം ഫാബ്രിക്സുമൊക്കെ പറയുന്നുണ്ട്. അതിൽ ഖാദിയും അതുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ ഐറ്റത്തിനെയും ഒഴിവാക്കണം. ഇങ്ങനെ ഐറ്റം മാത്രം പറഞ്ഞാൽ പോരാ. ഐറ്റം മാത്രം പറഞ്ഞാൽ അതിൽ വരാത്തതിനൊക്കെ ടാക്സ് വരും. കഴിയുന്നതും ഇത്തരം ഉൽപ്പന്നങ്ങളെ മുഴുവൻ ഒഴിവാക്കണം. ഇതിൽ കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ പറയുന്നുണ്ട്. ഖാദി പ്രോഡക്ട്സൊക്കെ ടാക്സ് എക്സംപ്റ്റ് ചെയ്യുന്നതിൽ പറയുന്നില്ല. കുങ്കുമം പറയുന്ന കൂട്ടത്തിൽ കുട്ടികൾ ഉപയോഗിക്കുന്ന സാധനങ്ങളായ മാല, വള, കമ്മൽ, മുക്കുത്തി എന്നിവയും ഒഴിവാക്കണം. നാഷണൽ ഫ്ളാഗും അതുമായി ബന്ധപ്പെട്ട് നമ്മൾ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും ഒഴിവാക്കേണ്ടതാണ്. അതുപോലെ പുൽപ്പായ, തഴപ്പായ എന്നിവയ്ക്ക് മാത്രം പോരാ. എല്ലാതരം പായ്കൾ, കുട്ടകൾ എന്നിവയുൾപ്പെടുന്ന നാടൻ ഉൽപ്പന്നങ്ങളേയും കൂടി കൂട്ടിച്ചേർക്കണം. ടോഡി നീര് പറയുന്നുണ്ട്. സ്വാഗതം, അതോടൊപ്പം അതിന്റെ ബൈ പ്രോഡക്ട്സ് പിന്നെയുമുണ്ട്. ആ ബൈ പ്രോഡക്ട്സിനേയും കൂടി ഉൾപ്പെടുത്താൻ പറ്റുമോ എന്ന് നോക്കണം. റേഷനരിയുടെ കാര്യത്തിൽ ഒരു സംശയമുണ്ട്. ഗോഡൗണിൽ നിന്നെടുക്കുന്ന അരി എന്നുപറയുന്നുണ്ട്. ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും മറ്റും ഗോഡൗണുകളൊക്കെ കുറഞ്ഞു. ഇപ്പോൾ വേറെ ഒരുപാട് ഗോഡൗണുകളിലൂടെ അരി കൊടുക്കുകയാണ്. സഹകരണകമ്പനികളും വ്യക്തികളുമൊക്കെ എടുക്കുന്നുണ്ട്. അവരുടെ സ്ഥലത്ത് നിന്നെടുക്കുന്ന അരിക്ക് ടാക്സ് വരുമോ? മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയുമ്പോൾ ഇതുകൂടി പറയണം. റേഷൻ കടകളിലൂടെ കാർഡ് ഉടമകൾക്ക് കൊടുക്കുന്ന റേഷൻ സാധനങ്ങൾ എന്നുവച്ചാൽ പോരെ? സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകൾ ജില്ലയിൽ ഒരെണ്ണമേയുള്ളൂ. അത് തന്നെ നിൽക്കുമോ എന്ന് സംശയമാണ്. അരി ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങളെല്ലാം ഒഴിവാക്കിയാൽ നന്നായിരുന്നു. സ്വർണ്ണം മണ്ണ് തരത്തിലുണ്ട്. വലിയ കടകളിൽ നിന്ന് 200, 500, 1000 പവനൊക്കെ എടുക്കുന്ന ആളുകളുണ്ട്. രണ്ട് പവൻ എടുക്കുന്ന വരുമുണ്ട്. ഞങ്ങളുടെ നാട്ടിൽ ഏറ്റവും കൂടുതൽ സ്വർണ്ണാഭരണ നിർമ്മാണമുള്ളത് എന്റെ മണ്ഡലത്തിലാണ്. ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അവരുടെ സ്വർണ്ണാഭരണ നിർമ്മാണത്തെ അത് പ്രതികൂലമായി ബാധിക്കുകയാണ്. അവിടെ ചെയ്യുന്നത്, മൊത്തം കാശും ഒന്നിച്ചുകൊടുക്കാതെ ആദ്യം 500 രൂപ കൊടുക്കുകയാണ്. കല്ല്യാണമൊക്കെ കഴിഞ്ഞ് പൈസ പിരിഞ്ഞുകിട്ടുമ്പോൾ ബാക്കി കൊടുക്കും. നാട്ടിൻപുറത്തിന്റെ നൻമകളാണ് ഇതൊക്കെ. അതുകൊണ്ട് ഒരുപാട് പേരെ സഹായിക്കാൻ കഴിയുന്നുണ്ട്. ആ കാര്യങ്ങൾ കൂടി അങ്ങ് ഉൾപ്പെടുത്തണം. തൃശ്ശൂർ ജില്ലയിലെ എല്ലാ എം.എൽ.എ.മാർക്കും വേണ്ടി പറയുകയാണ്, നെല്ല് എടുത്തതിൽ കുടിശ്ശികയുള്ള തുക കണക്കാക്കണം. ഏഴരക്കോടി രൂപ കൂടി അങ്ങ് പ്രഖ്യാപിക്കണം. ഇപ്പോൾ തന്നിരിക്കുന്ന സംഖ്യയ്ക്ക് പുറമെ ഏഴരക്കോടി രൂപയുണ്ടെങ്കിൽ കഴിഞ്ഞ വർഷം വരെയുള്ള ഹാൻഡ്‌ലിംഗ് ചാർജ്, സബ്‌സിഡി ഉൾപ്പെടെ തീർക്കാൻ കഴിയും. തൃശ്ശൂർ ജില്ലയിൽ ഏകദേശം 2,95,00,000 രൂപ വേണം. തൃശ്ശൂർ ജില്ലയിലെ നെൽകൃഷിക്കാർ മുഴുവൻ കളക്ടറേറ്റിന്റെ പടിക്കൽ കഴിഞ്ഞ രണ്ടാഴ്ച്ചയായി സമരമാണ്. തൃശ്ശൂർ ജില്ലയിലെ 30,000 വരുന്ന നെൽകൃഷിക്കാരെ രക്ഷിക്കണമെങ്കിൽ 3 കോടി രൂപ കൂടി പ്രഖ്യാപിച്ചാൽ നാളെ നമുക്കെല്ലാവർക്കും കൂടി പോയി അവരുമായി ചർച്ച ചെയ്ത് സമരം അവസാനിപ്പിച്ച് നെല്ല് സംഭരിക്കാനുള്ള തീവ്ര ശ്രമം നടത്താമെന്ന് അഭ്യർത്ഥിക്കുന്നു. നികുതി നിർദ്ദേശങ്ങളിൽ പ്രോഗ്രസീവ് ടാക്സേഷന്റെ കാര്യത്തിൽ അനുപാതികമായ തത്വമുണ്ടാകണം. ജനങ്ങളുടെ മേൽ കൂടുതൽ സാമ്പത്തികഭാരം വരുത്താതെ ഈ നികുതി നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിൻതാങ്ങുകയാണ്. കേരള സംസ്ഥാനത്തിന്റെ ഇന്നത്തെ പ്രത്യേകമായ സാമ്പത്തിക സാഹചര്യങ്ങൾ ശരിയായ വിധത്തിൽ കണക്കിലെടുത്തുകൊണ്ട് അവതരിപ്പിച്ച ഒരു ബഡ്ജറ്റും ധനകാര്യ ബില്ലുമാണ് നമ്മൾ കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരുന്നത്. കേരളത്തിൽ പ്രയാസങ്ങളനുഭവിക്കുന്ന ദുർബലരായ ജനവിഭാഗങ്ങളോട് കാരുണ്യം കാണിച്ചുകൊണ്ടുതന്നെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ ശാസ്ത്രീയമായ പരിശ്രമമാണ് ഈ ധനകാര്യ ബില്ലിലും കാണപ്പെടുന്നത്. കാർഷികാദായ നികുതിയുടെ കാര്യത്തിലും മറ്റും എടുത്തിട്ടുള്ള സമീപനം വളരെയേറെ അഭിനന്ദനാർഹമാണ്. പരമ്പരാഗത വ്യവസായങ്ങളോട്, വിശേഷിച്ച് കൈത്തറിയോട് വേണ്ടത്ര നീതി ചെയ്തോ എന്ന് എനിക്ക് ബലമായ സംശയമുണ്ട്. വല്ലതും ചെയ്യാൻ സാധിക്കുമെങ്കിൽ ഇനിയും അത് ആലോചിക്കുന്നത് നല്ലതാണ്. അതുപോലെ ഇവിടെ എല്ലാവരും പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ആർഭാടങ്ങൾ വർദ്ധിച്ചുവരികയാണ്. കേരളം ദരിദ്രമാണ്. കേരളത്തിലെ ജനങ്ങൾ വളരെ പ്രയാസപ്പെടുന്നവരാണ് എന്നൊക്കെ നമ്മളെല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

പറയാറുണ്ടെങ്കിലും സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ നമുക്ക് മറ്റൊരു ചിത്രമാണ് കാണാൻ കഴിയുക. ധാരാളം ജൂവലറികളും ആഡംബര വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളും ടെക്സ്റ്റൈൽ ഷോപ്പുകളും മുന്തിയ ഹോട്ടലുകളും രാജകീയ സൗകര്യങ്ങളുള്ള പല സ്ഥാപനങ്ങളും വളർന്നുവരികയാണ്. പരസ്യങ്ങളുടെ വ്യാമോഹങ്ങളിൽപ്പെട്ട് ജനങ്ങളെല്ലാം അതിന്റെ പുറകെ പോകുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത് ദരിദ്രമായ ഈ സംസ്ഥാനത്ത്, വെറും കൺസ്യൂമർ സ്റ്റേറ്റ് എന്നറിയപ്പെടുന്ന ഈ സംസ്ഥാനത്ത് ഒരു വിവാഹം നടക്കണമെങ്കിൽ, സാധാരണഗതിയിൽ ഒരു ഹൈന്ദവ വിവാഹം നടക്കണമെങ്കിൽ, അവിടേയ്ക്കാവശ്യമായ സകല വസ്തുക്കളും തമിഴ്നാട്ടിൽ നിന്ന് വരണം. ചോറ് വിളമ്പാനുള്ള വാഴയില, വധുവിന് തലയിൽ ചൂടാനുള്ള മുല്ലപ്പൂ, സാമ്പാർ ഉണ്ടാക്കാനാവശ്യമായ സാധനങ്ങൾ എല്ലാം അവിടെനിന്ന് വരണം. വരനും വധുവും ഒഴികെ ബാക്കിയെല്ലാം തമിഴ്നാട്ടിൽ നിന്ന് വരുന്നതാണ്. വരനേയും വധുവിനേയും അങ്ങോട്ട് കൊണ്ടുപോവുകയാണ് എളുപ്പമെന്ന് പലപ്പോഴും തോന്നാറുണ്ട്. പക്ഷേ ഇതൊക്കെയാണെങ്കിലും ആഡംബരം കേരളീയർക്ക് കൂടിവരികയാണ്. സംസ്ഥാനത്ത് ഏത് ആശുപത്രിയിൽ പോയാലും എത്ര മാരകമായ രോഗം അനുഭവിക്കുന്ന ആൾക്കും കിടക്കാൻ ഒരു കിടക്ക കിട്ടില്ല. ഒരു സിനിമ കാണാൻ തീയറ്ററിൽ പോയാൽ സീറ്റില്ല. ഒരു ഹോട്ടലിൽ പോയാൽ ഇരിക്കാൻ സ്ഥലമില്ല. ഒരു സർക്കസ് കാണാൻ പോയാൽ അവിടെ പ്രവേശിക്കാൻ നിവൃത്തിയില്ല. ഒരു ജൂവലറിയിൽ പോയാൽ അഭൂതപൂർവ്വമായ തിരക്കാണ്. ഇരിക്കാൻ സ്ഥലമില്ല. ഒരു ചെറിയ സാധനം വാങ്ങാനാണ് പോകുന്നതെങ്കിൽ അവർക്ക് നമ്മളെ ശ്രദ്ധിക്കാൻ പോലും സൗകര്യമില്ല. എല്ലാം ദിവസവും പരസ്യം വരികയാണ്. പുതിയ ജൂവലറികൾ പുതിയ പുതിയ രീതികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. 'എല്ലാവരും പറയുന്നു 916, ഭീമ നൽകുന്നു 916'. ആലുക്കാസ് ജൂവലറിയുടെ പരസ്യത്തിനൊക്കെ എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്? റേഡിയോ തുറന്നാലും പരസ്യമാണ്. 'തരകൻസ് റോയൽ ജൂവലറി, കുന്നംകുളം'. ഇങ്ങനെയുള്ള പരസ്യങ്ങളാണ് മലബാറിലൊക്കെ വന്നുകൊണ്ടിരിക്കുന്നത്. പക്ഷേ ഇതൊക്കെ വാങ്ങാൻ ആളുകൾ ഉള്ളതുകൊണ്ടല്ലേ ഇതൊക്കെ നടക്കുന്നത്? ഒരു ജൂവലറിയോ, വസ്ത്രശാലയോ, ഹോട്ടലോ ഇതുവരെ പൂട്ടിയിട്ടില്ല. കേരളീയർ ദരിദ്രരാണെന്ന വാദം വളരെ ചെറിയ ഒരു വിഭാഗത്തിന് മാത്രം യോജിക്കുന്നു എന്നെനിക്ക് തോന്നിപ്പോവുകയാണ്. ഈ അവസ്ഥയിൽ ടാക്സ് ചുമത്തിയപ്പോഴും, ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും, ഈ ധനകാര്യബില്ലിലും, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ആരെയും

12.00 noon] ദ്രോഹിക്കാതെ വളരെ വലിയ രീതിയിൽ തലോടുകയാണ് ചെയ്തിരിക്കുന്നത്. ഒരു പുതിയ ബുദ്ധിമുട്ടും ഉണ്ടാക്കിയില്ല. അദ്ദേഹത്തിന് ഇനി ചെയ്യാൻ കഴിയുന്ന പ്രധാനപ്പെട്ട കാര്യം നിലവിലുള്ള ടാക്സ് നിർബന്ധമായും, പൂർണ്ണമായും നിശ്ചിത സമയത്തിനകം പിരിച്ചെടുത്ത് കേരളത്തെ രക്ഷിക്കുകയെന്നതാണ്. സംസ്ഥാനത്ത് ഈ സാഹചര്യം വച്ച് പുതിയ വ്യവസായശാലകളും പുതിയ വികസന പരിപാടികളും ആവിഷ്ക്കരിക്കേണ്ടതാണ്. നിർഭാഗ്യവശാൽ ഇതുപോലുള്ള നല്ല രാഷ്ട്രീയാന്തരീക്ഷം കേരളത്തിൽ ഉണ്ടാകുമോയെന്ന് സംശയമാണ്. ഇവിടത്തെ പ്രധാനപ്പെട്ട പ്രതിപക്ഷ കക്ഷികളും ഭരണകക്ഷിയും കൂടിച്ചേർന്ന് ഇൻഡ്യ ഭരിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയുടെ ചരിത്രത്തിൽത്തന്നെ ഒരു പുതിയ സംഭവമാണിത്. ബഹുമാന്യനായ മാർക്സിസ്റ്റ് നേതാവ് ശ്രീ. പ്രകാശ് കാരാട്ട് അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് ഒരു പ്രസ്താവനയിറക്കിയത് ഞാൻ പത്രത്തിൽ വായിച്ചു. അദ്ദേഹം പറഞ്ഞത് കേന്ദ്രമന്ത്രിസഭയിൽ ചേരുന്നതിന് ഞങ്ങൾക്ക് വിരോധമില്ലെന്നാണ്. കമ്മ്യൂണിസ്റ്റുകാർ മന്ത്രിസഭയിൽ ചേരണമെന്ന് ബഹുമാനപ്പെട്ട ആന്റണി പറഞ്ഞു, ശ്രീ. എ. കെ. ആന്റണി പുതിയതായി പറഞ്ഞതല്ല. ശ്രീമതി സോണിയാഗാന്ധി ഇലക്ഷൻ കാലത്ത് തന്നെ മാർക്സിസ്റ്റുകാരോട് മന്ത്രിസഭയിൽ ചേരണമെന്ന് പറഞ്ഞു, ചേർന്നോ, ചേർന്നില്ലയോ എന്നുള്ളതല്ല, ചേരാനുള്ള ഒരു മനസ്സും വിളിക്കാനുള്ള മനസ്സുമൊക്കെ വന്നു എന്നുള്ളതാണ് പ്രശ്നം. കേന്ദ്രത്തിൽ മതേതരശക്തികൾ ഒരേ അഭിപ്രായമുള്ള തരത്തിൽ അധികാരത്തിൽ വന്നു. ഇവിടെ ഇങ്ങനെ ഒരു ഗവൺമെന്റിരിക്കുന്നു. നിർഭാഗ്യവശാൽ നമ്മൾ കേരളീയർ ഇത്രചെറിയ മനസ്സിന്റെ ഉടമകൾ ആയി പോയല്ലോയെന്ന് എപ്പോഴും വിഷമം തോന്നാറുണ്ട്. ഞാൻ എല്ലാപേരെയും കുറ്റപ്പെടുത്തുകയല്ല, ധാരാളം വലിയ മനസ്സിന്റെ ഉടമകളുള്ള സ്ഥലത്താണ് ഞാൻ നിൽക്കുന്നത്. പക്ഷേ പൊതുവെ കേരളത്തിലെ മനുഷ്യന്റെ സിരകളിലൂടെ ദ്രാവകരൂപത്തിലുള്ള അസൂയയും കുശുമ്പുമാണ് രക്തത്തിന് പകരം ഓടിക്കൊണ്ടിരിക്കുന്നതെന്നു തോന്നിക്കുന്ന നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. എന്തുവന്നാലും നടത്താൻ സാധിക്കാത്ത ഒരവസ്ഥ. നമ്മൾ വളരെ എഡ്യൂക്കേറ്റഡ് ആണത്രെ, നമ്മളാണ് ഇൻഡ്യയിലേറ്റവും ഉയർന്ന വിദ്യാഭ്യാസമുള്ളവർ. ഇതാണ് ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ സ്ഥിതിയെങ്കിൽ വിദ്യാഭ്യാസമില്ലാത്ത സ്ഥലങ്ങളിലെ സ്ഥിതിയെന്താണെന്ന് എനിക്ക് പലപ്പോഴും അത്ഭുതം തോന്നിയിട്ടുണ്ട്. എഡ്യൂക്കേഷൻ ഇവിടെയുണ്ടെങ്കിലും ഇവിടെ എല്ലാവിധ തോന്നിയവാസങ്ങളും, എല്ലാവിധ കുഴപ്പങ്ങളും, എല്ലാവിധ അരാജകത്വങ്ങളും നിഷേധാത്മകമായ പ്രവണതകളും, കുഞ്ഞുമനസ്സിന്റെ ഉടമകളും ഇത്രയേറെ നിറഞ്ഞ വേറൊരു സംസ്ഥാനമുണ്ടോ? എന്താണ് അതിന്റെ അർത്ഥം? Education is not civilisation എന്നാണ്. എഡ്യൂക്കേഷൻ ഉണ്ടായതുകൊണ്ട് സിവിലൈസേഷൻ ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നതിന്റെ വ്യക്തമായ ദർശനമാണ് ഇന്നത്തെ കേരളത്തിന്റെ അവസ്ഥ. നമ്മളിപ്പോൾ എന്തെല്ലാം സൗകര്യങ്ങൾ കൊണ്ടുവന്നു. "GIM"-നെ നമ്മൾ കുളിപ്പിച്ചു കിടത്തി. എക്സ്പ്രസ് ഹൈവേ എന്ന സ്വപ്നംപോലും നമ്മൾ ജീവനോടെ കുഴിച്ചുമൂടി. അതുപോലുള്ള ഓരോ വികസനകാര്യത്തിലും ഒരിഞ്ച് ഇനി മുന്നോട്ടുകൊണ്ടുപോകാൻ നിവൃത്തിയില്ലാത്തവിധം വഴിമുട്ടിനിൽക്കുകയാണ്. നമ്മുടെ വാതിലുകളിൽ എപ്പോഴും അവസരം മുട്ടിവിളിക്കുകയില്ല. ലോകത്തിലെ പുതിയ സാഹചര്യത്തിൽ, ഇൻഡ്യയിലെ പുതിയ സാഹചര്യത്തിൽ, കേന്ദ്രത്തിലെ പുതിയ മന്ത്രിസഭയുടെ സാഹചര്യത്തിൽ, കേരളത്തിൽ വികസനത്തോടുള്ള ആളുകളുടെ ആഭിമുഖ്യത്തിന്റെ കാര്യത്തിൽ കേരളത്തിന് മുന്നോട്ടുപോകാനുള്ള കവാടങ്ങളെല്ലാം തുറക്കപ്പെട്ടിട്ടും അതിലേ പോകാൻ അനുവദിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഇന്നലെ നമ്മളിവിടെ സാക്ഷ്യം വഹിച്ച ഒരു സംഗതിയാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ശ്രീ. വിശ്വനാഥൻ മാതൃകാപരമായി കോടതി വിധിയുടെ അടിസ്ഥാനത്തിൽ രാജിവച്ചത്. നല്ല കാര്യമാണ് അദ്ദേഹം ചെയ്തത്. ഞാൻ ഒരു കുറ്റവും പറയുന്നില്ല. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. കോടതികളും ജുഡീഷ്യറിയുമൊക്കെ എപ്പോഴും വളരെ പരിശുദ്ധമാണെന്ന് ഞാൻ കരുതുന്നില്ല. ജുഡീഷ്യറിയുടെ ഭൂരിഭാഗവും ഒരുപക്ഷേ പരിശുദ്ധമായിരിക്കും. രാഷ്ട്രീയക്കാർ മാത്രമല്ല, രാഷ്ട്രീയപാർട്ടികൾ മാത്രമല്ല, എക്സിക്യൂട്ടീവ് മാത്രമല്ല ജുഡീഷ്യറിയും കളങ്കമറ്റതാണെന്ന് പൂർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കുന്ന ആളല്ല ഞാൻ. ഞാൻ ഇരുപത്തിയഞ്ച് വർഷം അഭിഭാഷകനായിരുന്നിട്ട് എന്റെ അനുഭവത്തിൽനിന്നു പറയുകയാണ്. കോടതി ഒരു ജാമ്യാപേക്ഷയുടെ കൂട്ടത്തിൽ ഇങ്ങനെ ശ്രീ. വിശ്വനാഥനെക്കുറിച്ച് പറഞ്ഞു, അദ്ദേഹം രാജിവച്ചു. നല്ല കാര്യം, ആയിക്കോട്ടെ, പക്ഷേ അങ്ങനെയൊക്കെയായിട്ടും അതിനുശേഷവും നമ്മൾ കണ്ടതാണ്. "എന്നിട്ടരിശം തീരാഞ്ഞിട്ടവനപ്പുര ചുറ്റും മണ്ണിനടന്നു." എന്ന് കുഞ്ചൻനമ്പ്യാർ പാടിയതുപോലെ അരിശം തീരാതെ മണ്ണിനടക്കുന്ന കാഴ്ച അതിനുശേഷവും നമ്മൾ കണ്ടു. ഇത് ഒരു കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിൽ, സാമൂഹ്യ വികാസ നിയമങ്ങളിൽ negation of negation എന്ന ഒരു നിയമമുണ്ട്. നിഷേധത്തിന്റെ നിഷേധ നിയമമെന്നുപറയും. ചെടി, വിത്തിനെ നിഷേധിക്കുന്നു വിത്ത്, ചെടിയെ നിഷേധിക്കുന്നു. എന്നൊക്കെ പറയുന്നതുപോലെ ആ ഒരു negation of negation അതിന്റെ ഉപജ്ഞാതാക്കളിൽ മാത്രമല്ല അനുയായികളിലും നിലനിൽക്കുകയാണോയെന്ന് തോന്നുന്ന സ്ഥിതിവിശേഷമാണുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേരളത്തിന്റെ മുഖ്യമന്ത്രിയോ ഇൻഡ്യയുടെ പ്രധാനമന്ത്രിയോ ആയിരുന്നെങ്കിൽ എന്നൊരു വേള ഞാൻ ആഗ്രഹിച്ചുപോയി. "ഒരു വേള ഞാൻ നിനച്ചുപോയി" എന്ന ഒരു സിനിമാഗാനമുണ്ട്, അതുപോലെ ഞാൻ നിനച്ചുപോയി, അങ്ങനെ അദ്ദേഹം ആയിവന്നാൽ പെൺവാണിഭങ്ങളില്ലാത്ത ഒരു കേരളം, യുവസുന്ദരികൾ കളിച്ചും, മദിച്ചും ഉല്ലസിച്ചും ഏത് അർദ്ധരാത്രിയിലും ഓടിനടക്കുന്ന കേരളം, വളരെ സന്തോഷകരമായ ഒരു കേരളം അന്ന് ഉണ്ടാകും. ആദിവാസികൾക്കെല്ലാം ഭൂമി, സ്വാശ്രയ കോളേജുകളിൽ സൗജന്യ വിദ്യാഭ്യാസം, യാതൊരു അഴിമതിയുമില്ല. വനമിങ്ങനെ തഴച്ചുവളരുന്നു. എല്ലാ ചന്ദനമരങ്ങളും കാറ്റിൽ ഇങ്ങനെ മന്ദമാരുതനിൽ ആടിക്കൊണ്ടിരിക്കുന്ന മനോഹരമായ ഒരു സാഹചര്യം. കേന്ദ്രത്തിലുള്ള ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആദിവാസി നേതാവ് ജാനു താൻസാനിയയിലെ അംബാസിഡർ, ഗീതാനന്ദൻ നമീബിയയിലെ അംബാസിഡർ,. അങ്ങനെയൊക്കെയുള്ള വളരെ സുഖസുന്ദരമായ ഒരു ലോകം ജനിക്കുമെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇൻഡ്യയിലെ പ്രധാനമന്ത്രിയാകട്ടെ സർ, ആരുവേണ്ടെന്നു പറഞ്ഞു. പക്ഷെ, ഒരു യാഥാർത്ഥ്യബോധമില്ലാതെ ഒരു വികസന സങ്കൽപ്പത്തെപ്പോലും തലപൊക്കാൻ അനുവദിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ ഇന്നുള്ളത്. ശ്രീ. എ. കെ. ആന്റണി നല്ല ഒരു മുഖ്യമന്ത്രിയായിരുന്നു. ശ്രീ. എ. കെ. ആന്റണിക്ക് ജോത്സ്യൻമാരുടെ ഭാഷയിൽ പറഞ്ഞാൽ കുംഭം രാശിയാണ്, കുംഭം രാശിക്കാരൻ കുടത്തിൽവച്ച വിളക്കുപോലെയാണ്. പുറത്തേയ്ക്ക് പ്രകാശം കാണില്ല. നല്ലൊരു മുഖ്യമന്ത്രിയായിരുന്നു ശ്രീ. എ. കെ. ആന്റണി. അതുപോലെ ബാലജനസഖ്യത്തിലൂടേയും കെ.എസ്.യു.-വിലൂടേയും വളർന്നുവന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്ക് കേരളത്തെക്കുറിച്ച് ഒരു വികസനസങ്കൽപ്പമുണ്ട്. അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായി. ഇതൊക്കെയായിട്ടും ഇത്രയധികം പ്രായമുള്ള, ജീവിതം മുഴുവൻ ഒരു പോരാട്ടമായെടുത്ത ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് ആ അവസരം കിട്ടിയില്ല. നിർഭാഗ്യമെന്നല്ലാതെന്തുപറയാനാണ്? പക്ഷേ അവരെല്ലാം ആഗ്രഹിച്ചിട്ടും കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തത് ചിലയാളുകൾ അതിനെതിരായി കരുതിപ്പുറപ്പെട്ടിട്ടാണ്. എന്നിട്ടും ഒരു ബഡ്ജറ്റും ധനകാര്യബില്ലും പ്രതീക്ഷയ്ക്കു വകനൽകുന്ന രീതിയിൽ അവതരിപ്പിച്ചപ്പോൾ ശ്രീമതി സുഗതകുമാരിയുടെ കവിതയിലെ ഒരു വരി "ഒരുപാട്ടുപിന്നെയും പാടി

LIBRARY ARCHIVES Kerala Legislative Assembly

നോക്കുന്നിതാ ചിറകൊടിഞ്ഞുള്ളോരീ കാട്ടുപക്ഷി" എന്ന് പറഞ്ഞപോലെ വെട്ടിയ മരത്തിന്റെ കുറ്റിയിൽ കയറിയിരുന്ന് ഒറ്റ ചിറകിന്റെ തണലുകൊണ്ട്, ഒറ്റച്ചിറകിന്റെ താളത്തോടുകൂടി "ഒരുപാട്ടു പിന്നെയും പാടിനോക്കുന്നിതാ ചിറകൊടിഞ്ഞുള്ളോരീ കാട്ടുപക്ഷി, എന്നാണ് ശ്രീ. വക്കം പുരുഷോത്തമന്റെ ഈ ധനകാര്യ ബില്ലിനെക്കുറിച്ചും അദ്ദേഹത്തിന്റെ ബഡ്ജറ്റിനെക്കുറിച്ചും എനിക്കു തോന്നിയത്. ഇങ്ങനെയുള്ള ഈ സംസ്ഥനത്ത് വികസന കാര്യങ്ങൾ മുന്നോട്ടുപോകുമ്പോൾ ഞാൻ പറയുന്നു ഏതു നല്ല കാര്യം വരുമ്പോഴും അതിനെ എതിർക്കുകയെന്നുപറഞ്ഞാൽ അർത്ഥമില്ല എന്ന്. ഇതെല്ലാം ഇങ്ങനെ വെട്ടിവെട്ടി ചെറുതാക്കിയാൽ പിന്നെ കേരളമുണ്ടാകുമോ? പണ്ട് യോസൽ എന്നുപറയുന്ന ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾ ഗോതമ്പു കൃഷിക്കാരനായിരുന്നു. ഗോതമ്പ് ഉണ്ടാക്കി അദ്ദേഹം വിൽക്കാൻവേണ്ടി മാർക്കറ്റിൽ പോകുമ്പോൾ സുന്ദരിയായ തന്റെ ഭാര്യയോട് ഞാൻ ഗോതമ്പ് വിറ്റാൽ ഉടനെ നിന്നെ വിവരമറിയിക്കാമെന്നു പറഞ്ഞു, അങ്ങനെ ഗോതമ്പ് ലാഭത്തിൽ വിറ്റപ്പോൾ അദ്ദേഹം ടെലഗ്രാം അയയ്ക്കാൻ പോസ്റ്റോഫീസിലേയ്ക്ക് പോയി. ഗോതമ്പ് ലാഭത്തിനു വിറ്റു, ഞാൻ നാളെ മടങ്ങിവരും. സ്നേഹചുംബനങ്ങളോടെ യോസൽ, എന്നാണ് കമ്പിയിൽ എഴുതിയത്. പക്ഷേ ചിന്തിക്കുന്ന കർഷകൻ ആയിരുന്നു അദ്ദേഹം. ചിന്തിച്ച് ചിന്തിച്ച് അദ്ദേഹത്തിന് തോന്നി, ഞാൻ ഗോതമ്പ് വിൽക്കാനാണ് വന്നത്, അത് ലാഭത്തിനേ വിൽക്കൂ എന്ന് ഭാര്യയ്ക്ക് അറിയാം. പിന്നെന്തിനാണ് ഗോതമ്പ് ലാഭത്തിന് വിറ്റുയെന്നുള്ളത് എഴുതുന്നത്. അതുകൊണ്ട് ലാഭത്തിന് വിറ്റു എന്നുള്ളത് വെട്ടിക്കളഞ്ഞു പിന്നെ സ്നേഹചുംബനങ്ങളോടെ എന്ന് എഴുതിയത്, ഞാൻ എന്റെ ഭാര്യയ്ക്കല്ലേ എഴുതുന്നത് സ്നേഹചുംബനങ്ങൾ ഉണ്ടെന്ന് അവൾക്കറിയാം, അങ്ങനെ അതങ്ങ് വെട്ടി, പിന്നെ നാളെ വരുന്നു എന്നുള്ളത് എന്ന് എന്തിനാണ് എഴുതുന്നത്, അതുകൊണ്ട് അതും അങ്ങ് വെട്ടി പിന്നെ യോസൽ എന്ന് മാത്രമുണ്ട്. എന്റെ പേര് എന്റെ ഭാര്യയ്ക്ക് അറിയാം അതുകൊണ്ട് അതും അങ്ങ് വെട്ടി, അവസാനം അയാൾ കമ്പിയടിക്കാതെ മടങ്ങിവന്നതുപോലെ ഏത് വികസനം വന്നാലും 'ജിം' വേണ്ട, 'എക്സ്പ്രസ് ഹൈവേ' വേണ്ട, ഒരു പരിപാടിയും കേരളത്തിന് വേണ്ട, ഒന്നും കേരളത്തിൽ ചെയ്യാൻ സമ്മതിക്കില്ല എന്നുപറഞ്ഞാൽ നിർഭാഗ്യമാണ്. കൊല്ലത്ത് പുത്തൂർ എന്നുപറയുന്ന സ്ഥലത്ത് പശ്ചിമബംഗാളിൽ നിന്ന് തൊഴിലാളികൾ വന്ന് നൂറ് രൂപയ്ക്ക് പാടം കൊയ്യുന്ന ചിത്രം മാതൃഭൂമി പത്രത്തിൽ ഉണ്ടായിരുന്നു. കേരളത്തിൽ പാടം കൊയ്യാൻ പടിഞ്ഞാറൻ ബംഗാളിൽ നിന്ന് 100 രൂപ കൂലിക്ക് ആൾ വരുമ്പോൾ അത് രണ്ട് സത്യമാണ് കാണിക്കുന്നത്. ഒന്ന്, കേരളത്തിലെ തൊഴിലാളികളുടേയും തൊഴിൽ സംഘടനകളുടേയും മനോഭാവം. രണ്ട് പശ്ചിമബംഗാളിന്റെ ഐശ്വര്യത്തെക്കുറിച്ചുള്ള സങ്കൽപ്പം. ഈ രണ്ട് സങ്കൽപ്പങ്ങൾക്കും മുറിവേൽപ്പിക്കുന്ന ഒരു സംഭവമാണിത്. തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിന്റെ ഭാഗമായ അണ്ടർവേ ഉണ്ടാക്കുന്ന സ്ഥലത്തുകൂടിയാണ് ഞാൻ എന്നും എം.എൽ.എ. ക്വാർട്ടേഴ്സിലേയ്ക്ക് പോകുന്നത്. അപ്പോൾ അവിടെ പണിയെടുക്കുന്ന 100 കണക്കിന് തൊഴിലാളികളെ കാണാം. ഒരു അക്ഷരംപോലും മലയാളം കേൾക്കാനില്ല. അവർ സംസാരിക്കുന്നത് ഹിന്ദി, തമിഴ്, ഗുജറാത്തി എന്നിവയാണ്. കഠിനമായി മൂന്ന് ഷിഫ്റ്റ് വച്ച് അർദ്ധരാത്രി വരെ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളും അന്യസംസ്ഥാനക്കാരാണ്. കേരളത്തിൽ ദാരിദ്ര്യം ഉണ്ടായിട്ടും എന്താണ് ആരും പണിയെടുക്കാത്തത്? എന്തുകൊണ്ടാണ് ടെലികോമിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കേബിളിടുന്ന സ്ഥലത്ത് മലയാളികളെ കാണാത്തത്? എന്താണ് പാടം കൊയ്യാൻ മലയാളികൾ ഇല്ലാത്തത്? നമ്മുടെ സംസ്ഥാനത്തിന്റെ സങ്കൽപ്പങ്ങളിൽ മാറ്റം വരാതെ നമുക്ക് മുന്നോട്ടുപോകാൻ എങ്ങനെ കഴിയും? ഈ സാഹചര്യത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ എളുപ്പമല്ല. ഇവിടത്തെ പ്രതിപക്ഷ കക്ഷിയിൽപ്പെട്ട ആളുകൾക്കും ഈ കാര്യങ്ങളൊക്കെ പരമബോദ്ധ്യമാണ്. പക്ഷേ അവർ ആർക്കോ വേണ്ടി പഴയ സങ്കൽപ്പം നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവർക്കും അറിയാം ഇങ്ങനെയായാൽ കേരളം രക്ഷപ്പെടില്ലെന്ന്. അവരുടെ കാലത്ത് എങ്ങനെ ചെയ്യണമെന്ന അഭിപ്രായവും അവർക്കില്ല. അതുകൊണ്ട് പൊയ്മുഖം വലിച്ചുകീറി നമുക്ക് ഒന്നിച്ചു ചേർന്ന് കേരളത്തിന്റെ വികസന കാര്യത്തിൽ ഒരുമിച്ച് നിന്നാൽ മാത്രമേ സംസ്ഥാനം ഇനി നിലനിൽക്കുകയുള്ളൂ. ഒരു കാര്യം കൂടി പറയാൻ എനിക്ക് ബാദ്ധ്യതയുണ്ട്. നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ ഞാൻ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ സാധാരണ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് പറയുന്ന ആളാണ്. അത് ആരോടും വിരോധമുള്ളതുകൊണ്ടല്ല. അതിന് എന്റെ മാന്യ സ്നേഹിതൻ, സഹോദരൻ മിസ്റ്റർ സുപാൽ, എന്നെക്കാൾ വണ്ണവും വലിപ്പവുമുണ്ടെങ്കിലും എന്റെ അനുജനെപ്പോലെ ഞാൻ കാണുന്ന അദ്ദേഹം എനിക്ക് എതിരായി ഒരുപാട് വ്യക്തിപരമായ കാര്യങ്ങൾ പറഞ്ഞു. ഞാൻ അപ്പോൾ പുറത്തായിരുന്നു. ഞാൻ വന്നതിനുശേഷമാണ് അറിയുന്നത്. ഇങ്ങനെ വ്യക്തിപരമായ കാര്യങ്ങളാണോ പറയേണ്ടത്? കാറൽ മാർക്സിനെപ്പറ്റി നമ്മൾ സംസാരിക്കാറുണ്ട്. പ്രത്യയശാസ്ത്രത്തെപ്പറ്റി പറയാറുണ്ട്. കാറൽ മാർക്സ് ഇവരുടെ സ്വന്തമൊന്നുമല്ല. കാറൽ മാർക്സ് നമുക്ക് എല്ലാവർക്കും ഉള്ളതാണ്. ലോകത്തുള്ള എല്ലാ തത്വചിന്തകന്മാരും മഹാന്മാരും ശ്രീനാരായണ ഗുരുവും സഹോദരൻ അയ്യപ്പനും ഒക്കെ ആരുടേയും സ്വന്തമല്ല. കാറൽ മാർക്സ് ഞങ്ങൾക്കും വേണ്ടപ്പെട്ട ആളാണ്. അദ്ദേഹം ഈ ലോകത്ത് വിപ്ലവത്തിന്റെ സിദ്ധാന്തം സംഭാവന ചെയ്ത ആളാണ്. അദ്ദേഹത്തിന്റെ പ്രത്യയ ശാസ്ത്രത്തേയും ഞാൻ എതിർക്കാറുണ്ട്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തേയും ചരിത്രപരമായ ഭൗതികവാദത്തേയും മാർക്സിയൻ സാമ്പത്തിക ശാസ്ത്രത്തേയും വിമർശിക്കാറുണ്ട്. കാറൽ മാർക്സിന്റെ വ്യക്തി ജീവിതത്തെക്കുറിച്ചാണോ നമ്മൾ പറയാറുള്ളത്. അങ്ങനെയാണെങ്കിൽ എന്തെല്ലാം കാര്യങ്ങൾ പറയാൻ സാധിക്കും? കാറൽ മാർക്സിന്റെ വീട്ടിലെ വേലക്കാരി 1851 ജൂൺ മാസം 23-ന് ഒരു കുട്ടിയെ പ്രസവിച്ചു. പ്രസവിച്ചോട്ടെ അത് വലിയ കാര്യമാണോ? .....(ബഹളം).....അത് പറഞ്ഞാൽ എന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഖാദർ, അങ്ങ് സ്വയം നിയന്ത്രിച്ച് ബില്ലിനെക്കുറിച്ച് പറയണം.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ പറയുന്നത് മുഴുവൻ കേട്ടാൽ അവർ ഒന്നും പറയില്ല. അത് കേൾക്കാനുള്ള ക്ഷമ അവർക്കില്ല. അങ്ങനെ വ്യക്തിപരമായി ആക്ഷേപിക്കരുത് എന്നതിന് ഒരു ന്യായം പറഞ്ഞതാണ്. അതിന് തെറ്റിദ്ധാരണയുടെ കാര്യമില്ല. ഞാൻ മുസ്ലീം ലീഗിൽ ചേർന്നിട്ട് 18 വർഷമായി. ഇന്നും ഇന്നലെയും അല്ല. ഞാൻ പേഴ്സണൽ എക്സ്പ്ലനേഷനുവേണ്ടി ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പിൽ രണ്ട് തവണ എഴുന്നേറ്റ് നിന്നു. അങ്ങ് അദ്ധ്യക്ഷനായിരുന്നു. അന്ന് അവസരം കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: സി. എം. സംസാരിക്കാൻ എഴുന്നേറ്റപ്പോഴാണ് ചോദിച്ചത്.

ശ്രീ. കെ. എൻ. എ. ഖാദർ: അന്ന് അവസരം കിട്ടാത്തതിൽ ഇപ്പോൾ ഞാൻ ദുഃഖം രേഖപ്പെടുത്തുകയാണ്. അങ്ങനെ പറയരുതെന്ന് ഞാൻ ആവർത്തിക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. ബിനോയ് വിശ്വവുമൊക്കെ എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളാണ്. ഞാനും ശ്രീ. ബിനോയ് വിശ്വവും ഒരേ കട്ടിലിൽ നാലഞ്ച് വർഷം കിടന്നിട്ടുള്ളവരാണ്. ഞാനും ശ്രീ. രാജേന്ദ്രനും ശ്രീ. എം .പി. ഗംഗാധരനുവേണ്ടി വോട്ടുപിടിക്കാൻ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പോയപ്പോൾ എത്രയോ വർഷങ്ങൾക്കു മുമ്പ് കണ്ടിട്ടുള്ളവരാണ്. അവരുടെ ബഹുമാന്യരായ പിതാക്കന്മാർ, ശ്രീ. രാജേന്ദ്രന്റെ പിതാവ് കെ. പി. പ്രഭാകരൻ, ശ്രീ. സുപാലിന്റെ അച്ഛൻ പി. കെ. ശ്രീനിവാസൻ, ശ്രീ. ബിനോയ് വിശ്വത്തിന്റെ അച്ഛൻ സി. കെ. വിശ്വനാഥൻ, അച്ചുതമേനോൻ, എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ് ഇവരൊക്കെയുള്ള ഒരു കമ്മിറ്റിയിൽ ഞാൻ പത്ത് പതിനേഴ് കൊല്ലം ഉണ്ടായിരുന്നു. ആരും എന്നെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ഞാൻ അങ്ങോട്ടും പറഞ്ഞിട്ടില്ല. അതുകൊണ്ട് തെറ്റിദ്ധരിക്കേണ്ട കാര്യമില്ലായിരുന്നു. അതിൽ എനിക്ക് ദു:ഖമുണ്ട്. അതുകൊണ്ട് ആ പരാമർശം ഒഴിവാക്കണമെന്നാണ് പറയുന്നത്. എനിക്ക് അത് ബഹുമാനപ്പെട്ട സഭ മുമ്പാകെ പറയാൻ അവസരം കിട്ടിയില്ല അത്രയേയുള്ളൂ. ഇതൊക്കെ സഭാ രേഖകളിൽ നിന്ന് ഒഴിവാക്കണം. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകളെപ്പറ്റി വ്യക്തിപരമായി അറിയാവുന്ന ഒരുപാട് കാര്യങ്ങളുണ്ട്. 100 ശതമാനം വിദ്യാഭ്യാസമുള്ള സംസ്ഥാനത്തെ ആളുകൾ ഈ സഭയിൽ ഇത് വിളിച്ചു പറയുകയാണോ വേണ്ടത്? മാത്രമല്ല, ബഹുമാനപ്പെട്ട എൻ. ഇ. ബാലറാം മഹർഷിവര്യനായ നേതാവായിരുന്നു. പണ്ഡിതനായിരുന്നു. സന്യാസിയെപ്പോലുള്ള മനുഷ്യനായിരുന്നു. നിഷ്കളങ്കനായിരുന്നു. അദ്ദേഹം വന്ന് എന്നെ അടിച്ചു എന്നൊക്കെ പറഞ്ഞാൽ അദ്ദേഹത്തിനല്ലേ ക്ഷീണം? അങ്ങനെ ശ്രീ. ബാലറാം ചെയ്യുകയില്ലെന്ന് എല്ലാവർക്കും അറിയാം. എന്നെ മാത്രമല്ല ശ്രീ. ബാലറാമിനെപ്പോലും വലിച്ചിഴച്ചുകൊണ്ട് ചില പരാമർശങ്ങൾ നടത്തുകയാണ്. കേരള നിയമസഭ എന്നുപറയുന്നത് കേരളത്തിലെ മുന്ന് കോടി പതിനെട്ട് ലക്ഷം ആളുകളെ സംബന്ധിച്ച് പ്രധാനപ്പെട്ട, അവർ എല്ലാവരും വളരെ പ്രതീക്ഷയോടുകൂടി നോക്കുന്ന ഒരു സ്ഥാപനമാണ്. പരിശുദ്ധിയും ഉയർന്ന നീതിബോധവും കൊണ്ട് ജനങ്ങളുടെ വികാര-വിചാരങ്ങൾക്ക് രൂപം കൊടുക്കുന്നതിനുവേണ്ടിയാണ് നിയമസഭ നിലകൊള്ളുന്നത്. ഇത് മനസ്സിലാക്കി ഈ വക കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്ന ആളുകൾ അച്ചടക്കം പാലിക്കുകയും ആത്മസംയമനം പാലിക്കുകയും വേണമെന്നുള്ളതുകൊണ്ട് ഞാൻ ആത്മസംയമനം പാലിക്കുകയാണ്. എന്നെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശം സഭാ രേഖകളിൽ നിന്ന് മാറ്റണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ മറുപടി പറയാം. കാറൽ മാർക്സിനെ അപകീർത്തിപ്പെടുത്തി എന്നുപറയുന്നു. അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ ആർക്കും പറ്റില്ല. അദ്ദേഹത്തെക്കുറിച്ച് ആർക്കും പറഞ്ഞ് കളിയാക്കാൻ പറ്റില്ല. മാർക്സിനെ ആർക്കും അങ്ങനെ പങ്കുവയ്ക്കാൻ പറ്റില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: എന്റെ പരാമർശം അത്രയ്ക്ക് വിഷമമുള്ളതായി എങ്കിൽ പിൻവലിച്ചോളൂ. എനിക്ക് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: സഭാരേഖകളിൽ നിന്നു പോയാലും അതൊക്കെ അച്ചടിച്ചുവന്നതാണ്. അത് ഒരു പുസ്തകത്തിൽ വന്നതാണ്.

.....(ബഹളം).....

ഞാൻ കാണിച്ചുതരാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ വിത്ഡ്രോ ചെയ്തു.

ശ്രീ. കെ. എൻ. എ. ഖാദർ: ആ പരാമർശം ഒഴിവാക്കുന്നതിന് ഞാൻ എതിരല്ല. പരാമർശം ഒഴിവാക്കിക്കഴിഞ്ഞതാണ്.

.....(ബഹളം).....

ശ്രീ. സി. പി. മുഹമ്മദ്: ബഹുമാനപ്പെട്ട അംഗം പരാമർശിച്ചത് പുസ്തകത്തിൽ വന്നതല്ലേ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ എന്റെ ഒരു അഭിപ്രായം പറഞ്ഞു. ഞാൻ പറഞ്ഞ കാര്യങ്ങൾ ഒരു പുസ്തകത്തിൽ ഉള്ളതാണ്. പുസ്തകം ഇപ്പോൾ എന്റെ കൈയിൽ ഇല്ല. ഞാൻ പിന്നീട് തരാം.

.....(ബഹളം)..... ഞാൻ അത് ഹാജരാക്കാൻ തയ്യാറാണ്. ഈ സഭയിൽ ആ പരാമർശം വേണ്ട എന്നാണ് തീരുമാനിക്കുന്നതെങ്കിൽ അത് സ്വീകരിക്കുന്നതിന് എനിക്ക് വിരോധമില്ല. ഞാൻ ശ്രീ. സുപാലിന്റെ പരാമർശത്തെക്കുറിച്ചാണ് പറഞ്ഞത്. ആദ്യം പറഞ്ഞുതുടങ്ങിയത് ഈ സംസ്ഥാനത്തെ പ്രത്യേക സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യ ബിൽ ടാക്സ് പിരിക്കുന്നതിനും പുതിയ ഒരു കേരളം സൃഷ്ടിക്കുന്നതിനും സഹായകരമായ ബില്ലാണ് എന്ന് മനസ്സിലാക്കി അതിന് പൂർണ്ണമായ പിന്തുണ പ്രഖ്യാപിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. 1963 മുതൽ കഴിഞ്ഞ 42 വർഷക്കാലമായി നിലവിലുണ്ടായിരുന്ന ഒരു പൊതു വിൽപ്പന നികുതി സംവിധാനം മാറ്റി പുതിയ മൂല്യവർദ്ധിത നികുതി സംസ്ഥാനത്ത് കൊണ്ടുവരാൻ തീരുമാനിച്ചു. Value Added Tax സംസ്ഥാനത്ത് കൊണ്ടുവരാൻ തീരുമാനിച്ച ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഇത് ഒരു ചരിത്രമുഹൂർത്തമായി ഞാൻ കാണുകയാണ്. VAT വികസിത രാജ്യങ്ങളിൽ പലയിടത്തും അനേക വർഷങ്ങളായി നടപ്പിലാക്കിയ ഒന്നാണ്. ഈ സംവിധാനം ഇവിടെ ഏറ്റവും ഗുണകരമായത് നികുതി സംഭരണമേഖലയ്ക്ക് ആണ്. ഈ പുതിയ സംവിധാനം കൊണ്ടുവരാൻ കേന്ദ്രഗവൺമെന്റ് തീരുമാനിക്കുകയും എല്ലാ സംസ്ഥാനവും നടപ്പാക്കുകയും ചെയ്തപ്പോൾ നമ്മുടെ സംസ്ഥാനവും അനുയോജ്യമായ നിയമനിർമ്മാണം നടത്തി ഇത് നടപ്പാക്കാൻ സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. ഇതിനെ കഴിഞ്ഞകാലങ്ങളിൽ നഖശിഖാന്തം എതിർത്തിരുന്നവർപോലും ഇന്ന് ആ എതിർപ്പ് പ്രകടിപ്പിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. എങ്കിലും ഇത് ഒരു നികുതി പരിഷ്കരണം മാത്രമല്ല ഒരു ഭരണ പരിഷ്കാരം കൂടിയാണ്. എങ്കിൽപ്പോലും ചില

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ നിന്ന് ഉയർന്നുവരുന്ന ചില സംശയങ്ങൾ, പ്രത്യേകിച്ച് സേവന വിതരണ മേഖലകളിലുണ്ടാകുന്ന സംശയങ്ങൾ ദൂരികരിക്കാൻവേണ്ട നടപടികൾ കൂടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തെപ്പറ്റി സൂചിപ്പിക്കാനുള്ളത്. അതിനെക്കുറിച്ച് വിശദമായി സംസാരിക്കുന്നില്ല. മറ്റൊരു കാര്യം സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കുന്നതിനെക്കുറിച്ചാണ്. മുമ്പുണ്ടായിരുന്ന സംവിധാനം മാറ്റി fare value നിശ്ചയിക്കുവാനും ശാസ്ത്രീയമായി നിശ്ചയിക്കപ്പെടുന്ന fare value-ന്റെ അടിസ്ഥാനത്തിൽ കൂടുതൽ നികുതി പിരിക്കുന്ന ഒരു സംവിധാനം കൊണ്ടുവരുന്നതിനും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നേരത്തെ ഒരു തീരുമാനം എടുത്തിരുന്നു. Fare value നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് കമ്മിറ്റികളുടേയും ജനപ്രതിനിധികളുടേയും പങ്കാളിത്തത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുപോലും ആ fare value വേണ്ട വിധത്തിൽ കുറ്റമറ്റതാക്കി നിശ്ചയിക്കുന്നതിന് നമുക്ക് കഴിയുന്നില്ല എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അത് ഭാവിയിലും എത്ര പരിശ്രമം നടത്തിയാലും എത്രയൊക്കെ വിശദമായ അന്വേഷണം നടത്തിയശേഷവും നിശ്ചയിക്കുന്നതിനുള്ള ശ്രമം പ്രായോഗികമാക്കുക എന്നത് വളരെ ബുദ്ധിമുട്ടുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടാണ് കഴിഞ്ഞകാലരീതിയിലേക്ക് പ്രത്യേകിച്ച് വസ്തു കൈമാറ്റം ചെയ്യുമ്പോഴുണ്ടാകുന്ന stamp duty സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി തീരുമാനം എടുത്തത്. സംസ്ഥാനത്ത് വസ്തു കൈമാറ്റം ചെയ്യുമ്പോൾ നമുക്കെല്ലാം വളരെ വ്യക്തമായി അറിയുന്ന കാര്യമാണ് അതിന്റെ യഥാർത്ഥ market value-ന്റെ വളരെ കുറഞ്ഞ ഒരു തുക മാത്രമേ Registration Department-ൽ അല്ലെങ്കിൽ ഓഫീസുകളിൽ declare ചെയ്യപ്പെടുകയുള്ളൂ എന്നത്. അത് സമൂഹത്തിന്റെ ഒരു സ്വഭാവമായി മാറിയിരിക്കുന്നു എന്നു പറയാം. Tax evade ചെയ്യുന്നത് സമൂഹത്തിൽ വളരെ വ്യാപകമായി ഉള്ള രീതിയാണ്. അത് ഒഴിവാക്കണം എന്ന് തന്നെയാണ് എന്റെ അഭിപ്രായം. അതിന് ഒരു പുതിയ സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. വസ്തു കൈമാറ്റം നടത്തുമ്പോൾ, രജിസ്ട്രാർ ഓഫീസിൽ നിന്ന് അല്ലെങ്കിൽ അതിന് ബന്ധപ്പെട്ട ഓഫീസിൽ നിന്ന് വസ്തു രജിസ്റ്റർ ചെയ്തു കഴിയുമ്പോൾ വസ്തു ആരുടെതാണ്, ആര് വാങ്ങുന്നു, ആരൊക്കെ കൈമാറ്റം ചെയ്യുന്നു തുടങ്ങിയ വസ്തുവിന്റെ വിശദവിവരങ്ങൾ കാണിച്ചുകൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ പത്രങ്ങളിൽ പരസ്യം കൊടുക്കുന്ന ഒരു സംവിധാനം ചില വിദേശ രാജ്യങ്ങളിൽ ഇപ്പോൾ നിലവിലുണ്ട്. ഇന്നയാളുടെ കൈവശത്തുനിന്ന് ഈ സർവേ നമ്പറിൽപ്പെട്ട ഇത്ര സെന്റ് വസ്തു വാങ്ങിച്ചിരിക്കുന്നു. നിശ്ചയിക്കപ്പെട്ട വില ഇത്രയാണ്, ഇതിനെ സംബന്ധിച്ച് ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അറിയിക്കാം എന്നാണ് പരസ്യം കൊടുക്കുന്നത്. നമ്മുടെ നാട്ടിൽ ഇപ്പോൾ അങ്ങനെയൊരു പ്രൊവിഷൻ ഇല്ല. രജിസ്ട്രാർ ഓഫിസിൽ നിന്ന് അവർ വില നിശ്ചയിച്ചത് കുറഞ്ഞുപോയി എന്നൊരു നോട്ടീസ് അയച്ച് അത് സംബന്ധിച്ച് അപ്പീൽ കൊടുത്ത് വസ്തുവിന്റെ വില നിശ്ചയിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ആ സാഹചര്യം കഴിയുമെങ്കിൽ ഒഴിവാക്കി പരസ്യം കൊടുത്തുതന്നെ ഇത് വ്യക്തമാക്കുന്നത് നന്നായിരിക്കും എന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ആഡംബര നികുതിയെപ്പറ്റി പറഞ്ഞു. ആഡംബരം കൂടിപ്പോകുമ്പോൾ അത് നിയന്ത്രിക്കുന്നതിനുവേണ്ടി ചില നടപടികൾ കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് പലപ്പോഴും എല്ലാവരും പറയുന്ന ഒരു കാര്യം, ഒരു തൊഴിലും ഇല്ലാത്തവർ അനേകലക്ഷം ഉണ്ട്, ദാരിദ്ര്യം അനുഭവിക്കുന്നവർ അനേക ലക്ഷം ഉണ്ട് എന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചത്. എവിടെയും എത്ര ദരിദ്രർ ആയാലും തീരെപ്പാവപ്പെട്ടവർ എന്നു പറയുന്നവർപോലും ആഡംബരത്തിനു പുറകേ പോകാൻ താത്പര്യംകാണിക്കുന്ന ഒരു സംസ്കാരം നമ്മുടെ നാട്ടിൽ ഉണ്ട്. ഇതുപോലുള്ളവ നിയന്ത്രിക്കുന്നതിൽ ചില നടപടികൾ ഉണ്ടാകുന്നതിൽ തെറ്റില്ല എന്ന് ഞാൻ വിശ്വസിക്കുകയാണ്. ഈ ബഡ്ജറ്റിൽ ഇങ്ങനെയൊരു പ്രൊവിഷൻ കൊണ്ടുവന്ന മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇവിടെ കാർഷികാദായ നികുതിയിൽ ചില മാറ്റങ്ങൾ വരുത്തുന്നത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രൊപ്പോസലിൽ കാണുന്നുണ്ട്. എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് കാർഷികാദായ നികുതി വളരെ പരിമിതമാണ്. അത് ഏത് രീതിയിൽ ആയിക്കൊള്ളട്ടെ, കോമ്പൗണ്ടിംഗിലൂടെ ആവട്ടെ, അസസ്മെന്റിലൂടെ ആവട്ടെ ഏതുതരത്തിൽ ആണെങ്കിലും, കോമ്പൗണ്ടിംഗ് ആകുമ്പോൾ സർക്കാരിന് എസ്റ്റാബ്ളിഷ്മെന്റ് ചെലവില്ല. പക്ഷേ അസസ്മെന്റിലൂടെ ആകുമ്പോൾ അതിനുപോകുന്ന ഉദ്യോഗസ്ഥരുടെ ശമ്പളംപോലും അഗ്രികൾച്ചർ ഇൻകം ടാക്സിൽ നിന്ന് സംസ്ഥാന സർക്കാരിന് റിക്കവർ ചെയ്യാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഒരു തീരുമാനമെടുത്താൽ കേരളത്തിന്റെ കാർഷിക മേഖലയിൽ അത് വളരെ നേട്ടങ്ങൾ ഉണ്ടാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. നാലഞ്ചുവർഷം മുൻപ് കേരളത്തിന്റെ സാമ്പത്തിക രംഗം തകർന്നടിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് സാമ്പത്തികമായി പ്രതിസന്ധി നേരിട്ടത് കാർഷിക മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്കൊന്നും ന്യായവില ലഭിക്കുന്ന സാഹചര്യമുണ്ടാകാത്തതുകൊണ്ടാണ്. കാർഷികരംഗം ആകെ തകർന്നടിഞ്ഞ ഒരു സാഹചര്യം ആയി. അതുവഴി കേരളത്തിന്റെ സമ്പദ്ഘടന തകർന്നുപോകുന്നതു നാം കണ്ടു. ഇതിന് ഒരു മാറ്റമുണ്ടായത് കാർഷിക മേഖലയിൽ ഉണർവ്വുണ്ടായപ്പോഴാണ്. റബ്ബറിന് വിലയുണ്ടായപ്പോൾ, നാളികേരത്തിന് വില ഉണ്ടായപ്പോൾ എന്തിന് നെല്ലിനുപോലും മെച്ചപ്പെട്ട വില ലഭിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. വീണ്ടും പിന്നോട്ടുപോകുകയാണ്. ഇപ്പോൾ നെല്ല് സംഭരണം നടക്കുന്നില്ല. ഗവൺമെന്റ് 740-750 രൂപ പ്രഖ്യാപിച്ചു. ആ വിലയ്ക്ക് നെല്ല് സംഭരിക്കാൻ സൊസൈറ്റികൾക്ക് സാധിക്കുന്നില്ല കാരണം ആ പ്രദേശങ്ങളിൽ ആന്ധ്രയിൽ നിന്നും തമിഴ്നാട്ടിൽനിന്നുമൊക്കെ കാലടി പോലുള്ള മോഡേൺ റൈസ് മില്ലുകളിലേക്ക് ധാരാളമായി 500-550 രൂപയ്ക്ക് നെല്ല് വരുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ വിലയ്ക്ക് നെല്ല് സംഭരിക്കാൻ നമുക്ക് കഴിയുന്നില്ല. ഇവിടെ ഹാൻഡിലിംഗ് ചാർജ് കൊടുത്തുതീർക്കാനുണ്ട്. അതിൽ കുടിശ്ശിക ഉണ്ട്. അതിൽകുറച്ച് കൊടുത്തുതീർത്തു. സംഭരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Effective ആകുന്നില്ല. കോട്ടയം, തിരുവാർപ്പ്, ആർപ്പൂക്കര പ്രദേശങ്ങളിൽ 40,000 ടൺ നെല്ല് ഇപ്പോൾത്തന്നെ കെട്ടിക്കിടക്കുകയാണ്. രണ്ടാഴ്ചയായി സംഭരിക്കാൻ കഴിയാതെ ഒരു ലക്ഷം ടണ്ണിൽ കൂടുതൽ നെല്ല് അവിടെ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകും. ഇങ്ങനെയുള്ള സാഹചര്യം കാർഷിക മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കുകയും ആ പ്രതിസന്ധി നമ്മുടെ സമ്പദ്ഘടനയെ നശിപ്പിക്കുകയും ചെയ്യും. അതിന് പരിഹാരം ഉണ്ടാക്കണം. നമുക്ക് കിട്ടുന്ന കാർഷികാദായ നികുതി വളരെ പരിമിതമാണ്. അതിനുവേണ്ടി വെറുതെ ഉദ്യോഗസ്ഥരെ വച്ച് കൃഷിക്കാരെ പീഡിപ്പിക്കുന്നതിന് പകരം കൃഷിക്കാരന്

LIBRARY ARCHIVES Kerala Legislative Assembly

എത്ര ഏക്കർ ഉണ്ടെന്ന് അന്വേഷിച്ച് അവരുടെ വരുമാനം അന്വേഷിച്ച് അവരെ സഹായിക്കുകയാണ് ചെയ്യേണ്ടത്. കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പ്രത്യേകമായ താത്പര്യം കാണിക്കണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങൾ കൂടി ഉണ്ടാകണം. നമ്മുടെ പ്രധാനപ്പെട്ട വരുമാനം സെയിൽസ് ടാക്സാണ്. പക്ഷേ സെയിൽസ് ടാക്സിനെ സംബന്ധിച്ച് ഇന്ന് വ്യാപകമായ പരാതികളൊക്കെയുണ്ടാകും. പക്ഷേ അതിൽ നമുക്ക് റിക്കവറി ചെയ്യാൻ കഴിയുന്നില്ലെന്നുള്ളത് ശരി തന്നെ. എങ്കിൽ പോലും മറ്റ് മേഖലകളിലേക്ക് കടന്ന് ചെല്ലാൻ നമുക്ക് കഴിയണം. ഇവിടെ നിയമസഭയിൽ സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യമുണ്ട്. സർവ്വീസ് മേഖലയിലേയ്ക്ക് കൂടുതൽ ടാക്സ് ചുമത്തുവാനുള്ള സാഹചര്യം ഉണ്ടോയെന്ന് പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റ് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് അത് കേന്ദ്രം കൊണ്ടുപോകുന്ന സാഹചര്യമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കണം. സർവ്വീസ് മേഖലയിൽ ഇന്ന് കേന്ദ്രം ചുമത്തുന്ന ടാക്സ് കേന്ദ്രത്തിലേയ്ക്ക് പോകുന്നതിന് പകരമായി അത് സംസ്ഥാനത്തിന് ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരള ലോട്ടറി നിരോധിച്ചുകൊണ്ട് തീരുമാനമെടുത്തു. അത് പിൻവലിക്കാൻ നടപടികൾ സ്വീകരിച്ചു എന്ന് കേൾക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. ലക്ഷക്കണക്കിന് വരുന്ന തൊഴിൽ രഹിതരായ ആളുകൾക്ക് വരുമാനം ഉണ്ടായിക്കൊണ്ടിരുന്ന മേഖലയിൽ ഇങ്ങനെ ഒരു തീരുമാനമെടുത്തതിന്റെ തെറ്റ് തിരുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചത് നന്നായി. ഒരു കാര്യം കൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കുകയാണ്. നമ്മൾ പിരിച്ചെടുക്കുന്ന തുകയൊക്കെ ചെലവഴിക്കുന്നത് വിവിധ രംഗങ്ങളിലാണ്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടിയിട്ടാണ് ഇക്കാലമത്രയും കൂടുതൽ ചെലവ് ചെയ്തിട്ടുള്ളത്. ആരോഗ്യ മേഖലയിൽ നമുക്ക് വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. വികസിത രാജ്യങ്ങളായ അമേരിക്ക, ഇംഗ്ലണ്ട് പോലുള്ള രാജ്യങ്ങളേക്കാൾ മെച്ചപ്പെട്ട ആയുർദൈർഘ്യം കേരളത്തിലുണ്ട്. നാം ഇനി ഏറ്റവും വലിയ സ്പെഷ്യാലിറ്റികൾക്കുവേണ്ടി പോവുകയാണ്. ടെലി മെഡിസിൻ, കാത്ത് ലാബ് അതുപോലെ തന്നെ ഓപ്പൺ ഹാർട്ട് സർജറി, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ നമ്മുടെ ആശുപത്രികളിൽ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. പക്ഷേ അതോടൊപ്പം നാം മറന്നു പോകുന്ന ഒരു കാര്യമുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ നാം പിന്നോട്ടുപോകുന്ന ഒരു സാഹചര്യം ഇന്ന് കാണുന്നു. അതുകൊണ്ട് നാം നിർമ്മാർജ്ജനം ചെയ്തു എന്ന് വിശ്വസിക്കുന്ന പല പകർച്ച വ്യാധികളും ഇന്ന് തിരിച്ചു വരികയാണ്. പുതിയ പകർച്ച വ്യാധികൾ നമ്മുടെ സമൂഹത്തിലേയ്ക്ക് കടന്നു വരികയാണ്. മാധ്യമങ്ങളിൽ വളരെയേറെ ശ്രദ്ധയാകർഷിച്ച വിഷയമാണ് കോട്ടയം മെഡിക്കൽ കോളേജിൽ മഞ്ഞപ്പിത്തം ബാധിച്ച് പത്ത് പന്ത്രണ്ട് പേർ മരിച്ചു എന്നുള്ളത്. അതിനുശേഷം കോട്ടയം ജില്ലയാകെ മഞ്ഞപ്പിത്തം പടർന്നു പിടിച്ചു. ഇന്ന് നമ്മുടെ ജില്ലയാകെ മഞ്ഞപ്പിത്തം പടരുന്ന ഒരു സാഹചര്യം ഉണ്ടായി. ആ സാഹചര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും മന്ത്രിമാരും ഇടപെട്ട് നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു. ഇനിയും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയാൻ പോകുന്നത് പണമില്ലെന്നായിരിക്കും. അതിന് പണം കണ്ടെത്തണം. നാം സ്പെഷ്യാലിറ്റികളുടെ പുറകേ പോകുന്നതിനോടൊപ്പം തന്നെ അല്ലെങ്കിൽ അതുപോലുള്ള ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ശുചീകരണവും ശീലിക്കണം. കേരളത്തിൽ എല്ലാ മെഡിക്കൽ കോളേജിലും മാലിന്യനിർമ്മാർജ്ജനം വലിയ പ്രശ്നമാകുകയാണ്. ടാക്സ് വിനിയോഗിക്കേണ്ട കാര്യമാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ശുചീകരണത്തിനുള്ള സൗകര്യങ്ങളുണ്ടാക്കണം. ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ബയോ മെഡിക്കൽ വെയ്സ്റ്റ് സംസ്കരിക്കുന്നതിനും കൂടുതൽ തുക മാറ്റിവച്ചുകൊണ്ട് പൊതുജനാരോഗ്യത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു സംവിധാനത്തിൽ എത്താൻ കഴിയണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. നാണു: ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കാർഷിക മേഖലയ്ക്ക് നികുതി ചുമത്തുന്നത് പരിപൂർണ്ണമായി ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനുള്ള ന്യായീകരണങ്ങളൊക്കെ അദ്ദേഹം വിശദമായി പറഞ്ഞു. ആത്മഹത്യയെ കുറിച്ചും പറഞ്ഞു. അതുപോലെ കാർഷിക ഉൽപന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഫലമായി കർഷകത്തൊഴിലാളികൾ, ആദിവാസികൾ അടക്കമുള്ളവർക്ക് വളരെക്കാലമായി തൊഴിൽ ഇല്ലാത്ത അവസ്ഥയാണ്. ആ മേഖലയിൽ നിന്ന് എന്തെങ്കിലും നികുതിയിലൂടെ വസൂലാക്കുന്നത് ഗുണകരമാണോ? നെല്ലിന് ഇത്രയും കുറച്ച് വില ഈ അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ല. സർക്കാർ താങ്ങുവില നിശ്ചയിച്ചു. കൃഷിക്കാരിൽനിന്ന് നെല്ല് വാങ്ങാൻ സർക്കാർ സന്നദ്ധമാകണം. അടുത്ത വർഷം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നും അരിയും ഗോതമ്പും സംഭരിക്കുന്നു. എല്ലാ സംസ്ഥാനങ്ങളും ആ സംസ്ഥാനത്തിന്റെ ആവശ്യത്തിനുമാത്രമേ നെല്ല് ഉൽപാദിപ്പിക്കുന്നുള്ളു. അതിലും കുറവ് ഉൽപാദിപ്പിക്കുന്ന സംസ്ഥാനങ്ങളുമുണ്ട്. പക്ഷേ ആ സംസ്ഥാനങ്ങളിൽനിന്നും നെല്ല് വാങ്ങിക്കാൻ ഫുഡ് കോർപ്പറേഷൻ തീരുമാനമെടുത്തു. സംസ്ഥാന ഗവൺമെന്റ് ഫുഡ് കോർപ്പറേഷനെ സമീപിച്ച് പാലക്കാടും കുട്ടനാടും തൃശ്ശൂരും ഇടുക്കിയിലുമെല്ലാം ഉൽപാദിപ്പിക്കുന്ന നെല്ല് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഫുഡ് കോർപ്പറേഷൻ വാങ്ങുന്നതുപോലെ നമ്മുടെ നെല്ലും അവരെക്കൊണ്ട് വാങ്ങിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് എന്തുകൊണ്ട് സന്നദ്ധമാകുന്നില്ല? മറ്റൊന്ന് കല്യാണമണ്ഡപങ്ങളുടെ കാര്യമാണ്. കല്യാണമണ്ഡപങ്ങളിൽ പോകുന്നവരിൽ ആഡംബര പ്രിയരായവർ ഉണ്ടാകാം. പതിനായിരക്കണക്കിന് രൂപ വാടക കൊടുക്കേണ്ട എയർ കണ്ടീഷൻ ചെയ്ത കല്യാണമണ്ഡപങ്ങളുണ്ട്. സ്വന്തം വീട്ടിൽ വച്ച് വിവാഹം നടത്താൻ സൗകര്യമില്ലാത്ത പാവപ്പെട്ടവരായ ആളുകൾക്ക് കല്യാണ മണ്ഡപങ്ങളിൽ പോകുക മാത്രമേ നിർവ്വാഹമുള്ളു. ആ കല്യാണമണ്ഡപങ്ങളിൽ ഭക്ഷണം പാകം ചെയ്തുകൊടുക്കാൻ എല്ലാ സൗകര്യവുമുണ്ട്. ഇടത്തരക്കാരായ ആളുകൾക്ക് ഇവിടെ പറഞ്ഞതുപോലെ വസ്ത്രം; ആഭരണം ഇവയ്ക്കൊക്കെ പണം ചെലവഴിച്ചിട്ട് സാധാരണ നിലയ്ക്ക് തങ്ങളുടെ വീടുകളിൽ കല്യാണം നടത്തിയാൽ ചെലവ് വർദ്ധിക്കുമെന്നുള്ളതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

കല്യാണമണ്ഡപങ്ങളെ ആശ്രയിക്കുന്നത്. പതിനായിരം ഉറുപ്പിക വരെ വാടക വസൂലാക്കുന്ന കല്യാണമണ്ഡപങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കിയാൽ നന്നാവില്ലേയെന്ന് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് തെരഞ്ഞെടുപ്പിൽ യു.പി.എ. യുടെ പ്രധാനമായ പ്രഖ്യാപനം ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവയ്ക്ക് കഴിഞ്ഞ ഗവൺമെന്റുകൾ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ സംഖ്യ വകയിരുത്തുക എന്നുള്ളതായിരുന്നു. അതനുസരിച്ച് കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ കാലത്ത് ഇലക്ഷനെ വിലയിരുത്തിയ അവസരത്തിൽ നമുക്കെല്ലാം പ്രതീക്ഷയുണ്ടായിരുന്നു. അതിനു കാരണം ഇവിടെ പൊതു വിദ്യാഭ്യാസത്തിന് പണം ചെലവഴിക്കുമ്പോൾ കുറയുന്നു. അതുപോലെ ആരോഗ്യ പരിപാലനത്തെക്കുറിച്ച് ഇവിടെ പരിശോധിച്ചു. സാംക്രമിക രോഗങ്ങൾ ഉണ്ടായിരുന്ന അവസരത്തിൽപോലും ഫലപ്രദമായി തടയാൻ ആവശ്യമായ ഫണ്ട് നമ്മുടെ ആരോഗ്യ വകുപ്പിന്റെ കൈവശമില്ല. പക്ഷേ ഇൻഡ്യാഗവൺമെന്റ് രണ്ട് മേഖലയ്ക്കും പണം വച്ച അവസരത്തിൽ കേരളം അതിൽ കുറേ മുന്നോട്ടാണെന്ന് പറഞ്ഞുകൊണ്ട് കേരളത്തിന് ഫണ്ട് വച്ചില്ല. ഇൻഡ്യാ ഗവൺമെന്റിന്റെ മുൻപാകെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിലും ശക്തമായ രൂപത്തിൽ ഇവിടെ പടരുന്ന സാംക്രമിക രോഗങ്ങളും അതിന്റേതായ ഭവിഷ്യത്തും ബോധ്യപ്പെടുത്തിക്കൊണ്ട് അടിയന്തിരമായി കേന്ദ്ര സഹായം ലഭിക്കേണ്ടത് ബോദ്ധ്യപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പണം ചെലവഴിക്കാൻ സ്റ്റേറ്റിന് ആവില്ലെന്ന് പറഞ്ഞുകൊണ്ട് കേരളത്തിൽ ഇതുവരെയുണ്ടായ വിദ്യാഭ്യാസ സമ്പ്രദായത്തെ തകിടം മറിക്കുന്ന സാഹചര്യത്തിൽ ഇവിടെ പൊതു വിദ്യാഭ്യാസത്തിൽ സർക്കാർ മേഖലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് പോലും അനുവദിച്ചിട്ടില്ല. ഇവിടെ പലപ്പോഴും ഓരോ പ്രാവശ്യവും ബഡ്ജറ്റ് വരുന്ന അവസരത്തിൽ ഈ വർഷം പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് നടപ്പാക്കാൻ പോകുന്നുവെന്നൊക്കെ വിദ്യാഭ്യാസമന്ത്രിമാർ പറയും. ഇതുവരെ നടന്നിട്ടില്ല. രാജസ്ഥാൻകാരും ബീഹാറുകാരും ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ ഉന്നത ബിരുദങ്ങൾ നേടുന്നതിൽ നമ്മളേക്കാളും വളരെ മുൻപിലാണ്. മൊത്തത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പിറകിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം, അതേ സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തിന് ഇൻഡ്യാ ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്ന അവസരത്തിൽ കേരളത്തിന് എന്തുകൊണ്ട് അനുവദിച്ചില്ലെന്ന് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. സർ, മറ്റൊരു പ്രശ്നം നമ്മുടെ സ്റ്റേറ്റിന്റെ വരുമാനമാർഗ്ഗം പ്രധാനമായി ഏതു രൂപത്തിലായിരിക്കണം എന്നുള്ളതാണ്. ഞാനിതു പറയുമ്പോൾ നിങ്ങൾ തെറ്റിദ്ധരിക്കരുത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുവേളയിൽ, തിരുവനന്തപുരത്ത് മദ്യവർജ്ജന സമിതിയുടെ ആളുകൾ മദ്യം ഉപയോഗിക്കുന്നതിനെതിരായി, സർക്കാർ നിലവാരത്തിൽ തന്നെ മദ്യം നിരോധിക്കണമെന്നു പറഞ്ഞ് സത്യാഗ്രഹം അനുഷ്ഠിച്ചപ്പോൾ മദ്യവർജ്ജന സമിതിയുടെ ആളുകളോടൊത്തു പോയി അവർക്കനുകൂലമായി യു.ഡി.എഫ്. നേതാക്കന്മാർ പ്രസംഗിച്ചതാണ്. നമ്മുടെ വരുമാനമാർഗ്ഗത്തിൽ പ്രധാനമായത് മദ്യമാണ്. മദ്യം വിറ്റു കിട്ടുന്ന വരുമാനം ഒരു പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണ്. ഇതല്ലാതെ മറ്റു മേഖലകളിലൂടെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ടോ? സാമ്പത്തികമായി കഴിവുള്ള ആളുകളിൽ നിന്ന്, കൊക്കകോള

LIBRARY ARCHIVES Kerala Legislative Assembly

പോലുള്ള ഉയർന്ന വിലയ്ക്ക് വിൽക്കുന്ന ശീതളപാനീയങ്ങളിൽനിന്ന് ഏതു തരത്തിലാണ് നമ്മൾ നികുതി വസൂലാക്കാൻ ശ്രമിക്കുന്നത്? ഇതിനൊരു കാഴ്ചപ്പാട് വേണ്ടേ? കൃഷിക്കാരെയും പാവപ്പെട്ട ആളുകളെയും ദ്രോഹിക്കാത്ത രീതിയിൽ ചെയ്യണം. നമ്മുടെ സ്റ്റേറ്റിന്റെ മൊത്തത്തിലുള്ള നിലവാരം നോക്കുന്ന അവസരത്തിൽ ചെലവാക്കാൻ സാധിക്കാത്തത്ര രൂപത്തിൽ പണം ചെലവഴിക്കുന്നവരുണ്ട്. ഏതിനാണോ അവർ പണം ചെലവഴിക്കുന്നത് ആ മേഖലകൾക്ക് പണം ചെലവഴിക്കാൻ സാധിക്കുന്നു.....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, അഞ്ച് ഹെക്ടർ വരെയുള്ള കൃഷിക്കാരെ ഒഴിവാക്കിയിട്ടുണ്ട് എന്നറിയാമോ? അതിനു മുകളിലുള്ളവർക്കു വേണ്ടിയാണോ വാദിക്കുന്നത്?

ശ്രീ. സി. കെ. നാണു: അവർക്കു വേണ്ടിയല്ല. നാലഞ്ചു കൊല്ലമായി കേരളത്തിലെ കാർഷിക മേഖലയിലുള്ള ആളുകൾ പട്ടിണിയിലാണ്. കൃഷിക്കാർ മാത്രമല്ല പട്ടിണിയാകുന്നത്, കർഷകത്തൊഴിലാളികളും കാർഷികമേഖലയിലുള്ള, കൃഷിയുമായി ബന്ധപ്പെട്ട പാവപ്പെട്ട ആളുകളാണ്. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ കാർഷിക മേഖലയോട് ഉദാരമായ സമീപനം സ്വീകരിക്കാതെ വരുന്നത് ശരിയല്ല. മറ്റു മേഖലകളിൽനിന്ന് മാത്രമല്ല, കൃഷിക്കാരിൽ നിന്നുകൂടിയാണ് മൊത്തത്തിലുള്ള വരുമാനമുണ്ടാകുന്നത് കൃഷിയെ സഹായിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിനാണ് മെച്ചം ഉണ്ടാകുന്നത്. അതുകൊണ്ട് ആ മേഖലയിലെ നികുതി വസൂലാക്കുന്നതിനു പകരം പുതിയ മേഖലകളിലേക്ക് സാമ്പത്തികമായി കഴിവുള്ള ഏജൻസികളെക്കൊണ്ട്.... ഞാൻ സപ്പോർട്ട് ചെയ്യുന്നത് ഈ രാജ്യത്തിലെ വൻകിട മുതലാളിമാർക്കു വേണ്ടിയല്ല. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുന്നതിന്, ദ്രോഹകരമായി ഭവിക്കുന്നതായി എന്തെല്ലാമുണ്ടോ അതിനെയെല്ലാം ഒഴിവാക്കുന്നതിനും സാമ്പത്തികമായി കഴിവുള്ള മേഖലകളിൽ നിന്ന് സ്റ്റേറ്റിന്റെ ഭരണം നടത്തിക്കൊണ്ടുപോകാനുള്ള നികുതി വസൂലാക്കുന്നതിനും സഹായകരമായ ഒരു സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാകണം. ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാമെന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. സുജനപാൽ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ പിൻതാങ്ങുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ച് പിറ്റേ ദിവസം അവതരിപ്പിച്ച ഈ ബില്ലിന്റെ പശ്ചാത്തലം നമുക്കെല്ലാം അറിയാവുന്നതു പോലെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒട്ടനവധി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഞങ്ങളൊക്കെ പ്രതീക്ഷിച്ചത്, സുനാമി ദുരന്തത്തിനുശേഷം അവതരിപ്പിക്കുന്ന ബഡ്ജറ്റ് എന്നുള്ള നിലയിൽ നിരവധി ടാക്സുകൾ ചുമത്തി ഈ സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ഒരു സൃഷ്ടിപരമായ കാഴ്ചപ്പാടിലൂടെ ദേശീയ തലത്തിലുണ്ടാകുന്ന മാറ്റങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചതും അതിന്റെ പശ്ചാത്തലത്തിൽ ഉൾക്കൊള്ളുന്ന നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഈ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ ബിൽ അവതരിപ്പിച്ചതും. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം VAT നിർദ്ദേശങ്ങൾ നടപ്പാക്കിയതിനുശേഷം അവതരിപ്പിക്കുന്ന ബിൽ എന്നുള്ള നിലയിൽ ദേശീയ തലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ ഒരു പശ്ചാത്തലം അതിനുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, മറ്റു സംസ്ഥാനങ്ങളിലൊക്കെ VAT നടപ്പാക്കുന്ന സന്ദർഭത്തിൽ കേരളത്തിനകത്ത് അത് ഒഴിച്ചുനിർത്താൻ സാധ്യമല്ല, കഴിഞ്ഞ തവണ അതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉണ്ടായിരുന്നെങ്കിലും അത് നടപ്പാക്കാൻ പറ്റാത്ത സാഹചര്യമുണ്ടായി. ഇനി അധികം മുന്നോട്ടുപോകാൻ സാധിക്കുകയില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വ്യാപാരികളും വ്യവസായികളുമൊക്കെ VAT നടപ്പാക്കുന്നതിനെതിരായി സമരം പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു തെറ്റിദ്ധാരണ ഈ കാര്യത്തിൽ ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമെന്നു പറയുന്നത് VAT-ൽ നിന്ന് ഒഴിഞ്ഞു മാറാൻ പറ്റില്ല എന്നതാണ്. പക്ഷേ കേരളത്തിന്റെ താൽപ്പര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നോക്കുകയാണെങ്കിൽ VAT അനിവാര്യവുമാണ്. ഒരുദാഹരണമുണ്ട്. അത് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു. നമ്മുടെ അയൽ സംസ്ഥാനമാണ് പോണ്ടിച്ചേരി. കോഴിക്കോട് ജില്ലയുടെ തൊട്ടടുത്ത പ്രദേശമാണ് മാഹി. മാഹിയിൽ ടാക്സ് കുറവാണ്. അതുകൊണ്ട് അവിടെപ്പോയി സാധനങ്ങൾ വാങ്ങുന്ന ഒരു രീതിയുണ്ട്. മാത്രമല്ല, അവിടെ ആവശ്യമുള്ളതിന്റെ നൂറിരട്ടി ലിക്കർ ആണ് ചെലവാകുന്നത്. അതിനൊക്കെ ടാക്സ് ഈടാക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. അതൊരു നല്ല നടപടിയായിട്ടാണ് തോന്നുന്നത്. കേരളത്തിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. അതിനെ തടയിടാൻ വേണ്ടിയുള്ള നടപടികൾ ഈ ബില്ലിലും ബഡ്ജറ്റിലുമുണ്ട് എന്നുള്ളത് വളരെ ആശ്വാസകരമായ നടപടിയാണ്. കാർഷികമേഖല, വ്യവസായമേഖല, തുടങ്ങിയവയെക്കുറിച്ച് എല്ലാ ബഡ്ജറ്റിലും നമ്മൾ കാണുന്നതെന്താണ്? നമ്മൾ കോടിക്കണക്കിന് രൂപ കാർഷിക വികസനത്തിനും വ്യവസായ വികസനത്തിനും വേണ്ടി നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ അതുകൊണ്ട് വ്യവസായ രംഗത്തും കാർഷിക രംഗത്തും കാര്യമായ പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ? ഒരു തുറന്ന ചർച്ച ആ കാര്യത്തിൽ ആവശ്യമല്ലേ? ഇത്തവണത്തെ സാമ്പത്തിക അവലോകനത്തിൽ സംസ്ഥാനം ഒരു വലിയ പ്രതിസന്ധിയിലേക്ക് പോകുന്നതിനെക്കുറിച്ച് ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. അനാവശ്യചെലവുകൾ കുറയ്ക്കുകയും പാവപ്പെട്ടവരുടെ വികസനത്തിനുതകുംവിധം റവന്യൂ വരുമാനം കൂട്ടി വിഭവ സമാഹരണം നടത്തുകയും ചെയ്തില്ലെങ്കിൽ സംസ്ഥാനം 2001-ൽ സാമ്പത്തിക അരാജകത്വത്തിലേക്ക് വീണ്ടും വഴുതിവീഴുമെന്ന് സംസ്ഥാന ബഡ്ജറ്റിനു മുന്നോടിയായി പുറത്തിറക്കിയ സാമ്പത്തിക അവലോകനത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഒട്ടേറെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടും സംസ്ഥാനത്തിന്റെ പൊതുക്കടം കഴിഞ്ഞ മാർച്ചിൽ 37,452.21 കോടി രൂപയായ സാഹചര്യത്തിൽ സാമ്പത്തിക അച്ചടക്കം കൂടുതൽ കർശനമാക്കുകയും 2002-ൽ ആരംഭിച്ച സാമ്പത്തിക പരിഷ്ക്കരണത്തിലെ നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യണമെന്ന് അവലോകനം നിർദ്ദേശിക്കുകയും ചെയ്യുന്നു. ആളോഹരി വരുമാനം 12,109 കോടി രൂപയായി വർദ്ധിച്ചു. ദേശീയ ശരാശരി 11,684 കോടി രൂപയാണ്. എന്നാൽ കേരളത്തിന്റെ ആളോഹരി കടം 11,736 കോടി രൂപയായി വർദ്ധിച്ചത് വാസ്തവത്തിൽ വലിയ തിരിച്ചടിയായി. ഇത് 2002-ൽ 8342 കോടി രൂപയായിരുന്നു. അതു മറ്റു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ശരാശരി 5734 കോടി രൂപയായി ഇന്ന് വർദ്ധിച്ചിട്ടുണ്ട്. കാർഷിക രംഗത്തും വ്യവസായ രംഗത്തും നമ്മൾ പണം നീക്കി വയ്ക്കുന്നുണ്ടെങ്കിലും അതിന് ഗുണകരമായ ഒരു മാറ്റവുമുണ്ടാക്കാൻ കേരളത്തെ സംബന്ധിച്ച് സാധിച്ചിട്ടില്ല. പുതിയ മേഖലകൾ കണ്ടെത്തണം. എങ്കിൽ മാത്രമേ നമുക്ക് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ടാക്സ് ചുമത്തി സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുക എന്നുള്ള ഒരു സാമ്പത്തിക നയം, ഒരു സാമ്പത്തിക ശൈലി സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങൾക്ക് ഗുണകരമല്ല. അപ്പോൾ അതിനനുയോജ്യമായിട്ടുള്ള ഒരു വികസന സംസ്ക്കാരം നമുക്ക് വളർത്തിയെടുക്കണം, എങ്കിൽ മാത്രമേ രക്ഷയുള്ളൂ. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായ രംഗത്തും കാർഷിക രംഗത്തും നമ്മൾ കോടികൾ മുതൽ മുടക്കിയിട്ടുണ്ടെങ്കിലും അതിൽ നിന്നൊന്നും കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടില്ല. പക്ഷേ ഐ. ടി. മേഖലയിൽ 907 കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാൻ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സാധിച്ചു. 7300 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. ടൂറിസം രംഗത്ത് നേരിട്ടും അല്ലാതെയുമായി 8 ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായ രംഗത്ത് നമ്മൾ മുതൽമുടക്കുന്നതിന് ഫലം ലഭിക്കാത്ത സാഹചര്യമാണ്. കാർഷിക രംഗത്തെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷിക രംഗം ഇന്ന് പ്രതിസന്ധിയിലാണ്. കാർഷിക നികുതിയിനത്തിൽ നമുക്കെന്താണ് വരുമാനം കിട്ടുന്നത്? ഒട്ടാകെ കിട്ടുന്നത് ഒന്നോരണ്ടോ കോടി രൂപയാണ്. കർഷകരാണെങ്കിൽ വലിയ പ്രതിസന്ധിയിലാണ്. കാർഷികോല്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് കാർഷിക നികുതി പൂർണ്ണമായും എടുത്തുകളയണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. എന്നിട്ട് അതിനനുയോജ്യമായ രീതിയിൽ മറ്റു മേഖലയിൽ, കേരളത്തിന്റെ വികസനവുമായി ബന്ധപ്പെടുന്ന മേഖലയിൽ നമ്മൾ കൂടുതൽ പണം ചെലവഴിക്കുകയും വേണം. എങ്കിൽ മാത്രമേ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് അഭിമാനിക്കാവുന്ന ഏക മേഖല നമ്മുടെ മനുഷ്യവിഭവശേഷിയല്ലേ? മനുഷ്യ വിഭവശേഷിയിൽ കേരളത്തിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളാണ് വാസ്തവത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറയെന്നു പറയാം. കാരണം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നമ്മുടെ മനുഷ്യ വിഭവശേഷി കേരളത്തിനുവേണ്ടി മാത്രമുള്ളതല്ല; അത് ലോകത്തിനുവേണ്ടിയുള്ളതാണെന്ന് വേണമെങ്കിൽ പറയാം. കാരണം മലയാളികൾ അടക്കമുള്ള നമ്മുടെ സഹോദരന്മാർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, നഴ്സുമാർ ഇവരൊക്കെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിപ്പെട്ട് അവർ നമുക്ക് അയയ്ക്കുന്ന പണമാണ്—അതായത് വാസ്തവത്തിൽ എൻ.ആർ.ഐ.യുടെ വരുമാനമാണ് കേരളത്തിന്റെ സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു പുതിയ നയം, ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും കേരളത്തിന് കേന്ദ്ര സഹായമില്ലെന്നുള്ള നിലപാടെടുത്തു. അത് വളരെ നിഷേധാത്മകമായ നിലപാടാണ്. കേരള മോഡൽ വികസനമെന്ന് പറയുന്നതിന്റെ അടിത്തറ കേരളത്തിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ഉണ്ടാക്കിയിട്ടുള്ള നേട്ടമാണ്. അപ്പോൾ അത് നഷ്ടപ്പെടാൻ പോകുന്ന ഒരു സാഹചര്യമാണ്. ഇപ്പോൾത്തന്നെ ആരോഗ്യ രംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. ആരോഗ്യ രംഗത്ത് കേരളം

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനകരമായ നേട്ടമുണ്ടാക്കിയിട്ടുണ്ടെന്ന് നമ്മൾ അഭിമാനിക്കുന്നുണ്ട്. അതേ സന്ദർഭത്തിൽത്തന്നെ കേന്ദ്ര സഹായം ലഭിക്കാൻ സാധ്യതയില്ലെന്നുള്ളത് കേരളത്തിന്റെ ആരോഗ്യരംഗത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ആശങ്കകൾ ഉണ്ടാക്കിയിട്ടുണ്ട്. എനിക്ക് പറയാനുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും കേന്ദ്രത്തിൽനിന്നും സഹായം കൂടുതൽ ലഭിക്കേണ്ടതുണ്ട്. നമ്മൾ ഏറ്റവും കൂടുതലായി ശ്രദ്ധിക്കേണ്ടത് ഈ രണ്ട് മേഖലയിലുമാണ്. കാർഷിക രംഗത്തും വ്യവസായ രംഗത്തും നമ്മൾ മുതൽമുടക്കുന്നത് തെറ്റല്ല. എങ്കിൽപ്പോലും നമുക്ക് നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. ഈ രണ്ട് മേഖലയിലും നമുക്ക് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടാക്കി എന്നുപറയുന്നത് വളരെ ദൗർഭാഗ്യകരമായിരിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ, ഈ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിലേക്ക് നമ്മുടെ വിദ്യാർത്ഥികൾ കൊടുത്തുകൊണ്ടിരുന്ന കോടിക്കണക്കിന് രൂപ, അത് ഈ സംസ്ഥാനത്തുതന്നെ നിന്നു. അത് കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ ആരോഗ്യരംഗവും കേരളത്തിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ആശുപത്രികൾ, സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ അതും കേരളത്തിന്റെ സമ്പദ് ഘടനയിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. കാരണം ഇന്ന് വിദേശത്തുനിന്നുപോലും ആളുകൾ ചികിത്സയ്ക്കുവേണ്ടി കേരളത്തിലെത്തുന്ന ഒരു സാഹചര്യമുണ്ട്. അപ്പോൾ അതുണ്ടാകാനുള്ള കാരണം അത്യാധുനിക രീതിയിലുള്ള ആശുപത്രികൾ ഇവിടെ നിർമ്മിക്കാൻ സാധിച്ചു എന്നതാണ്. അതിനനുയോജ്യമായ ഇൻവെസ്റ്റ്മെന്റ് വരികയും ചെയ്തു. അതൊരു വലിയ മാറ്റമാണ്. അതുപോലെ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയിലായാലും പൊതുമേഖലയിലായാലും ആര് എവിടെ ഇൻവെസ്റ്റ് ചെയ്താലും നമ്മൾ സ്വാഗതം ചെയ്യുകയാണ്. ആഗോളവൽക്കരണത്തിന്റെ ഗുണകരമായ അംശങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. അതാണ് ലോകത്തുവരുന്ന ഏറ്റവും പ്രധാനപ്പെട്ട മാറ്റം. അത് ഉൾക്കൊണ്ടുകൊണ്ട് നമുക്ക് മുമ്പോട്ടുപോകാൻ സാധിക്കണം. ബംഗാളിനെപ്പറ്റി പലരും പറയാറുണ്ട്. ബംഗാൾ എങ്ങനെ പുരോഗതിയിലേക്ക് നയിക്കപ്പെട്ടുവെന്നത് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിതന്നെ നിയമസഭയിൽ പറയുകയുണ്ടായി. പക്ഷേ അവരുടെ നയം കേരളത്തിന്റെ വികസനത്തിന് ഒട്ടും യോജിച്ചതല്ല. ഇവിടെ ഏറ്റവും ഒടുവിലായി നമ്മുടെ പ്രതിപക്ഷനേതാവ് നന്ദിപ്രമേയ ചർച്ചയിൽ പറഞ്ഞ കാര്യം കൊച്ചിയിലെ smart city-യ്ക്കെതിരായി അദ്ദേഹം ഉയർത്തിയിട്ടുള്ള ആരോപണം വളരെ ദൗർഭാഗ്യകരമായിപ്പോയി. എന്നിട്ട് ആരോപണം പേടിച്ച് വികസന പദ്ധതികൾ നടപ്പാക്കാതിരിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇവിടെ പറയുകയും ചെയ്തു. കാരണം വികസനത്തെ നിഷേധാത്മകമായി കാണുന്ന രീതി ഒട്ടും ശരിയല്ല. കൊച്ചിയിൽ ദുബായ് സ്ഥാപനം വികസിപ്പിച്ചെടുത്ത smart city-യുടെ മറവിൽ സ്വകാര്യ വ്യക്തികൾക്ക് സൗജന്യമായി ഭൂമി നൽകുന്നു എന്നാണ് പ്രതിപക്ഷനേതാവിന്റെ ആരോപണം. ഐ. ടി. നയത്തിലെ വ്യവസ്ഥയനുസരിച്ച് 49 കമ്പനികൾക്ക് അനുവദിച്ച സൗജന്യം മാത്രമാണ് smart city-ക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ സൃഷ്ടിപരമായ കാഴ്ചപ്പാടും സമീപനവും ഈ കാര്യത്തിൽ പ്രതിപക്ഷങ്ങൾക്കുണ്ടാകണം പ്രത്യേകിച്ചും, മാർക്സിസ്റ്റ് പാർട്ടിക്ക്. പക്ഷേ മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം വളരെ സങ്കുചിതമായ

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചപ്പാടാണ് ഇത്തരം വികസന കാര്യങ്ങളോട് കാണിക്കുന്നത്. പ്രത്യേകിച്ചും പ്രതിപക്ഷനേതാവ് വിശാലമായ കാര്യങ്ങളെക്കുറിച്ച് പറയുകയും അദ്ദേഹത്തിന്റെ മനസ് ചെറുതായിപ്പോവുകയും ചെയ്യുന്ന ഒരവസ്ഥയാണ് നമ്മൾ കാണുന്നത്. അതുകൊണ്ട് കേരളത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും യോജിച്ച ഒരു വികസന സംസ്ക്കാരം വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങളുണ്ടാവുകയുള്ളൂ. പ്രത്യേകിച്ചും നമ്മൾ ഏറ്റവും കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്ന ഐ.ടി. മേഖലയിലും ടൂറിസം മേഖലയിലും. അതുകൊണ്ട് സംസ്ഥാനത്തിന്റെ ഒരു സാമ്പത്തിക നയമെന്നുള്ള നിലയിൽ കാർഷിക രംഗത്തും വ്യവസായ രംഗത്തും നമ്മൾ മുതൽ മുടക്കുന്നതിനേക്കാൾ കൂടുതൽ മുതൽ മുടക്കേണ്ടത് നമ്മുടെ മനുഷ്യവിഭവശേഷി വികസന മേഖലയിലാണ്, അതുപോലെ ടൂറിസം വികസനത്തിനും ഐ. ടി. മേഖലയുടെ വികസനത്തിനുമാണ്. എങ്കിൽ മാത്രമേ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ അയൽ സംസ്ഥാനമായ കർണാടകത്തിൽ, ബ്യാംഗ്ലൂർ ഇന്ന് Cyber city of India എന്നുപറയുന്ന ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്. Multi- National company-കൾ വരെ അവിടെ invest ചെയ്യാൻവേണ്ടി ക്യൂ നിൽക്കുന്ന അവസ്ഥയുണ്ട്. എന്തുകൊണ്ട് കേരളത്തിൽ വരുന്നില്ല? കേരളത്തിൽനിന്നുള്ള ഐ. ടി. വിദഗ്ദ്ധരായ നമ്മുടെ പുതിയ തലമുറയിൽപ്പെട്ട എഞ്ചിനീയർമാരാണ് അവിടെ പല കമ്പനികൾക്കും നേതൃത്വം നൽകുന്നത്. പക്ഷേ അവരുടെ കഴിവുപയോഗിച്ചുകൊണ്ട് കേരളത്തിന്റെ വികസനത്തിനുവേണ്ടി ഈ ഐ.ടി. മേഖലയെ ഉപയോഗപ്പെടുത്താൻ നമുക്ക് വേണ്ടത്ര സാധിച്ചിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ രക്ഷയ്ക്കുവേണ്ടി നമ്മൾ ഏറ്റവും കൂടുതൽ മുതൽമുടക്കേണ്ടത് ടൂറിസ്റ്റുമേഖല, ഐ.ടി.മേഖല, വിദ്യാഭ്യാസ മേഖല എന്നിവയ്ക്കാണ്. ഈ മേഖലകളിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ടുമാത്രമേ കേരളത്തിന് രക്ഷയുള്ളൂ. അതിന് അനുയോജ്യമായിട്ടുള്ള ഒരു സാമ്പത്തിക നയമാണ് ഗവൺമെന്റ് കൈക്കൊള്ളേണ്ടത് എന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ ധനകാര്യബില്ലിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. തിരുവിതാംകൂറിൽ കുത്തഴിഞ്ഞു കിടന്നിരുന്ന സാമ്പത്തിക രംഗത്തെ ഏറ്റവും ശക്തമായി പുനഃസംഘടന നടത്തിയത് തലക്കുളത്തു വേലുതമ്പിയായിരുന്നു. ആ വേലുതമ്പിയുടെ ചിന്ന തമ്പിയെന്നു വേണമെങ്കിൽ നമുക്ക് ധനകാര്യ വകുപ്പുമന്ത്രിയെ വിശേഷിപ്പിക്കാം. അദ്ദേഹം എന്നും ഒരു മാൻ ഓഫ് ആക്ഷൻ ആയിരുന്നു. കേരളത്തിൽ അദ്ദേഹം തൊഴിൽ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, ടൂറിസം വകുപ്പുമന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ആൻഡമാൻ നിക്കോബാർ ദ്വീപിൽ എല്ലാ വകുപ്പിന്റേയും കൂടി മന്ത്രിയായിരുന്നു. ഈ സ്ഥാനങ്ങളിലെല്ലാം ഇരിക്കുമ്പോൾ അദ്ദേഹം തന്റെ മികവ് എപ്പോഴും തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ ദ്വീപിലെ സെല്ലുലാർ ജയിൽ ഇന്നൊരു ടൂറിസ്റ്റ് കേന്ദ്രമാണ്. 45 വർഷം അവിടെ നടക്കാതിരുന്ന ഒരു കാര്യമാണ് അദ്ദേഹം ചെയ്തത്. അവിടെ ഒരു പാർക്ക് തീർത്ത് അതൊരു സ്വാതന്ത്ര്യത്തിന്റെ സ്മാരകമായി പുനഃസംഘടിപ്പിക്കാൻ മൂന്ന് മാസം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അദ്ദേഹത്തിന് കഴിഞ്ഞതുപോലെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. ആ കഴിവാണ് അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഇവിടെ പ്രകടിപ്പിക്കാൻ ഉദ്ദേശിച്ചത്. ഇന്നലെ ഇവിടെ പരാമർശിക്കപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് ഒരു വാക്ക് പറയേണ്ടിയിരിക്കുന്നു. വിതുര പെൺവാണിഭക്കേസ്സിൽ അജിതാബീഗത്തിനു സംഭവിച്ചതാണ് എന്റെ നിയോജകമണ്ഡലത്തിന്റെ ബോർഡറിലുള്ള, കണ്ണനെല്ലൂരിലെ ആ പെൺകുട്ടിക്കു സംഭവിച്ചത്. അജിതാബീഗം ആസിഡ് ഉള്ളിൽ ചെന്നാണ് മരിച്ചത്. പക്ഷേ വായും ചുണ്ടുമൊന്നും പൊള്ളിയിട്ടില്ല. ട്യൂബ് വഴിയാണ് ആസിഡ് ഉള്ളിൽ ഇറക്കിക്കൊടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായിരുന്നു അന്നത്തെ സാഹചര്യം എന്നുള്ളതിനെ സംബന്ധിച്ച് സി.പി.ഐ. (എം)-ന്റെ നേതാക്കൾ ആലോചിച്ചു നോക്കണം. അതുപോലെ എനിക്കു പറയാനുള്ളത് കൊട്ടിയത്തെ കേസ് ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ടോ ക്രൈംബ്രാഞ്ചിനെക്കൊണ്ടോ അന്വേഷിപ്പിക്കണമെന്നും ഇപ്പോൾ കുറ്റം ഏറ്റുപറഞ്ഞിരിക്കുന്ന സഹോദരനെ പോളിഗ്രാഫ് ടെസ്റ്റിനു വിധേയമാക്കണമെന്നുമാണ്. ഈ കേസ്സിൽ സമ്പന്നരോ ഏതെങ്കിലും വിധത്തിൽ സ്വാധീനമുള്ളവരോ ഇല്ലെന്നാണ് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ട് പത്രസമ്മേളനം നടത്തി പറഞ്ഞിരിക്കുന്നത്. എങ്കിലും ജനങ്ങൾക്കിടയിൽ ഇതു സംബന്ധിച്ച് ചില ദുരൂഹതകൾ നിലനിൽക്കുന്നുണ്ട്. ഒരു ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടായിരുന്നു എന്ന ഒരു ധാരണ അവിടെ നിലനിൽക്കുന്നുണ്ട്. മാർക്സിസ്റ്റ് പാർട്ടിയും കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടും, ഇക്കാര്യത്തിൽ എന്തോ ഒരു തെറ്റിദ്ധാരണ പരത്താനും S. P. ഒരു ഡബിൾ ഏജന്റ് ഗെയിം കളിക്കാനും ശ്രമിക്കുന്നുണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ്. അദ്ദേഹം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു അടുത്ത സുഹൃത്തു കൂടിയാണ്. മറ്റൊരു കാര്യം കൂടി എനിക്കു സൂചിപ്പിക്കാനുള്ളത്, മാർക്സിസ്റ്റ് പാർട്ടിയുടെ പ്രധാന കേന്ദ്രങ്ങളായ പാർട്ടിഗ്രാമങ്ങളിൽ പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്നു എന്നതാണ്. കോഴിക്കോട് ജില്ലയിൽ നാദാപുരത്തിനടുത്ത് വട്ടോളിയിൽ പുത്തൻപുരയിൽ മിത്തൽ സീന എന്ന യുവതി പ്രേമനൈരാശ്യംമൂലം ആത്മഹത്യ ചെയ്തു. ഡി.വൈ.എഫ്.ഐ.-യുടെ പ്രധാന പ്രവർത്തകനായ പ്രദീപായിരുന്നു ഈ കുട്ടിയുടെ കാമുകൻ. 2005 ജനുവരി 1-നാണ് ആ കുട്ടി ആത്മഹത്യ ചെയ്തത്. ആ കുട്ടിയുടെ പിതാവ് ലോട്ടറി ടിക്കറ്റ് വിറ്റു നടക്കുന്ന ആളാണ്. കൃഷ്ണൻ എന്നാണ് പേര്, അയാൾ ഒരു സി.പി.ഐ. (എം) അനുഭാവി കൂടിയാണ്. അങ്ങനെയുള്ള നിങ്ങൾക്ക് ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പറയാൻ എന്തവകാശമാണുള്ളത്?. എല്ലാ കാര്യങ്ങളിലും ഇവർക്ക് ഇരട്ടത്താപ്പ് നയമാണുള്ളത്. സാമ്പത്തിക നയങ്ങളിൽപ്പോലും ഇവർക്ക് ഇരട്ടത്താപ്പ് നയമാണുള്ളത്. അത് മനസ്സിലാക്കാൻ നമ്മൾ അധികദൂരമൊന്നും പോകേണ്ട ആവശ്യമില്ല. തൊഴിൽപരമായ അസ്ഥിരതയും അവകാശങ്ങൾ ചോദിക്കുവാനുള്ള പേടിയും ഏറ്റവും കൂടുതൽ ഭീകരമായി നിലനിൽക്കുന്ന രണ്ട് സ്ഥാപനങ്ങൾ ദേശാഭിമാനിയും കൈരളി ചാനലുമാണ്. അത് ഏത് സി.പി.ഐ. (എം)-കാരനും അറിയാവുന്ന ഒരു സത്യമാണ്. ഒരു തൊഴിൽ ദായകനെന്ന നിലയിൽ, തീരെ കണ്ണിൽ ചോരയില്ലാതെ ഏറ്റവും ക്രൂരനായ മലയാളി മുതലാളി ആരാണെന്ന് ഒരു ക്വിസ്സ് ചോദ്യം ചോദിച്ചാൽ ഒരൊറ്റ ഉത്തരം മാത്രമേയുള്ളൂ. അത് സി.പി.ഐ. (എം) ആണ്. സ്വന്തം പാർട്ടി ഓഫീസുകളിലും മാധ്യമ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന സോഫ്ട് വെയർ കേരള വിദ്യാഭ്യാസ വകുപ്പ് ഉപയോഗിച്ചപ്പോൾ, ഇവർ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

മാഷ്മാരെക്കൊണ്ട് അതിൽ വൈറസ് കടത്തി വിട്ടു. മാർക്സിസ്റ്റ് പാർട്ടി ഇത് ചെയ്യുമെന്ന് S.S.L.C. grading-നെക്കുറിച്ച് ഞാൻ ഈ അസംബ്ലിയിൽ അവതരിപ്പിച്ച സബ്മിഷനിലൂടെ വെളിപ്പെടുത്തിയിരുന്നു. ഇരട്ടത്താപ്പിന്റെ മറ്റൊരു മുഖമല്ലേ ഇത്? എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് സഹകരിക്കാമെന്നു ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോൾ, പറ്റില്ല, സർവ്വതും വെട്ടി നിരത്തുക എന്നല്ലേ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്? ഇങ്ങനെ സി.പി.ഐ. (എം)-ലെ ചേരിപ്പോരുമൂലം കേരളത്തിലെ എസ്.എസ്.എൽ.സി. സംവിധാനം അട്ടിമറിക്കപ്പെടുമോ എന്ന് ഞാൻ ന്യായമായും സംശയിക്കുകയാണ്. എല്ലാ കാലവും വികസന വിരോധത്തിന്റെ മുദ്രാവാക്യമായിരുന്നു സി.പി.ഐ. (എം)-നെ നയിച്ചു വന്നിരുന്നത്. ഇന്നലെ വരെ തൊണ്ടുതല്ലി യന്ത്രവും ട്രാക്ടറും ഉഴവു യന്ത്രം മുതൽ കമ്പ്യൂട്ടർ വരെയും ഈ മന്ദബുദ്ധികളുടെ ശത്രുക്കളായിരുന്നു, എന്നാൽ ഇന്നാകട്ടെ ഉറ്റമിത്രങ്ങൾ. സത്യം മനസ്സിലാക്കാൻ ഇവർക്ക് എന്നും കാൽ നൂറ്റാണ്ട് കാലം വേണം. ആ പാരമ്പര്യം ഇപ്പോഴും ഇവർ തുടരുകയാണ്. കമ്പ്യൂട്ടർ വിരുദ്ധ മന്ത്രങ്ങളുമായി സി.പി.ഐ. (എം) ക്ഷേത്രത്തിൽ അത്താഴപൂജ കഴിഞ്ഞ് ഹരിവരാസനം പാടി, നടയടച്ചു കഴിയുമ്പോഴേക്കും പല നേതാക്കന്മാരുടേയും കുടുംബ സമാധാനം തകർക്കുന്ന ചില കമ്പ്യൂട്ടർ നാത്തൂന്മാരെ കുറിച്ചുള്ള വാർത്തകൾ അന്തരീക്ഷത്തിൽ പരക്കുന്നു. ആ റിച്ചാർഡ് ഫ്രാങ്കി ഇനി എയ്ഡ്സ് അല്ലാതെ മറ്റെന്തെങ്കിലും നമുക്കു തരുമോ എന്ന് ഞാനിപ്പോൾ ഭയക്കുകയാണ്. ഇതൊക്കെ അന്വേഷിക്കാനും പറഞ്ഞു നടക്കാനും ഞങ്ങളൊന്നും സി.പി.ഐ. (എം)-കാർ അല്ലാത്തതുകൊണ്ട് മുതിരുന്നില്ല. മലപ്പുറത്തെ മലമറിച്ചിൽ കഴിയുമ്പോഴേക്കും നമ്മുടെ പ്രിയസഖാക്കളൊക്കെ കുഞ്ഞുകുട്ടി പരാധീനങ്ങളുമായി സകുടുംബം കഴിയണമെന്ന പ്രാർത്ഥന മാത്രമേ എനിക്കുള്ളൂ. കോൺഗ്രസ്സിലെ വഴക്കുകളും മറ്റും മുഖ്യധാരാ പത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കുമൊക്കെ ആഘോഷവിഷയമായിരുന്നുവെങ്കിൽ, അതു ശരി തന്നെയാണ്. എന്തായാലും സി.പി.ഐ. (എം)-ന്റെ കുടിപ്പകമൂലം മഞ്ഞപ്പത്രങ്ങൾക്കാണ് വയർ നിറയെ ഇപ്പോൾ ഇഷ്ടവിഭവങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതല്ലേ വാസ്തവം? കേരളത്തിൽ തുടർച്ചയായി Balance of Current Revenue കമ്മിയാണ്. ഈ ബി.സി.ആർ. ഉപയോഗിച്ചാണ് പ്ലാൻ പ്രവർത്തനം നടത്തേണ്ടത്. ഇവിടത്തെ ധനകാര്യ മന്ത്രിമാർ ബി.സി.ആർ.-ലെ കമ്മി നികത്താനും പ്ലാൻ നടത്താനും ബാദ്ധ്യസ്ഥരാണ്. ഫലം കടം കയറി മുടിയുന്നു. റവന്യൂ കമ്മി നാൾക്കുനാൾ മുന്നോക്കം കുതിക്കുന്ന നാടാണിത്. എന്നാൽ ഈ വർഷം മുന്നോട്ടുള്ള കുതിപ്പിനെ തടയാൻ കഴിഞ്ഞിട്ടുണ്ട്. അതും കുറച്ചുകൊണ്ടുവരുവാൻ കഴിയണം. വക്കംജിക്ക് അതിനു കഴിയും. പിറക്കുന്ന കുഞ്ഞിന്റെ പോലും ഋണബാദ്ധ്യത വർദ്ധിക്കുന്ന പ്രവണതയ്ക്ക് തടസ്സമിടുവാൻ ബഹുമാനപ്പെട്ട ഈ മന്ത്രിക്ക് കഴിഞ്ഞില്ലെങ്കിൽ പിന്നെ ആർക്കും അതിനു കഴിയില്ലെന്നാണ് എന്റെ വിശ്വാസം. എന്തുകൊണ്ടാണ് ഈ വിധത്തിൽ റവന്യൂ കമ്മി വർദ്ധിച്ചത്? നായനാർ ഗവൺമെന്റ് പ്രീഡിഗ്രി നിർത്തലാക്കി +2 തുടങ്ങി. എന്നാൽ പ്രീഡിഗ്രിയിലെ അദ്ധ്യാപകരെല്ലാം അതുപോലെ തുടർന്നു. +2-ന് പുതിയതായി അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. സ്വന്തക്കാർക്കും കുടുംബക്കാർക്കും മറ്റെല്ലാ പാർട്ടിക്കാർക്കും +2 സ്കൂളുകൾ ഇഷ്ടം പോലെ കിട്ടി. ലക്ഷക്കണക്കിന് കോഴയും വാങ്ങി. അദ്ധ്യാപകരായും അനദ്ധ്യാപകരായും ധാരാളം പേർക്ക് തൊഴിലും നൽകി. പക്ഷേ മൂന്ന് വർഷം ശമ്പളം മാത്രം നൽകിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്ത് ശമ്പളം കൊടുക്കാൻ ഈ ഗവൺമെന്റ് വരേണ്ടി വന്നു. അതിന്റെ ഫലം, ഈ ഗവൺമെന്റ് കോടികളുടെ ചെലവ് ഏറ്റെടുക്കേണ്ടി വന്നു എന്നതാണ്. നായനാർ സർക്കാർ ജീവനക്കാർക്ക് ഡി.എ. ഗഡുക്കൾ നൽകിയില്ല. ആന്റണി ഗവൺമെന്റ് ഡി.എ. ഗഡുക്കൾ നൽകിയെന്നു മാത്രമല്ല ഈ വർഷം കേന്ദ്രം പ്രഖ്യാപിച്ചേക്കാനിടയുള്ള ഡി.എ. കൂടി കൊടുക്കാൻ കഴിയുമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റിൽ അതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി വക കണ്ടിട്ടുണ്ട്. Budget in brief-ൽ 14-ാമത്തെ പേജിൽ പറയുന്നു, 1996-97-ൽ 2,394 ലക്ഷം രൂപയായിരുന്ന റവന്യൂ ഫ്രം അഗ്രിക്കൾച്ചർ 1997-98-ൽ 2,138 ലക്ഷം രൂപയും 1998-99-ൽ 2,702 ലക്ഷം രൂപയും 2001-ൽ 383 ലക്ഷം രൂപയും 2002-ൽ 187 ലക്ഷം രൂപയും 2003-ൽ 640 ലക്ഷം രൂപയും 2004-ൽ 824 ലക്ഷം രൂപയും ആയിരുന്നുവെങ്കിൽ ഈ വർഷം 1090 ലക്ഷം രൂപയായി ഉയർന്നിരിക്കുകയാണ്. അതായത് ഇപ്പോഴത്തെ ഈ തുക പോലും 1996-97, 1997-98-ന്റെ പകുതിയുടെ താഴെപ്പോലും വരുന്നില്ല. അത്രയും മനസ്സിലാക്കുമ്പോൾ നമുക്ക് എങ്ങനെ ഇതെല്ലാം വർദ്ധിച്ചുവെന്ന് മനസ്സിലാക്കാൻ കഴിയും? ശമ്പള പരിഷ്ക്കരണം പരിഗണിക്കാമെന്നും രണ്ട് ഗഡു ഡി.എ. കൂടി നൽകാമെന്നും ഇന്നലെ മന്ത്രി ഈ സഭയിൽ പ്രഖ്യാപനം നടത്തി. പക്ഷേ രാഷ്ട്രീയത്തിൽ കഴുത്തോളം താഴ്ന്ന ചില സർവ്വീസ് സംഘടനകൾക്ക് അതത്ര രസിച്ചില്ല. കമ്മീഷൻ ഉടനെ റിപ്പോർട്ടു ചെയ്യണമെന്നാണ് അവർ പറയുന്നത്. എനിക്ക് പറയാനുള്ളത്, അടങ്ങ് അശോകാ അടങ്ങ്. നിങ്ങൾക്ക് കിട്ടാനുള്ളതു കിട്ടും. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത് മിതത്വം പാലിക്കുന്ന ഒരു ബഡ്ജറ്റാണ്. അദ്ദേഹം കാര്യമായ നികുതി നിർദ്ദേശങ്ങൾ ഒന്നു പോലും നടത്തിയിട്ടില്ല. ഈ ബഡ്ജറ്റിൽ വളരെ പരിമിതമായിട്ടുള്ള നികുതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താനുള്ള നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ ആർക്കും താങ്ങാവുന്നതിലുമപ്പുറമുള്ള നികുതിഭാരം അധികമായി നിർദ്ദേശിച്ചിട്ടില്ല. നാം നികുതി നിർദ്ദേശങ്ങളിൽക്കൂടിയാണ് വരവ് ഉണ്ടാക്കുന്നത്. വിൽപ്പന നികുതി, സ്റ്റാമ്പ് നികുതി, മോട്ടോർ വാഹന നികുതി, കാർഷികാദായ നികുതി, ആഡംബര നികുതി, പ്രവേശന നികുതി എന്നിങ്ങനെ കൈവിരലിൽ എണ്ണാവുന്ന രീതികളിലാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. പഴയ നികുതി നികുതിയേ അല്ലെന്നാണ് വിദഗ്ദ്ധ അഭിപ്രായം. നികുതിക്ക് പുതിയ ഫീൽഡ് കണ്ടെത്തണം. ഇതൊക്കെയായിട്ടും 997.18 കോടി രൂപയുടെ കമ്മിയാണ് ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത്. നികുതിഭരണ സംവിധാനത്തിന്റെ മുഴുവൻ കഴിവും ഉപയോഗിച്ച് പരമാവധി തുക പിരിച്ചെടുക്കാനുള്ള ശ്രമമാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നടന്നത്. അതിന്റ ഫലമായി 1997-1998 മുതൽ 2001 വരെ 300 കോടി രൂപ, 350 കോടി രൂപ, 500 കോടി രൂപ എന്ന നിരക്കിലായിരുന്നുവെങ്കിൽ അത് 2001-2002 മുതൽ 800 കോടി രൂപ, 900 കോടി രൂപ, 1000 കോടി രൂപവരെ അധികമായി പിരിച്ചെടുത്തിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. ഇത് നിരക്ക് വർദ്ധിപ്പിച്ചതുമൂലമല്ല, മറിച്ച് ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിച്ചതു കൊണ്ടാണ്. അതുപോലെതന്നെ ഉന്നതശ്രേണിയിലുള്ളവർക്ക് മാത്രം നികുതി വരുന്ന തരത്തിൽ നികുതി പരിഷ്ക്കരണം നടത്തണം. ഇങ്ങനെ പുതിയ ഫീൽഡിൽ ഉന്നതൻമാർക്കും നികുതി ഏർപ്പെടുത്തി നികുതി വർദ്ധിപ്പിക്കാൻ നോക്കണം. നികുതിയേതര വരുമാനം കുറെ വർഷങ്ങളായി ഒരേ രീതിയിൽ തുടർന്നുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഇപ്പോൾ വൻതോതിൽ ഭൂമി കൈവശംവച്ചിരിക്കുന്നവർക്ക് നാമമാത്രമായ പാട്ടമാണ് നിലവിലുള്ളത്. അത് വർദ്ധിപ്പിക്കാൻ അധികാരം കൊടുക്കുന്ന നിയമം വർഷങ്ങൾക്ക് മുൻപ് നമ്മൾ പാസ്സാക്കിയിട്ടുണ്ട്. പക്ഷേ അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. അത് വർദ്ധിപ്പിക്കണം എന്നുമാത്രമല്ല അതിൽ കാലോചിതമായ ഭേദഗതികൾ വരുത്തി അവ നടപ്പിൽ വരുത്തണം. ഈ വർഷത്തെ മറ്റൊരു പ്രത്യേകത ഇന്ധ്യ ഒട്ടാകെ വാറ്റ് നടപ്പാക്കാൻ പോകുന്നു എന്നുള്ളതാണ്. സംസ്ഥാന ധനകാര്യ മന്ത്രിമാർ ഉൾക്കൊള്ളുന്ന ഒരു Empowered കമ്മിറ്റിയാണ് ഇതിന് നേതൃത്വം വഹിക്കുന്നത്. എല്ലാ തലത്തിലും കണക്കുതീർക്കേണ്ടതിനാൽ ഇതിന്റെ നടപടികൾ സുതാര്യമാണ്. മുൻ വിൽപ്പനയിൽ നൽകിയ നികുതി അടുത്ത വിൽപ്പനയിൽ നിന്ന് തട്ടിക്കിഴിക്കുന്നതിനാൽ ഇതുമൂലം വിലവർദ്ധനവ് ഉണ്ടാകില്ല. സെറ്റ് ഓഫ് ലഭിക്കണമെങ്കിൽ കണക്ക് സൂക്ഷിക്കുകയും ബിൽ എഴുതുകയും വേണം. സെറ്റ് ഓഫ് നൽകുന്നതിനാൽ നികുതിയിൻമേൽ നികുതി എന്ന cascading effect ഉണ്ടാകുന്നില്ല. സുതാര്യതയെത്തുടർന്ന് കച്ചവടക്കാർക്ക് self assessment നടത്താനും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരുടെ അന്യായമായ ഇടപെടൽ അവസാനിപ്പിക്കാനും കഴിയുന്നു. നികുതി നിരക്ക് ആകെ അഞ്ചായി കുറയുന്നു. മാക്സിമം നിരക്ക് 12.5 ശതമാനമാണ്. പെട്രോൾ, ഡീസൽ, Foreign Liquor എന്നിവ VAT-ന് വെളിയിൽ. ഇവയ്ക്ക് സെയിൽസ് ടാക്സ് ബാധകം. അതുപോലെ രജിസ്ട്രേഷൻ ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നു. സ്റ്റാമ്പ് ഡ്യൂട്ടി ഘേദത്തോടെയാണ് ഉയർത്തിയിരിക്കുന്നത്. സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതും fair value notify ചെയ്യുന്നതും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഇവിടെ ഡ്യൂട്ടി കുറച്ചു ഫെയർവാല്യൂ അസ്സസ്സ്മെന്റ് മാത്രം നടന്നില്ല. അതുകൊണ്ട് വരുമാനം കുറയുകയും ചെയ്യുന്നു. ഇത് തുടരാൻ നിവൃത്തിയില്ല. ഫെയർവാല്യൂ നോട്ടിഫൈ ചെയ്യുന്നതുവരെയെങ്കിലും ഡ്യൂട്ടി നിരക്ക് അനിവാര്യമാണ്. ഭൂമിയുമായി ബന്ധപ്പെട്ട് നടക്കുന്ന ഇടപാടുകളുടെ മുഖവില ഗോപ്യമായി സൂക്ഷിക്കുകയാണ് പതിവ്. പിന്നെ കർട്ടന് പുറകിൽ തീരുമാനിക്കുന്ന വില കൈമാറ്റപ്പെടുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരമുണ്ടാക്കണം. വേണ്ടിവന്നാൽ പ്രൈവറ്റ് ഡിക്റ്റേറ്റീവുകളുടെ സേവനം തേടിയെങ്കിലും യാഥാർത്ഥ്യം പുറത്തു കൊണ്ടുവരുകയും അതനുസരിച്ചുള്ള ചാർജ്ജ് ഈടാക്കാൻ കഴിയുകയും ചെയ്യണം. VAT-ന്റെ കൂടെ വിൽപ്പന നികുതി നിയമവും നിലനിർത്തിയിരിക്കുന്നു. വ്യാപാരികൾക്കും ഇടപാടുകാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഏർപ്പാടുകളെക്കുറിച്ച് വ്യാപാരികളുമായി സംസാരിച്ച് അവരുടെ തെറ്റിദ്ധാരണകൾ നീക്കണം. സെയിൽസ് ടാക്സിനെ സംബന്ധിച്ച് നിരവധി കേസുകൾ പല ലെവലിൽ പെന്റിംഗിലാണ്. അങ്ങനെ വമ്പിച്ച തുക കേസിൽ കുടുങ്ങിക്കിടക്കുന്നു. സെറ്റിൽമെന്റ് കമ്മീഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിച്ച് ഇക്കാര്യത്തിൽ ഉടനടി തീരുമാനമുണ്ടാക്കണം. ഇന്നലെ ഈ കാര്യം സഭയിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അങ്ങയുടെ മറ്റ് പ്രവർത്തനത്തെപ്പോലുള്ള സ്പീഡ് ഇക്കാര്യത്തിലുണ്ടായാൽ ഖജനാവിലേക്ക് ഒഴുകിയെത്തുന്നത് കോടിക്കണക്കിന് രൂപയായിരിക്കും. അതുപോലെ പുതിയ കേസുകൾ കുന്നുകൂടാൻ കഴിയുന്നത്ര അനുവദിക്കരുത്. അങ്ങനെയുള്ള നടപടിയുണ്ടായാൽ സെയിൽസ് ടാക്സ് വകുപ്പ് രക്ഷപ്പെടും. നികുതി നിയമം അനുസരിച്ച് നിർദ്ദിഷ്ട നിയമത്തിനുമുൻപ് ടാക്സ് കൊടുത്ത കൃഷിക്കാർ 15 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പലിശ നൽകണമെന്നായിരുന്നു വ്യവസ്ഥ. ഈ ബില്ലിലൂടെ അത് 12 ശതമാനമാക്കി കുറച്ചു. അത് ആറ് ശതമാനമാക്കണം. ഇപ്പോൾ എല്ലാ പലിശകളും കുറച്ചിരിക്കുകയാണ്. ബാങ്കിംഗ് രംഗത്ത് ഏറ്റവും വലിയ മാറ്റമെന്നു പറയുന്നത് നിക്ഷേപത്തിനും, വായ്പയ്ക്കും പലിശ കുറവാണ് എന്നുള്ളതാണ്. അതുകൊണ്ട് പലിശ ആറ് ശതമാനമാക്കണം. ഗവൺമെന്റിന് കൊടുക്കേണ്ട പലിശ 12 ശതമാനമെന്നുള്ളത് വളരെ കൂടുതലാണ്. അവസാനം ഇത് വേണ്ടെന്ന് വയ്ക്കുന്നതിനേക്കാൾ ഇപ്പോഴേ കുറച്ച് കൃഷിക്കാർക്ക് രക്ഷ കൊടുക്കുന്നതാണ് നല്ലത്. അതുപോലെതന്നെ ഇൻകം ടാക്സിന്റെ പരിധി 50,000 രൂപവരെ ഒഴിവാക്കിയിട്ടുണ്ട്. ഇവിടെ കാർഷികാദായത്തിന് 40,000 രൂപയാണ് ഒഴിവ് കൊടുത്തിരിക്കുന്നത്. അത് 50,000 രൂപയായി വർദ്ധിപ്പിക്കണം. നിരവധി ഇനങ്ങളെ വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ബില്ലിലെ 35-ാമത്തെ പേജിൽ 18-ാം ഇനത്തിൽ ചെടികളുടെ കാര്യത്തെപ്പറ്റി പറയുന്നുണ്ട്. കേരളത്തിലെ ചെടികളിൽ പലതും അതിൽ ഇല്ല. ചെറിയ തോതിൽ ചെടി വിറ്റ് ഉപജീവനം നടത്തുന്നവർ ടാക്സ് കൊടുക്കേണ്ടതായിവരും. കേരളത്തിലെ ചെടികളുടേയും നടീൽ വസ്തുക്കളായ തെങ്ങിൻതൈ, കുരുമുളക്, ഒട്ടുമാവ് ഇത്യാദി സാധനങ്ങളേയും നികുതിയിൽ നിന്നും ഒഴിവാക്കണം. അതുപോലെ പേജ് 36-ൽ പറയുന്ന വെജിറ്റബിൾസിന്റെ കൂട്ടത്തിൽ പതിനെട്ട് മണിയൻ പയർ, പാവൽ, പടവലം, കത്തിരി, ചീര എന്നീ ഇനങ്ങളെ ഒഴിവാക്കിയതായി കാണുന്നില്ല. ഇതൊക്കെ നമ്മൾ നിത്യവും കഴിക്കുന്ന സാധനങ്ങളാണ്. പ്രത്യേകിച്ചും പല അസുഖങ്ങൾക്കും ഈ പറഞ്ഞ സാധനങ്ങൾ നിർബന്ധമായും ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്ന് ഡോക്ടർമാർ ഉപദേശിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. ഇപ്പോൾ ഗർഭിണികൾ ആദ്യം ആശുപത്രിയിൽ ചെല്ലുമ്പോൾ അവരോട് പറയുന്നത് ഫ്രൂട്ട്സും, പച്ചക്കറികളും കഴിക്കണമെന്നും സന്തോഷത്തോടുകൂടി ഇരിക്കണമെന്നുമാണ്. ചീര നല്ലതാണ്. അസിഡിറ്റി കുറയ്ക്കും. അതുകൊണ്ട് ചീര കഴിക്കുന്നത് നല്ലതാണ്. അതുപോലെതന്നെ കുപ്പിവളകളെ ഒഴിവാക്കിയിട്ടുണ്ട്. പ്ളാസ്റ്റിക് വളകളെ ഒഴിവാക്കിയിട്ടില്ല. വടക്കെ ഇൻഡ്യയിൽ കുപ്പിവളകൾക്കാണ് പ്രാധാന്യം. അവർ ഇങ്ങനെ മണിമണിപോലെ കിലുക്കിക്കിലുക്കി നടക്കും. അത് നമ്മുടെ സ്ത്രീകൾക്ക് ഇഷ്ടമല്ലാത്തതുകൊണ്ട് അവർ പ്ളാസ്റ്റിക് വളകളാണ് ഇടുന്നത്. ഗോസായി സ്ത്രീകൾ മാത്രമല്ല നമ്മുടെ നാട്ടിലെ സ്ത്രീകളും ഒന്ന് അണിഞ്ഞൊരുങ്ങട്ടെ.

<u>ശ്രീ. കെ. ബാബു</u> : കുപ്പിവളകളുടെ കിലുക്കമാണ് കേൾക്കാൻ സുഖം. പ്ളാസ്റ്റിക് വള കിലുങ്ങില്ല. അതുകൊണ്ടാണ് നികുതി വച്ചത്.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u> : അതുപോലെതന്നെ Bovine Meat ഒഴിവാക്കിയിട്ടുണ്ട്. Bovine Meat എന്നുപറഞ്ഞാൽ ഡിക്ഷ്ണറിയിൽ അതിന്റെ അർത്ഥം like ox എന്നാണ്. പോത്ത് അതിൽ പെടുന്നില്ല. ഒരു പോത്തിനെ വെട്ടി ഉപജീവനം നടത്തുന്നവരെ Sales Tax കാരുടെ മുമ്പിലേക്ക് ഇട്ടുകൊടുക്കരുത്. കേരളത്തിൽ ആരും കുതിരയേയും കഴുതയേയും തിന്നുകയില്ല. പക്ഷേ അതിന്റെ മാംസത്തെ ടാക്സിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. തവളക്കാൽ, തിമിംഗലം, Dolphin, Dugongs, Manitiees അതായത് കടലിലെ പശു. അതിനെയൊക്കെ ഒഴിവാക്കിയിരിക്കുന്നു. ഇതിനെയെല്ലാം പിടിക്കുന്നതും കൊല്ലുന്നതും കുറ്റകരമാണ്; തടവുശിക്ഷവരെ ലഭിക്കും. പിന്നെ ഒഴിവാക്കിയിരിക്കുന്നത് reptiles including snakes

LIBRARY ARCHIVES Kerala Legislative Assembly

നെയാണ്. കേരളത്തിൽ പാമ്പിനെ ആരും തിന്നുകയില്ല. പക്ഷെ അതിനെ ഒഴിവാക്കിയിട്ടുണ്ട്. പിന്നെ wild animals-നെ ഒഴിവാക്കിയിട്ടുണ്ട്. കാട്ടുമൃഗങ്ങളെ വേട്ടയാടുന്നത് കുറ്റകരമാണ്. അതിനെ sale tax-ൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. അതിന്റെ അർത്ഥം One of the highest order of animals including men, monkeys and lemurs. ഇത് വേണ്ടമോയെന്ന് ആലോചിക്കണം. Bovine animal-ഉം Swine-ഉം ഷീപ്പും Goat-ഉം എല്ലാംവേറെ പറഞ്ഞിട്ടുണ്ടല്ലോ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ഇത് ആൾ ഇന്ത്യാ ലിസ്റ്റാണ്. VAT ന്റെ concept എന്നുപറയുന്നത് India മുഴുവൻ Uniform ആയിട്ടുള്ളതാണ്. ലോക്കൽ ഇന്റെറസ്റ്റ് കണക്കാക്കി 10 എണ്ണം VAT-ൽ നിന്നും exempt ചെയ്യാം. അതുമാത്രമാണ് സ്റ്റേറ്റിന് കൊടുത്തിരിക്കുന്ന അധികാരം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഗൾഫ് നാട്ടിൽ ഒട്ടകത്തിന്റെ പാൽ കുടിക്കുകയും മാംസം തിന്നുകയുമാണ് ചെയ്യുന്നത്. നമ്മൾ അങ്ങനെ കഴിക്കുമോ? അപ്പോൾ നമ്മുടെ ടച്ച് അനുസരിച്ചുള്ള മാറ്റങ്ങൾക്കു വേണ്ടി ശ്രമിക്കണം. അതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. Live stock-എന്നതിൽ പട്ടിയെ ഉൾപ്പെടുത്തിയിട്ടില്ല. horse, ass, mules ഇവയൊക്കെ പറഞ്ഞിട്ടുണ്ട്. വിലകൂടിയ കുതിരയെ ഒഴിവാക്കാം. വിലയില്ലാത്ത പട്ടിയേയും ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. പട്ടിക്കുട്ടികളെ വളർത്തി ഉപജീവനം നടത്തുന്ന ധാരാളം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. പട്ടിക്കുട്ടിയുടെ വിൽപ്പന വലിയ ബിസിനസ്സാണ്. അതുപോലെ ഷുഗറിനെ, ഖണ്ഡസാരി അഥവാ ശർക്കരയെ ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ പാംഗറിനെ, പനം ശർക്കരയെ ഒഴിവാക്കിയിട്ടില്ല. പാവപ്പെട്ട നാടാൻമാർ കഷ്ടപ്പെട്ട് പനകയറി ഉണ്ടാക്കുന്ന ഉൽപ്പന്നമാണ് പനം ശർക്കര. അതിനെ ഒഴിവാക്കണം. അതുപോലെ കപ്പയെ ഒഴവാക്കിയിട്ടുണ്ട്. പക്ഷേ ചേന, കാച്ചിൽ, കിഴങ്ങ് ഇവയെ ഒഴിവാക്കിയിട്ടില്ല. അതും ഒഴിവാക്കണം. ക്ഷേത്രത്തിൽ നിന്നും കിട്ടുന്ന പ്രസാദം ഒഴിവാക്കിയിട്ടുണ്ട് പ്രസാദമെന്നു പറഞ്ഞാൽ ചന്ദനവും പൂവും കുങ്കുമവും മാത്രമല്ല ക്ഷേത്രത്തിൽ നിന്നും വാങ്ങുന്ന വെള്ള നിവേദ്യം, പായസം, അമവണ, വട എന്നീ സാധനങ്ങളും പ്രസാദമാണ്. പാവം ഭക്തനെ സെയിൽസ് ടാക്സ്കാർ പിടിക്കാതെ നോക്കണേ ഭഗവാനേ എന്നാണ് എന്റെ പ്രാർത്ഥന. ഫോംസ് ഓഫ് കോർട്ട്, പി.എസ്.സി ആപ്ളിക്കേഷൻസ് ഇതിനെയെല്ലാം ടാക്സിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ പോസ്റ്റ് കാർഡ്, കവർ ഇതിനൊക്കെ ടാക്സ് കൊടുക്കണോ? വേണ്ടെങ്കിൽ കവർ പോസ്റ്റ് കാർഡ് എന്നിവയെ ഒഴിവാക്കണം. പേജ് 46-ൽ റാഗി പ്രോഡക്ട്സ് കൊണ്ടുണ്ടാക്കുന്ന സാധനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അരി, കടലമാവ് അമേരിക്കൻ മാവ് എന്നിവകൊണ്ട് പലഹാരം ഉണ്ടാക്കിയാൽ അതിന് 12 ശതമാനം ടാക്സ് കൊടുക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനേയും നികുതിയിൽ നിന്നും ഒഴിവാക്കണം. തഴപ്പായ, പുൽപ്പായ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ പനന പായും മുളകൊണ്ടുണ്ടാക്കുന്ന സ്ക്രീൻ പോലുള്ളവയേയും ഒഴിവാക്കിയിട്ടില്ല ചുരുക്കിപ്പറഞ്ഞാൽ ഈ ഒഴിവാക്കിയതിനെല്ലാം ഒരു കേരള ടച്ച് ഇല്ല. കേരളാ ടച്ച് കൊടുത്തുകൊണ്ട് കേരള ഉൽപ്പന്നങ്ങളെക്കൂടി VAT-ൽ നിന്നും ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ വാറ്റിന്റെ പ്രത്യേകതയെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. ലോക്കൽ ഇംപോർട്ടൻസുള്ള 10 ഇനങ്ങൾ അങ്ങ് പറഞ്ഞു കഴിഞ്ഞു. ലോക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഇംപോർട്ടൻസ് കൊടുക്കുന്നതിൽ ചേഞ്ച് വേണമെന്നാണ് ഞാൻ പറഞ്ഞത്. ചൈനയും പാക്കിസ്ഥാനും യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെടെ 130 രാജ്യങ്ങളിൽ വാറ്റ് നടപ്പാക്കിയിട്ടുണ്ട്. ഇൻഡ്യയിൽ ഹരിയാന സ്വയമായി വാറ്റ് നടപ്പാക്കിയപ്പോൾ അവർക്ക് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നികുതി നൽകുന്നതിൽ സുതാര്യത ഉണ്ടായാൽ വരുമാനത്തിൽ വൻ വർദ്ധനവുണ്ടാകും. പക്ഷേ അതിന് രണ്ടുമൂന്നു വർഷമെടുക്കും എന്ന് മാത്രമേയുള്ളൂ. മൂല്യവർദ്ധിത നികുതി നിയമത്തിലെ ചില ഭേദഗതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ ഭേദഗതികൾ അംഗീകരിക്കും എന്ന വിശ്വാസത്തോടുകൂടി ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കല്യാണമണ്ഡപങ്ങൾക്ക് ചുമത്തിയിരിക്കുന്ന ആഡംബര നികുതിയുടെ പരിധി അയ്യായിരം രൂപയിൽ നിന്നും പതിനായിരം രൂപയായിട്ടെങ്കിലും ഉയർത്തണം. കാരണം 10,000 രൂപയ്ക്ക് മേൽ പണം കൊടുത്ത് ഹാൾ വാടകയ്ക്ക് എടുക്കുന്നത് പണക്കാരാണ്. ഇവിടെ ഒരു ലക്ഷം രൂപ വരെയുള്ള എ.സി. ഹാൾ വാടകയ്ക്ക് എടുത്ത് കല്യാണം നടത്തുന്നവരുണ്ട്. അതിന് ഡിപ്പാർട്ടുമെന്റ് ഒരു സ്പെഷ്യൽ വിജിലൻസ് വിംഗിനെ ഏർപ്പെടുത്തി കല്യാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ നിന്നും റിക്കോർഡ് ശേഖരിച്ച് ആ നടന്ന കല്യാണങ്ങൾ ഏതൊക്കെ മാസങ്ങളിലാണെന്ന് എവിടെ വച്ചാണ് നടന്നതെന്ന് ട്രെയ്സ് ചെയ്ത് 14 ദിവസത്തിനകം നോട്ടീസ് സെർവ് ചെയ്ത് അതിൽനിന്നും വരുമാനം ഈടാക്കി ആഡംബരക്കാരെ ഒഴിവാക്കണം. ശ്രീനാരായണഗുരു പറഞ്ഞതുപോലെ ലളിതമായി വിവാഹ ചടങ്ങും ഇങ്ങനെയുള്ള കാര്യങ്ങളുമൊക്കെ നടത്താനുള്ള ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്ത് ഈ ധനകാര്യ ബില്ലിനെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, കഴിഞ്ഞ നാല് വർഷക്കാലത്തെ യു.ഡി.എഫ്. ഭരണംകൊണ്ട് കേരളം വികസനമുന്നേറ്റത്തിന്റെ ശരിയായ ദിശാബോധത്തിലേക്ക് വന്നു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 2005-2006 വർഷത്തിലെ ബഡ്ജറ്റും തുടർന്ന് ഫിനാൻസ് ബില്ലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനെ ഞാൻ ഹാർദ്ദവമായി ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലുവർഷം ആകാൻ പോകുന്നു. കോൺഗ്രസിലും യു.ഡി.എഫ്.-ലും ഉണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് കഴിഞ്ഞ കാലങ്ങളിൽ സംസ്ഥാനത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കുവേണ്ടി ഉറച്ച അടിത്തറയിട്ടുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയി. എങ്കിലും സംസ്ഥാനത്ത് ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ച് പുകമറ സൃഷ്ടിച്ചുകൊണ്ട് സി.പി.എം.-ഉം ഇടതു മുന്നണിയും കളിച്ച കളി ഇനി കേരളത്തിൽ നടക്കാൻ പോകുന്നില്ല. കോൺഗ്രസ്സിലും യു.ഡി.എഫ്.-ലും ഉള്ളതിനേക്കാൾ വലിയ തമ്മിലടി മാർക്സിസ്റ്റുപാർട്ടിയിലും എൽ.ഡി.എഫ്.-ലും നടക്കുകയാണ്. മലപ്പുറത്ത് കാണാം എന്ന് ശ്രീ. പിണറായി വിജയനും ശ്രീ. അച്ചുതാനന്ദനും മാറിമാറി പറയുന്നു. ഞങ്ങൾ അതിനെ വലിയ കാര്യമായി എടുക്കുന്നില്ല. എന്റെ മാതൃക ശ്രീ. അച്ചുതാനന്ദനാണ്. ബഡ്ജറ്റിനെക്കുറിച്ച് പ്രസംഗിച്ച പ്രതിപക്ഷ നേതാവ് പെൺവാണിഭത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. അതാണ് എന്റെ മാതൃക. 40 പേരുടെ Fixed Deposit ഇവിടെ ഉണ്ട് എന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ കുറേനാൾ ഞങ്ങളുടെ കുറേ ആളുകളുടെ പുറകേ നടന്നു. അവസാനം നിങ്ങൾക്ക് സമരം നടത്താനുള്ള അവസരവും നഷ്ടപ്പെട്ടു. എഫ്.ഡി. അസാധുവാകുകയും ചെയ്തു. അതുപോലെ നടക്കാൻ ഞങ്ങളില്ല. മലപ്പുറത്ത് കാണാം എന്ന് ശ്രീ. പിണറായി വിജയനും ശ്രീ. അച്ചുതാനന്ദനും മാറിമാറി പ്രഖ്യാപിച്ചാലും അവിടെ ഒന്നും നടക്കില്ല എന്ന് ഞങ്ങൾക്കറിയാം. ശ്രീ. പിണറായി വിജയൻ സംസ്ഥാന സെക്രട്ടറിയായിത്തന്നെ തുടരുമെന്ന് ഞാൻ വിശ്വസിക്കുന്നു. അവസാനം സംസ്ഥാന കമ്മിറ്റിയിലും സംസ്ഥാന സെക്രട്ടേറിയറ്റിലും ഭൂരിപക്ഷം നേടിക്കൊണ്ട് താൻ ലക്ഷ്യമിട്ടിട്ടുള്ള ഡോ. തോമസ് ഐസക്കിനേയും ശ്രീ. എം.എ. ബേബിയേയും വെട്ടിനിരത്താൻ കഴിഞ്ഞാൽ ഒത്തുതീർപ്പ് സ്ഥാനാർത്ഥിയായി ശ്രീ. പിണറായി വിജയനെ നിങ്ങൾ അംഗീകരിച്ചുകൊണ്ട് സമ്മേളനം അവസാനിപ്പിക്കും എന്ന് തന്നെയാണ് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നത്. ഇതൊന്നും ശ്രദ്ധിക്കാതെ ഞങ്ങൾ ജനക്ഷേമകരമായ പരിപാടികളുമായി മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. എന്തായിരുന്നു നിങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണം? പാർട്ടിപ്രവർത്തകർ പാർട്ടിയെ സഹായിക്കാനും പാർട്ടിയെ കെട്ടിപ്പടുക്കാനും കഠിനാദ്ധ്വാനം ചെയ്തപ്പോൾ നിങ്ങളുടെ ചില നേതാക്കൻമാർ സുഖലോലുപതയുടെ കുളത്തിൽ നീന്തിത്തുടിച്ച് സ്വത്തുക്കൾ വാരിക്കൂട്ടി സമ്പന്നൻമാരായി പാർട്ടി സഖാക്കളേയും പാർട്ടിയേയും മറന്ന് ജീവിച്ചു. നിങ്ങൾ പിറന്നാൾ ആഘോഷിക്കാനായി കൊച്ചിയിലെ ലീ-മെരിഡിയൻ ഹോട്ടലിലല്ലേ പോയത്? നിങ്ങളുടെ താമസം 50,000 രൂപ പ്രതിദിനം വാടകയുള്ള ഗൾഫാർ ഹോട്ടലിലായിരുന്നല്ലോ? ധാരാളമായി സ്വത്ത് വാരികൂട്ടുന്നതിനുവേണ്ടി നിങ്ങൾ ഗവൺമെന്റ് മെഷീനറി ഉപയോഗിച്ചു. സുഖലോലുപരായി പാർട്ടി സഖാക്കളെ മറന്ന് നിങ്ങൾ അമ്യൂസ്മെന്റ് പാർക്കും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കർഷകത്തൊഴിലാളികളുടേയും ഭാരം ചുമക്കുന്നവന്റേയും പാർട്ടി ഷോപ്പിംഗ് കോംപ്ലക്സും അമ്യൂസ്മെന്റ് പാർക്കും നിർമ്മിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നു. അതെല്ലാം മറന്നുകൊണ്ട് പുണ്യവാളൻമാരായി, ആദർശവാൻമാരായി നിങ്ങൾ ചമയുകയാണ്. ഈ നാല് വർഷത്തെ ഭരണത്തെ നിങ്ങൾ വെല്ലുവിളിക്കുന്നത് അതിന്റെ മറവിലാണ്. നിങ്ങളുടെ കൃത്രിമ മുഖംമൂടി ഞങ്ങൾ പിച്ചിച്ചീന്താൻ പോവുകയാണ്. യാതൊരു സംശയവും വേണ്ട. മറവി മനുഷ്യന് അനുഗ്രഹമാണ്. പക്ഷേ അങ്ങനെ മറക്കാമോ? നാല് വർഷക്കാലത്തിന് മുൻപ് ഈ സംസ്ഥാനത്തിന്റെ സ്ഥിതി എന്തായിരുന്നു? നഗരം വളരണം. നഗരം വളരുന്നതനുസരിച്ച് ഗ്രാമവും വളരണം. കേരളത്തിൽ ഗ്രാമങ്ങൾ കുറവാണ്. എല്ലാം സെമി അർബൻ ഏരിയകളാണ്. എല്ലാ ജനങ്ങളും വളരണമെന്ന ലക്ഷ്യബോധത്തോടെയാണ് ഇവിടെ ഈ ബഡ്ജറ്റും അതുപോലെ ധനകാര്യ ബില്ലും അവതരിപ്പിച്ചിരിക്കുന്നത്. അതിൽ പ്രാധാന്യം നൽകേണ്ടത് കൃഷിക്കാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 22 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് 50 രൂപ വിലയായി. പഴവങ്ങാടി ക്ഷേത്രത്തിന്റെ നടയിൽ പോയാൽപോലും നാല് രൂപയ്ക്ക് നിങ്ങളുടെ ഭരണകാലത്ത് നാളികേരം കിട്ടുമായിരുന്നു. ഇന്ന് കർഷകർക്ക് ആശ്വാസം പകരുന്നതെന്താണ്? എട്ട് രൂപ മുതൽ പത്ത് രൂപ വരെ നാളികേരത്തിന് വിലയുണ്ട്. എന്നിട്ടും തെങ്ങ് കൃഷിക്ക് ഈ ഗവൺമെന്റ് 64.55 കോടി രൂപ വകയിരുത്തിയിരിക്കുന്നു. വാണിജ്യ വിളകൾക്ക് 330 ലക്ഷം രൂപ,. കുരുമുളകിന് 20 കോടി രൂപ. പരമ്പരാഗത വ്യവസായത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് കൈത്തറിക്ക് 28 കോടി രൂപയും ഖാദിക്ക് 15 കോടി രൂപയും കയറിന് 29 കോടി രൂപയും കശുവണ്ടിക്ക് 31 കോടി രൂപയും കൊടുത്തു കഴിഞ്ഞു എന്നാണ്. പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തേണ്ടത് കേരളത്തിന് ആവശ്യമാണ് എന്ന് കണ്ടുകൊണ്ട് കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നീ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തുകയും കൊടുക്കുകയും ചെയ്യുന്ന ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ഒരു ഭാഗത്ത് കർഷകവൃത്തി പുഷ്ടിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളും മറുഭാഗത്ത് പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഗ്രാമീണജനങ്ങൾ വികസിച്ചാലേ കേരളം വളരുകയുള്ളൂ. ആ ലക്ഷ്യത്തോടുകൂടിയാണ് ഗ്രാമീണ വികസനത്തിന് 220.74 കോടി രൂപ വകയിരുത്തിയിരിക്കുന്നത്. പൊതുമേഖലയിൽ വ്യത്യസ്തമായ സമീപനം ആവശ്യമാണ്. കഴിഞ്ഞ കാലങ്ങളിലെ പോലെ ഖജനാവിൽ നിന്നും കോടികൾ കൊടുത്തുകൊണ്ടിരിക്കുകയും കുറേ തൊഴിലാളികളെ നിലനിർത്തുന്നതിനുവേണ്ടി ഖജനാവ് കാലിയാക്കുകയും ചെയ്യുന്ന സമീപനത്തിന് മാറ്റം വരണം. പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം വകയിരുത്തണം. ആ ലക്ഷ്യത്തോടുകൂടിയാണ് പൊതുമേഖലാസ്ഥാപനങ്ങൾക്ക് 50 കോടി രൂപ വകയിരുത്തിയിരിക്കുന്നത്. നിങ്ങൾ അധികാരത്തിൽനിന്നും പോകുമ്പോൾ വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, തൊഴിലില്ലായ്മ വേതനം ഇതൊക്കെ കുടിശ്ശികയായിരുന്നു. നിങ്ങൾ പോകുമ്പോൾ അതൊക്കെ കൊടുക്കാതെ ഖജനാവ് പൂട്ടിയിട്ടല്ലേ പോയത്?. നിങ്ങൾ നിഷേധിക്കുമോ? 2005 മാർച്ച് 31-ന് മുൻപ് കർഷകത്തൊഴിലാളി പെൻഷൻ ഒഴിച്ചുള്ള മുഴുവൻ പെൻഷനുകളും കൊടുത്തു തീർക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. പോരേ? വർഷങ്ങളായി കുടിശ്ശികയാക്കിയിട്ട് നിങ്ങൾ ഇറങ്ങിപോയപ്പോൾ ഈ ഗവൺമെന്റ് അത് കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഇവിടെ ഇരിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിനെ ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ രീതി ഒരുപാട് മാറിയില്ലേ? നിങ്ങൾക്ക് കോയമ്പത്തൂരിലും ബോംബേയിലുമൊക്കെ കൊണ്ടുപോയി കുട്ടികളെ ഒളിച്ച് പഠിപ്പിക്കാം. ഞങ്ങൾക്ക് ഞങ്ങളുടെ കൺമുൻപിൽ തന്നെ പഠിക്കണമെന്നാണ് ആഗ്രഹം. ഞങ്ങൾക്ക് ഒളിച്ച് പോകേണ്ട കാര്യമില്ല. അതിന് അവസരം ഒരുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ശ്രീമാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് വൻമാറ്റങ്ങൾ വരുത്തിക്കൊണ്ട് എല്ലാ കുട്ടികൾക്കും ഇവിടെത്തന്നെ പഠിക്കാനുള്ള അവസരം ഈ ഗവൺമെന്റ് ഒരുക്കി. കാലം മാറുന്നതനുസരിച്ച് എല്ലാം മാറണ്ടേ? വരട്ട് തത്ത്വശാസ്ത്രംകൊണ്ട് നിന്നാൽ പോരാ. ലോകം നന്നാകുന്നതിനനുസരിച്ച് കേരളവും നന്നാകണ്ടേ? കാറൽ മാർക്സിന്റെ വേലക്കാരി പ്രസവിച്ചു എന്നുപറഞ്ഞപ്പോൾ CPM-കാർ ചാടി എണീച്ച് എന്തൊരു ആക്രോശമായിരുന്നു. മലപ്പുറം സമ്മേളനത്തിൽ നാലാം ലോക സിദ്ധാന്തത്തോടൊപ്പം നിങ്ങൾ ഇതുംകൂടി ഒന്ന് ചർച്ചചെയ്യൂ. റിസൾട്ട് ഞങ്ങളെ അറിയിച്ചാൽ മതി. കാറൽമാർക്സ് നിങ്ങളുടെ തറവാട്ടുകാരനൊന്നുമല്ലല്ലോ.

(.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

കാലം മാറിയതനുസരിച്ച് ലോകം മാറണം. നമ്മൾ ഇപ്പോൾ എന്തുകൊണ്ടാണ് എല്ലാ ജില്ലയിലും വ്യദ്ധസദനം വേണമെന്നുപറയുന്നത്. ഇരുപത് വർഷത്തിനുമുമ്പ് കേരളത്തിൽ വൃദ്ധസദനം വേണമായിരുന്നോ? ഇന്ന് എല്ലാം ന്യൂക്ലിയർ കുടുംബങ്ങളാണ്. കൊച്ചു കുടുംബങ്ങൾ, വാർദ്ധക്യത്തിലേക്ക് വരുന്ന മുത്തശ്ശൻമാരേയും, മുത്തശ്ശിമാരേയും നോക്കാൻ സമയമില്ല. അതുകൊണ്ട് അവർ അവഗണിക്കപ്പെടുന്നു. ഇതുകണ്ടുകൊണ്ടാണ് വൃദ്ധസദനങ്ങൾക്ക് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അത് കാലത്തിനനുസരിച്ചു വന്ന ഒരു മാറ്റമാണ്. നമ്മൾ ആരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതുപോലെ തൊഴിലവസരങ്ങളും മാറണം. സർക്കാർ ജോലിയെ മാത്രം ആശ്രയിച്ച് ഒരു ഗവൺമെന്റിന് മുന്നോട്ടുപോകാൻ പറ്റുമോ? പറ്റുകയില്ല. ഇപ്പോൾ വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമാകാൻ പോകുന്നു, വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ യാഥാർത്ഥ്യമാകാൻ പോകുന്നു, എൽ.എൻ.ജി. ടെർമിനൽ അതുപോലെതന്നെ ഐ. ടി. കോറിഡോർ തുടങ്ങി വൈവിദ്ധ്യമാർന്ന തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഉണ്ടാക്കിക്കൊടുക്കാനുള്ള കർമ്മ പരിപാടികൾ ഈ ഗവൺമെന്റ് ആസൂത്രണം ചെയ്തിരിക്കുന്നു. ഐ. ടി. കോറിഡോർ തിരുവനന്തപുരത്ത് വരുന്നു. മുൻ മുഖ്യമന്ത്രി ശ്രീ എ. കെ. ആന്റണി ബാംഗ്ലൂരിൽ പോയി, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു മുഖ്യമന്ത്രി ബാംഗ്ലൂരിൽ പോയി ആ കമ്പനിയുടെ ചെയർമാൻ ആന്റ് എം.ഡി. ശ്രീ. മൂർത്തിയെ കണ്ട് സംസാരിച്ചു. ഇൻഫോസിസ് കേരളത്തിൽ തിരുവനന്തപുരത്തു വന്നു. അപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്തിരുന്ന എത്ര യുവാക്കൾക്കാണ് കഴിഞ്ഞ ആറ് മാസത്തിനകം ഇവിടെ ജോലി കിട്ടിയത്? ഐ. ടി. കോറിഡോർ, വിഴിഞ്ഞം പോർട്ട് ഇങ്ങനെ ധാരാളം വികസനങ്ങൾ വരുന്നുണ്ട്. വ്യത്യസ്ത പരമ്പരാഗത ജോലി സാദ്ധ്യതകളിൽനിന്ന് മാറിക്കൊണ്ട് കാലത്തിനനുസൃതമായി മാറ്റം ഉൾക്കൊണ്ടുകൊണ്ട് വ്യത്യസ്തമായ മേഖലയിൽ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. കുടുംബശ്രീ, ടൂറിസം എന്നീ രണ്ട് മേഖലകളിലുമായി എത്ര പേർക്കാണ് ജോലി കിട്ടിയിരുന്നത്? ഇത്രയും വലിയ ജോലി സാദ്ധ്യത ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ നടത്തിയ പ്രസംഗം എന്തായിരുന്നു? അദ്ദേഹം ഇന്നലെ ബജറ്റിനെക്കുറിച്ചു പറയുന്നതിനു പകരം പെൺവാണിഭം, വനമോഷണം, കോവളം കൊട്ടാരം, കോവളം ഹോട്ടൽ ഇങ്ങനെ കുറേ കാര്യങ്ങൾ പറഞ്ഞു. എല്ലാ പെൺവാണിഭത്തിലും നിങ്ങൾ ഒരുഭാഗത്ത് പ്രതിയല്ലേ? സൂര്യനെല്ലിയെക്കുറിച്ച് ഞങ്ങളാണോ പറയുന്നത്?. മാർക്സിസ്റ്റ് സഹയാത്രികനായ അഡ്വക്കേറ്റ് ജനാർദ്ദനക്കുറുപ്പ് പറയുന്നു മുഖ്യമന്ത്രി ശ്രീ. നായനാരുടെ ഓഫീസിലെ ശശിയും അന്നത്തെ അക്കൗണ്ടന്റ് ജനറലും ചേർന്ന് ആ കേസ് അട്ടിമറിച്ചു എന്ന്. അങ്ങനെപറഞ്ഞത് ഞങ്ങളല്ല, ശ്രീ. ഉമ്മൻചാണ്ടിയല്ല, ശ്രീ. എ. കെ. ആന്റണിയല്ല, ശ്രീ. വക്കം പുരുഷോത്തമനല്ല, നിങ്ങളുടെ സഹയാത്രികനായ ശ്രീ. ജനാർദ്ദനക്കുറുപ്പാണ്. ഐസ്ക്രീം പാർലർ കേസിൽ നിങ്ങൾ നിയമിച്ച പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ, കല്ലട സുകുമാരൻ പറഞ്ഞു ശ്രീ. നായനാരുടെ ഓഫീസിലെ ശശിയും അക്കൗണ്ടന്റ് ജനറലും കൂടിച്ചേർന്ന് ആ കേസിനെ അട്ടിമറിച്ചു എന്ന്. അവിടേയും പ്രതി നിങ്ങൾ തന്നെയാണ്. കിളിരൂർ പെൺവാണിഭക്കേസ് ഉണ്ടായപ്പോൾ ശ്രീ. അച്ചുതാനന്ദൻ പറഞ്ഞു ആ വി.ഐ.പി. ആരാണെന്ന് അന്വേഷിക്കണം എന്ന്. ശ്രീ. അച്ചുതാനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു, സംസ്ഥാന സമ്മേളനം വരാൻ പോകുന്നു, ഒരു പ്രതിയെ കിട്ടും. അവിടെ പോയത് ആരാണെന്ന് എല്ലാവർക്കും അറിയാം. ഞാൻ വ്യക്തിപരമായി ആരുടേയും പേരുപറയാൻ ആഗ്രഹിക്കുന്നില്ല. ആ വി.ഐ.പി. ആരാണെന്ന് എല്ലാവർക്കും അറിയാം. അവിടേയും പ്രതി നിങ്ങൾ തന്നെയാണ്. സൂര്യനെല്ലിക്കേസ് ആയിരുന്നാലും, ഐസ്ക്രീംകേസ് ആയിരുന്നാലും, കിളിരൂർകേസ് ആയിരുന്നാലും ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയും നിങ്ങളുടെ നേതാക്കളുമാണ്. അതിന് കാരണം എന്താണെന്നറിയാമോ? രാഷ്ട്രീയ പാർട്ടികൾ ജനസേവനത്തിനുള്ളതാണ്. അത് കച്ചവട സ്ഥാപനവും സ്വകാര്യ പണമിടപാട് സ്ഥാപനവും ആകരുത്. പക്ഷേ നിർഭാഗ്യവശാൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ജനങ്ങളെ മറന്നു, ജനസേവനം മറന്നു, മറിച്ച് നിങ്ങൾ എന്തെല്ലാം ആകാൻ പാടില്ലയോ അതെല്ലാമായി. നിങ്ങളായി, നിങ്ങളുടെ നേതാക്കളായി. സി.പി.ഐ. (എം) ആയി, സി.പി.ഐ. (എം)-ന്റെ നേതാക്കളായി. അതിന്റെ ദുരന്തഫലങ്ങളാണ് നിങ്ങൾ ഇന്ന് അനുഭവിക്കുന്നത്. അതുകൊണ്ടാണ് ശ്രീ. കല്ലട സുകുമാരൻ പറയുന്നത്, ശ്രീ. ജനാർദ്ദനക്കുറുപ്പ് പറയുന്നത്, ശ്രീ. അച്ചുതാനന്ദൻ പറയുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണം സി.പി.ഐ. (എം)നേയും സി.പി.ഐ. (എം) നേതാക്കളേയും ഒരു ദുർഭൂതംപോലെ ഇന്ന് വേട്ടയാടുകയാണ്. പേടിച്ച് നിങ്ങൾ ഊണിലും ഉറക്കത്തിലും പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതാണ്, കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി മാതൃക സ്വീകരിച്ചുകൊണ്ട് ഒരു മന്ത്രി സഭയിൽ രാജി പ്രഖ്യാപനം നടത്തിയിട്ടുപോലും ശ്രീ. അച്ചുതാനന്ദൻ വഴങ്ങാത്തത്. ശ്രീ. അച്ചുതാനന്ദൻ പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. അച്ചുതാനന്ദൻ പിച്ചും പേയും പറയുന്നു എന്നുള്ള ആ വാക്ക് പിൻവലിക്കണം.

ശ്രീ. ബി. വിജയകുമാർ: ഞാൻ പിൻവലിക്കുന്നു. പക്ഷേ നിങ്ങളെ ആ പ്രേതം പിൻതുടരുന്നു, നിങ്ങൾ ഭയപ്പാടോടെ നിലവിളിക്കുന്നു. നിങ്ങൾ നിന്ന് നിലവിളിക്കുകയാണ്. ഗ്രാമം വളരുന്ന കാര്യം ഞാൻ പറഞ്ഞു, ഈ ഗവൺമെന്റിന്റെ ഉദ്ദേശലക്ഷ്യം പരമ്പരാഗത വ്യവസായം വളർത്തുകയും അതനുസരിച്ച് നഗരവും വളർത്തുക എന്നുള്ളതാണ്. നഗരം വളരണമെന്ന ഉദ്ദേശത്തോടെയാണ് ഇതെല്ലാം ചെയ്യുന്നത്. തലസ്ഥാന നഗരം മാത്രമല്ല, കൊച്ചി, കോഴിക്കോട് നഗരങ്ങളും വളരാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേരളപ്പിറവിക്കുശേഷം താണുപിള്ള സാർ കേരളത്തെ സ്നേഹിച്ച ഒരു മുഖ്യമന്ത്രിയായിരുന്നു. ആ താണുപിള്ള സാറിനുശേഷം തലസ്ഥാന നഗരത്തെ സ്നേഹിച്ച ഒരു മുഖ്യമന്ത്രിയുണ്ടായത് ശ്രീ. എ. കെ. ആന്റണിയാണ്. അദ്ദേഹം തലസ്ഥാന നഗര വികസനത്തിനു വേണ്ടി 48 കിലോമീറ്റർ റോഡുകളും രണ്ട് ഫ്ളൈ ഓവറും ഒരു അണ്ടർ പാസ്സേജ് വാട്ടർ സപ്ലൈ സ്കീമും, സിവറേജസ് സ്കീമും, ഇറിഗേഷൻ സ്കീമും അടങ്ങിയ, അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കാവുന്നതും 250 കോടി രൂപ ചെലവ് വരുന്നതുമായ ഒരു പദ്ധതിക്ക് തുടക്കമിട്ടു. ആ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ് പാളയത്ത് ഇന്ന് നടന്നുവരുന്നത്. അടുത്ത ആറ് മാസത്തിനുള്ളിൽ തലസ്ഥാന നഗരത്തിന്റെ മുഖച്ഛായ മാറുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. അദ്ദേഹം തുടക്കം കുറിച്ച്. പണി ആരംഭിക്കാൻ പോവുകയാണെന്നും അതിനാവശ്യമായ തുക വകയിരുത്തുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചു. ഞാൻ അദ്ദേഹത്തെ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. അതുപോലെ കൊച്ചിയുടെ വികസനത്തിന് മൂന്ന് കോടി രൂപ കൊടുത്തു, കോഴിക്കോടിന് രണ്ട് കോടി രൂപ കൊടുത്തു. അതോടൊപ്പം തന്നെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മധ്യപ്രദേശിലും കർണ്ണാടകത്തിലും ഉണ്ടായ അനുഭവം നമുക്ക് ഒരു പാഠമാകണം. ഇൻഡ്യ കണ്ട ഏറ്റവും നല്ല മുഖ്യമന്ത്രിമാരായിരുന്നു ദിഗ്‌വിജയ് സിംഗ്, എസ്. എൻ. കൃഷ്ണ തുടങ്ങിയവർ. പക്ഷേ കർണ്ണാടകത്തിലും മധ്യപ്രദേശിലും തെരഞ്ഞെടുപ്പിൽ അവർ പരാജയപ്പെട്ടു. രണ്ട് കാര്യങ്ങളുടെ പേരിലാണ് അവർ പരാജയപ്പെട്ടത്. ഒന്ന്, രൂക്ഷമായ വരൾച്ചയെത്തുടർന്ന് കുടിവെള്ളം കിട്ടാതെ ജനങ്ങൾ വലഞ്ഞു. രണ്ട്, റോഡുകളുടെ ശോചനീയ സ്ഥിതി. അതുകൊണ്ട് പൂർത്തിയാക്കാൻ കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കണം. എത്ര സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിലും അതിന് തുക വകയിരുത്തണം. അതുപോലെ തന്നെ റോഡുകളുടെ കാര്യവും വേൾഡ് ബാങ്ക് സ്കീമിനും നബാർഡിനും പണം ഉണ്ട്. വേൾഡ് ബാങ്ക് പദ്ധതിയിൽപ്പെടാത്തതും നബാർഡിന്റെ പദ്ധതിയിൽപ്പെടാത്തതുമായ ഇരുപതിനായിരം കിലോമീറ്റർ റോഡുകളുണ്ട്. ഈ റോഡുകളുടെ ശോചനീയ സ്ഥിതി പരിഹരിക്കാൻ ആവശ്യമായ തുക കൂടി കൊടുക്കണം. അതുപോലെ ആശുപത്രിയുടെ സ്ഥിതി മെച്ചപ്പെടുത്തണം. അതുപോലെത്തന്നെ ശമ്പളക്കമ്മീഷൻ. ആരാണ് സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് ഇത്രയും ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളത്? യു.ഡി.എഫ്. ഗവൺമെന്റല്ലേ. കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റാണ് സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ഓണസ്സും ഫെസ്റ്റിവൽ അലവൻസും ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുത്തിട്ടുള്ളത്. അവർക്കുവേണ്ടി പ്രസംഗിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്യുന്ന ഇടതുമുന്നണി ഗവണ്മെന്റല്ല. അവർ അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുമ്പോൾ പതിനേഴ് ശതമാനം ഡി.എ. കുടിശ്ശികയുണ്ടായിരുന്നു. ഈ ഗവൺമെന്റ് അത് കൊടുത്തു. ഇനി കുടിശ്ശികയുള്ളതും ഇനി കേന്ദ്രം പ്രഖ്യാപിക്കാൻ പോകുന്നതും ഉൾപ്പെടെയുള്ള മുഴുവൻ ഡി.എ. കുടിശ്ശികയും കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കാൻ ഈ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ഇവിടെ നടത്തിയത്. വിവാഹധൂർത്തിനെക്കുറിച്ച് കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കല്ല്യാണ മണ്ഡപങ്ങൾക്ക് മിനിമം അയ്യായിരം രൂപ എന്നുള്ളത് ഒന്നുകൂടി വർദ്ധിപ്പിക്കണം. അല്ലെങ്കിൽ ഇവർ കള്ളം കാണിക്കും. യാതൊരു സംശയവുമില്ല. ഹാൾ റെന്റ് മുവായിരം, മൂവായിരത്തിയഞ്ഞൂറ് എന്നെഴുതും. ബാക്കിയെല്ലാം മറ്റ് വാടകയെന്നു പറയും. അതുകൊണ്ട് കള്ളം കാണിക്കാൻ ഒരു അവസരം കൊടുക്കാത്ത രീതിയിൽ മിനിമം റേറ്റ് കുറച്ചുകൂടി കൂട്ടണം. ആൾ ഇന്ത്യ പാറ്റേൺ അനുസരിച്ച് ഒരു ശതമാനമാണ് സ്വർണ്ണത്തിന്റെ നികുതി എന്ന് അങ്ങ് പറഞ്ഞു. ഞൻ അത് അംഗീകരിക്കുന്നു. പക്ഷേ അങ്ങേയ്ക്ക് ഒരു കാര്യം ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ടി.വി. തുറന്ന് നോക്കിയാൽ, പത്രം എടുത്തുനോക്കിയാൽ എവിടേയും സ്വർണ്ണത്തിന്റെ പരസ്യങ്ങളാണ്. എത്ര കോടി രൂപയാണ് സ്വർണ്ണപ്പരസ്യത്തിനായി ഇവർ ചെലവാക്കുന്നത്? സ്വർണ്ണപ്പരസ്യത്തിന് അങ്ങ് നികുതി ഏർപ്പെടുത്തണം. ആളുകളെ പ്രലോഭിപ്പിക്കുന്ന, സ്ത്രീകളെ പ്രലോഭിപ്പിക്കുന്ന സ്വർണ്ണപ്പരസ്യത്തിന് നികുതി ഏർപ്പെടുത്തണം. ഇത് സാധാരണക്കാരെ ബാധിക്കില്ല.

ശ്രീ. എം. എം. ഹസ്സൻ: പൊതുവേ നികുതിയൊന്നും ഏർപ്പെടുത്തരുത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിരിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സ്വർണ്ണപ്പരസ്യത്തിന് നികുതി ഏർപ്പെടുത്തണം. പണ്ട് ഹിന്ദുക്കളുടെ ഇടയിൽ കല്യാണം നടക്കുമ്പോൾ വരൻ വധുവിനൊരു മാലയിടുന്നു. പിന്നെ മറുപടിക്കെങ്ങാനും പോകുമ്പോൾ രഹസ്യമായി പയ്യന് പെൺകുട്ടിയുടെ വീട്ടുകാർ ഒരു മാലയിടുന്നു. ഇപ്പോൾ വന്നുവന്ന് പരസ്യമായി കല്ല്യാണമണ്ഡപത്തിൽ വച്ചുതന്നെ മാല ഇട്ടുതുടങ്ങി. ഇപ്പോൾ എനിക്കു കിട്ടിയ ഒരറിവ് അമ്മായിയമ്മയ്ക്ക് കൂടെ ഒരു സ്വർണ്ണമാല കൊടുത്തുതുടങ്ങിയെന്നാണ്. പെൺകുട്ടിയെ അങ്ങോട്ടയയ്ക്കുമ്പോൾ അവിടെ ചെന്ന് പോർ നടത്താതിരിക്കാനും, പ്രീതിപ്പെടുത്താനും വേണ്ടിയാണിത്. പെൺകുട്ടിയുടെ ശരീരഭാഗങ്ങൾ പുറത്തുകാണാതെ തുക്കിയും കെട്ടിയും വലിച്ചും 400, 500 പവൻ സ്ഥാപിക്കുന്നതോടൊപ്പം അമ്മായിയമ്മയ്ക്കുകൂടെ 10 പവന്റെ മാല കൊടുക്കുന്ന ഒരു സ്ഥിതി വന്നുചേർന്നിരിക്കുന്നു. സ്വർണ്ണത്തിന് എന്തു ചെയ്താലും കേരളം അങ്ങയെ അഭിനന്ദിക്കും. അതുകൊണ്ട് ഈ സമ്പ്രദായം അവസാനിപ്പിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. ദിശാബോധത്തോടുകൂടിയാണ് ഈ ഗവണ്മെന്റ് പോകുന്നത്. രാഷ്ട്രീയമായ പ്രചരണത്തോടുകൂടി ഈ ഗവണ്മെന്റ് മുന്നോട്ട് പോയാൽ ആ മുന്നോട്ടുപോക്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ കാലങ്ങളിലെ വ്യാജപ്രചരണം ചെലവാകില്ല എന്നുപറഞ്ഞുകൊണ്ട് ഈ ധനകാര്യബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സാജുപോൾ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. കേരളത്തിന്റെ നികുതി ഘടനയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതും സാമ്പത്തിക സ്ഥിതിയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമായ പരിഷ്കാരങ്ങളാണ് നാം നടപ്പാക്കാൻ പോകുന്നത്. സത്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ തന്നെ മൂല്യവർദ്ധിത നിയമം നടപ്പാക്കുന്ന ധനകാര്യ ബിൽ അവതരിപ്പിക്കാൻ ഇടയായത് ഒരു നിയോഗമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം കേരള നിയമസഭയുടെ ചരിത്രത്തിൽ ഇന്നോളം ഉണ്ടാകാത്ത വിധത്തിലാണ് ബഹുമാന്യനായ കെ. പി. രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെ യാതൊരു വിധ ചർച്ചയും കൂടാതെ ഒരു മിനിട്ട് കൊണ്ട് കേരളത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു ബിൽ ഈ സഭ പാസ്സാക്കിയത്. അത് പ്രാവർത്തികമാക്കുന്നതിനുള്ള ചുമതല അദ്ദേഹത്തിന് ലഭിച്ചുവെന്നുള്ളത് ഒരു വിരോധാഭാസം തന്നെയാണ്. ഒരു ഭേദഗതിയും വരുത്താതെയും ചർച്ച ചെയ്യാതെയും ഭരണപ്രതിപക്ഷാംഗങ്ങളുടെ നിർദ്ദേശങ്ങളൊന്നും പരിഗണിക്കാതെയും നിയമം നിർമ്മിച്ചു. അന്ന് സ്പീക്കറായിരുന്ന ആളാണ് ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. രണ്ടുതരം നികുതിയുടെ അപകടവും അതുപോലെതന്നെ ഉപഭോക്തൃ സംസ്ഥാനമെന്ന പ്രത്യേകതയും ഉള്ള കേരളം ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമംമൂലം വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുമെന്ന അവസ്ഥയൊന്നും ആരും പരിഗണിച്ചിട്ടില്ല. നമുക്കിപ്പോൾ ലഭിച്ചിട്ടുള്ള ഇളവുകൾ ഒരു വർഷത്തേക്ക് മാത്രമുള്ളതാണ്. വരും വർഷങ്ങളിൽ ഈ നികുതി ഘടനയിൽ മാറ്റം വരുത്തേണ്ടിവരും. ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ ഇപ്പോൾ ഒരു ശതമാനം നികുതി ഈടാക്കുന്ന ഇനങ്ങൾക്കടക്കം കുറഞ്ഞ നികുതി നാല് ശതമാനമായിത്തീരും. അതുപോലെത്തന്നെ നികുതിയൊഴിവ് നാൽപ്പത്തിയാറ് സാധനങ്ങൾക്കാണ് കൊടുക്കാൻ കഴിയുന്നത്. 10 വസ്തുക്കളെ സംസ്ഥാനങ്ങൾക്ക് നിർണ്ണയിക്കാം. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ബാധിക്കുന്നവയെ ഈ പട്ടികയിൽപ്പെടുത്താൻ സാധിക്കില്ല എന്നുള്ളതാണ് വാസ്തവം. കേന്ദ്ര ഗവണ്മെന്റ് ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. 279 സാധനങ്ങൾക്ക് നാല് ശതമാനവും മറ്റുള്ളവയ്ക്ക് പന്ത്രണ്ടര ശതമാനവും നികുതി വരും. ഇതിനെല്ലാമിടയിൽ വാറ്റ് നടപ്പാക്കുമ്പോഴുണ്ടാകുന്ന അധിക നികുതി വരുമാനം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടെ മറച്ചുവച്ചുവെന്നുള്ളതാണ് എനിക്ക് ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഉണ്ടാകുന്ന അധിക വിഭവ സമാഹരണം ഉൾപ്പെടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നത് പത്ത് കോടി രൂപ മാത്രമാണ്. ഇപ്പോഴത്തേതിന്റെ ഇരട്ടിയായി സ്റ്റാമ്പ് ഡ്യൂട്ടി മാറുന്നു. ശ്രീ. കുഞ്ഞിരാമൻ ഇക്കാര്യം ഇവിടെ വിശദമായി സൂചിപ്പിച്ചതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. പത്ത് കോടി രൂപ മാത്രമാണ് അധിക വിഭവ സമാഹരണം എന്നുള്ള പ്രഖ്യാപനം തട്ടിപ്പാണ്. നികുതിരഹിതമായ സമതുലിതാവസ്ഥയുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന ഖ്യാതി കിട്ടാൻ വേണ്ടിയാണിത്. സ്വർണ്ണത്തിന് നികുതിയേർപ്പെടുത്തി, ആ ഇനത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. കേരളത്തിൽ ഇപ്പോൾ വ്യാപകമായിട്ടുള്ള ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗംമൂലം കേരളത്തിൽ നിന്ന് കോടിക്കണക്കിന് രൂപ കടത്തുന്നു. മൊബൈൽ കമ്പനികൾ, ആഡംബര കാറുകളുടെ കമ്പനികൾ, ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകുന്നവർ തുടങ്ങി സമ്പന്ന വരേണ്യവർഗ്ഗത്തെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങളെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്തുകൊണ്ടാണ് അവരെയൊന്നും തൊടാൻ ധൈര്യം കാണിക്കാത്തത്? അദ്ദേഹത്തിൽനിന്ന് അങ്ങനെയൊന്നുമല്ല പ്രതീക്ഷിക്കുന്നത്. ആ നിലയിൽ ചങ്കൂറ്റം കാണിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ പാവപ്പെട്ട ആളുകൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് അദ്ദേഹം ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. ഞാൻ അതിലേക്ക് പിന്നീട് വരാം. അതുപോലെ വിൽപ്പന നികുതി വരുമാനം ഇപ്പോൾത്തന്നെ 1300 കോടി രൂപയിൽ കവിഞ്ഞു എന്ന വാദമുഖവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവരുന്നുണ്ട്. എന്നാൽ യഥാർത്ഥ കണക്കുകളനുസരിച്ച് കഴിഞ്ഞ രണ്ട് വർഷംകൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ഫലമായി 177-181 കോടി രൂപ വീതം പ്രതിവർഷം വരുമാനത്തിൽ യഥാക്രമം വർദ്ധനവുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നികുതിപിരിവ് സംബന്ധിച്ച കണക്ക് എന്റെ കൈവശമുണ്ട്. നികുതി പിരിവിന്റെ പഴുതുകൾ അടച്ചുകൊണ്ട് നികുതി വർദ്ധിപ്പിച്ചതുകൊണ്ടല്ലേ യഥാർത്ഥത്തിൽ നികുതി വരുമാനം കൂടിയിട്ടുള്ളത്? അതുപോലെതന്നെ വാറ്റ് നടപ്പാക്കുമ്പോൾ വ്യാപാര മേഖലയിൽനിന്നുള്ള വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

70 ശതമാനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞാൽ നികുതിഭാരം കേരളത്തിലെ ജനങ്ങൾക്കുമേൽ കൂടും എന്നല്ലേ അർത്ഥമാകുന്നത്? സഹകരണ സംഘങ്ങൾക്കും, ചാരിറ്റബിൾ സൊസൈറ്റികൾക്കും മറ്റ് വീക്കർ സെക്ഷനുകൾക്കുമുള്ള ഇളവുകൾ ഇല്ലാതാകുകയും ചെയ്യുമെന്നുള്ളത് സത്യമാണ്. വളരെ നിസ്സാരമായിത്തോന്നാമെങ്കിലും റബ്ബർ ചെരുപ്പുകളെ അതായത് സാധാരണക്കാർ ഉപയോഗിക്കുന്ന, ഞാനടക്കം ധരിക്കുന്ന ഹാവായ് ചെരുപ്പുകളെ പന്ത്രണ്ടര ശതമാനം നികുതി വരുന്ന വിഭാഗത്തിലാണുൾപ്പെടുത്തിയിട്ടുള്ളത്. അതേസമയം ലെതർ, പി.വി.സി., പ്ലാസ്റ്റിക്ക്, സിന്തറ്റിക്ക് ചെരുപ്പുകളെ നാല് ശതമാനം നികുതി വരുന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാട്ടിൻപുറത്തെ സോഡാ കമ്പനിക്കാരേയും വൻകിട ബഹുരാഷ്ട്ര കോള കമ്പനികളേയും അതുപോലെ വൻകിട കൊറിയർ കമ്പനികളേയും ചെറുകിട കൊറിയർ കമ്പനികളേയും ഒരേ രീതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അന്യസംസ്ഥാനങ്ങളിലേക്ക് റബർ തടി കയറ്റി അയയ്ക്കാൻ അനുവാദം കൊടുത്തതിലൂടെ ഉണ്ടായ പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ തടിവ്യവസായ പ്രതിസന്ധിയടക്കം പരിഹരിക്കത്തക്ക വിധത്തിലുള്ള ഭേദഗതികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വാറ്റ് നിയമം നടപ്പിലാക്ക പ്പെടുമ്പോൾ, വിത്ത് നിയമമടക്കം പ്രാബല്ല്യത്തിൽ വരുമ്പോൾ, കേരളം എരിപൊരികൊള്ളാൻ പോകുന്നുവെന്നുള്ളതാണ് വാസ്തവം. ഇവിടെ ഏഴ് പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി, നാലായിരത്തോളം ആളുകളുടെ തൊഴിൽ പോയി. എഴുപത്തിയയ്യായിരം തസ്തികകൾ സർക്കാർ റദ്ദാക്കി. അതിനിടയിലാണ് ആയിരം തസ്തികകൾ പൊതുജനാരോഗ്യ വിഭാഗത്തിൽ സൃഷ്ടിച്ചു എന്ന് പറയുന്നത്. ധൂർത്തിന് യാതൊരു കുറവുമില്ല. പഞ്ചായത്തുകളെ ഒരു പരുവത്തിലാക്കിക്കഴിഞ്ഞിട്ട് പ്രഖ്യാപനങ്ങൾക്ക് യാതൊരു കുറവുമില്ല. 'ജിം' കഴിഞ്ഞപ്പോൾ ആകർഷകമായ നിരവധി പേരുകൾ നാം കേട്ടു. ബഹുമാന്യനായ ബാലേട്ടൻ സൂചിപ്പിച്ചതുപോലെ പല ഫാൻസി ടൈറ്റിലുകളും ഉണ്ട്. ഐ. റ്റി. കോറിഡോർ, സ്മാർട്ട് സിറ്റി, ഫാഷൻ സിറ്റി, എൽ.എൻ.ജി. ടെർമിനൽ തുടങ്ങി നിരവധി കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ കെ. ബാബു ഉൾപ്പെടെയുള്ളവർ ഇവിടെ പ്രസംഗിച്ചപ്പോൾ കൊച്ചിക്ക് റോഡ് വികസനത്തിനുവേണ്ടി നൽകിയ ഒരു കോടി രൂപയുടെ കാര്യമൊക്കെ പറഞ്ഞു. മൂന്ന് വർഷമായി, ഒരു രൂപ പോലും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിക്ക് കൊടുത്തിട്ടില്ല. ഈ ബഡ്ജറ്റിലും ഒന്നും വകയിരുത്തിയിട്ടില്ല എന്നുള്ള വാസ്തവം അംഗീകരിക്കാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ പോരായ്മകളൊക്കെ പരിഹരിച്ച് കേരളത്തിൽ തേനും പാലും ഒഴുക്കാനാണല്ലോ നിങ്ങൾ അധികാരത്തിൽ വന്നത്. മലയോര വികസന അതോറിറ്റിയെന്ന് പറഞ്ഞ് ബഹുമാന്യനായ കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ രോമാഞ്ചംകൊണ്ടു നടക്കുന്നുണ്ട്. അതിനുവേണ്ടി രണ്ട് കോടി രൂപ വകയിരുത്തുകയും അത് നടപ്പാക്കുമെന്ന് മൂന്ന് കൊല്ലത്തോളം പ്രഖ്യാപനം നടത്തുകയും ചെയ്തിട്ട് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. അടുത്ത ഒന്നരക്കൊല്ലംകൊണ്ട് എന്തെങ്കിലും നടക്കുമോ? ഒരു ചെയർമാനും കാറും ഓഫീസ് സൗകര്യങ്ങളുമല്ലാതെ തീരദേശ വികസന അതോറിറ്റിക്കും എന്താണുള്ളത്? ഇങ്ങനെ നിരവധി പ്രഖ്യാപനങ്ങളുണ്ട്. കേരള ഗവൺമെന്റ് വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിലാളികളായി പ്രഖ്യാപിച്ചു, എന്തു പ്രയോജനമാണ് അതുകൊണ്ട് ഉണ്ടാകാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും അനന്തര നടപടികൾ ആരംഭിച്ചിട്ടുണ്ടോ? അങ്ങനെ എത്രയോ അബദ്ധ ജടിലങ്ങളായ, ജനങ്ങളെ പറ്റിക്കുന്ന പ്രഖ്യാപനങ്ങളുൾപ്പെടെ ഇവിടെ നടത്തിയിട്ടുണ്ട്. എം.എൽ.എ. മാരെയെല്ലാം ജില്ലാ അടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി ഇരുന്നൂറ് കോടി രൂപ കഴിഞ്ഞ വരൾച്ചാക്കാലത്ത് കുടിവെള്ള വിതരണത്തിനുവേണ്ടി വകയിരുത്തി വിനിയോഗിക്കുമെന്ന് പറഞ്ഞല്ലോ, ഒരു രൂപ ഏതെങ്കിലും ജില്ലയിൽ ചെലവാക്കിയിട്ടുണ്ടോ? വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും അതിനുവേണ്ടി നടത്തിയ ജോലിക്കും പണം എറണാകുളം ജില്ലയിൽ കൊടുത്തിട്ടില്ല. ഞാനൊഴികെ യു.ഡി.എഫ്. ഗവൺമെന്റിനെ പിൻതാങ്ങുന്ന 14 എം.എൽ.എ.-മാർ ഉള്ള എറണാകുളം ജില്ലയിലെ അവസ്ഥയാണിത്. ശമ്പളക്കമ്മിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കുന്ന, അങ്ങേയറ്റം കാപട്യം നിറഞ്ഞ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലും അതുപോലെതന്നെ ഈ ധനകാര്യബില്ലിലും എല്ലാമുള്ളതെന്നാണ് എനിക്ക് പറയാനുള്ളത്. വരൾച്ചാ ദുരിതാശ്വാസത്തിന്, കേന്ദ്രത്തിൽ നിന്ന് ഒന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ചിലയാളുകൾ പുരപ്പുറത്തുകയറിനിന്ന് പറഞ്ഞു, മൂവായിരത്തിഅൻപത്തിമൂന്ന് കോടി രൂപയുടെ ദേശീയ പാത വികസനം, വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ ഉണ്ടായി എന്ന്. ചുരുങ്ങിയ കാലംകൊണ്ടാണെങ്കിലും കേരളത്തിൽ നിന്നുള്ള 29 എം.പി.മാർ ചേർന്ന് ഇവയെല്ലാം നടപ്പാക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങൾ ചെറുതാണോ? അഭിവന്ദ്യനായ സഖാവ് പി.കെ.വി. ഉൾപ്പെടെയുള്ള എം.പി.മാർ നൽകിയ സംഭാവനകളെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള അപ്പുറത്തുള്ള ആളുകളുടെ പരാമർശങ്ങളിൽ ഒന്നും ഉണ്ടായിരുന്നില്ല എന്നുള്ളതാണ് വാസ്തവം. ഇങ്ങനെയൊക്കെയാണെങ്കിലും അടുത്ത തെരഞ്ഞെടുപ്പിൽ നൂറ് സീറ്റ് കിട്ടിയില്ലെങ്കിലും മോശമല്ലാത്ത ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരുമെന്ന് ബഹുമാന്യനായ ജി. കാർത്തികേയൻ അപ്പുറത്തുനിന്ന് ഇന്നലെ പറയുന്നത് കേട്ടു. ഹർത്താലും പണിമുടക്കും നിരോധിക്കണമെന്ന പ്രചരണത്തിന് എതിരായി അദ്ദേഹം പറഞ്ഞ കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു. സീറ്റുകുറയുമെന്ന വെളിപാട് അദ്ദേഹത്തിന് ഉണ്ടാകാൻ കാരണമായിട്ടുള്ള ഘടകം ഞാൻ വിലയിരുത്തുന്നത് കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ ഉണ്ടായ ഒരു അന്തരീക്ഷം അല്ല ഇപ്പോൾ കേന്ദ്രത്തിലുള്ളത് എന്നതാണ്. സി.പി.ഐ. (എം) അടക്കമുള്ള ഇടതുപക്ഷ പാർട്ടികളുടെ പിൻതുണയോടുകൂടിയാണ് അവിടുത്തെ ഗവൺമെന്റ് നിലനിൽക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. വോട്ടുകൾ മറിച്ചതുപോലെ, എൻ.ഡി.എ. ഗവൺമെന്റ് ഉണ്ടായിരുന്നപ്പോൾ സാദ്ധ്യമായതുപോലെ നടക്കുന്ന ഒരു സ്ഥിതിയല്ല എന്ന് മനസ്സിലാക്കിക്കൊണ്ടാണ് എണ്ണം നൂറിൽനിന്ന് അൽപം കുറയും എന്ന് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഒരു വിലയിരുത്തൽ നടത്തിയത് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. ഇവിടെ അശ്ലീലസാഹിത്യം മാത്രം പറയുന്ന ചില ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതിനൊന്നിനും ഞാൻ മറുപടി പറയുന്നില്ല. ചുരുക്കം ചില കാര്യങ്ങൾക്ക് മാത്രമേ ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഇളംമുറക്കാരനായ, അദ്ദേഹത്തിന്റെ സുഹൃത്തിന്റെ മകനായ എനിക്ക് ഓർമ്മപ്പെടുത്താനുള്ള ഒരു കാര്യമുണ്ട്, അദ്ദേഹം കർഷകത്തൊഴിലാളി പെൻഷൻ ഒഴികെയുള്ള പെൻഷനുകൾ മൂഴുവൻ മാർച്ച് 31-ന് മുൻപ് കൊടുത്തു തീർക്കുമെന്ന് പറഞ്ഞില്ലേ? ബഹുമാനപ്പെട്ട വക്കംജി, അങ്ങ് ഒന്ന് പുറകോട്ട്

LIBRARY ARCHIVES Kerala Legislative Assembly

തിരിഞ്ഞുനോക്കണം. 1980-ൽ ഇന്നേയ്ക്ക് കാൽ നൂറ്റാണ്ടുകാലം മുൻപ് അങ്ങനെ സാക്ഷിനിർത്തിക്കൊണ്ടാണ് കേരളത്തിന്റെ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാർ പേരൂർക്കടയിൽ വച്ച് ചക്കിയെന്ന 88 വയസുകാരിക്ക് കർഷകത്തൊഴിലാളി പെൻഷൻ കൊടുത്ത് പെൻഷൻ പദ്ധതി തുടങ്ങിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയെ സാക്ഷിനിർത്തിക്കൊടുത്ത ആ കർഷകത്തൊഴിലാളി പെൻഷന്റെ കുടിശ്ശികകൂടി കൊടുത്തുതീർക്കുന്നതിനുള്ള ധാർമ്മികമായ ബാദ്ധ്യത ഇവിടെ ചിന്നത്തമ്പിയെന്നെല്ലാം പറഞ്ഞ് ബഹുമാന്യനായ തമ്പാൻ പുകഴ്ത്തിപ്പാടിയ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ടെന്ന് മാത്രം സൂചിപ്പിക്കാൻ വേണ്ടി ഈ അവസരം വിനിയോഗിക്കുകയാണ്.

സർ, ഞാൻ ഈ ധനകാര്യബില്ലിൽ ഒതുങ്ങിനിന്നുകൊണ്ട് ചർച്ച ചെയ്യണമെന്ന് ആഗ്രഹിച്ച ഒരാളാണ്. എന്നാൽ അപ്പുറത്തുനിന്ന് ശ്രീ. സുജനപാലും ശ്രീ. കെ. എൻ. എ. ഖാദറും, ശ്രീ. ബി. വിജയകുമാറും ഉൾപ്പെടെയുള്ളവർ പറഞ്ഞത് കേരള വികസനത്തിന് ബഹുമാന്യനായ പ്രതിപക്ഷനേതാവും സി.പി.ഐ. (എം) കാരുമൊക്കെ തടസ്സം നിൽക്കുന്നു എന്നാണ്. കേരളത്തിൽ വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും തെരുവോരങ്ങളിൽ ഉണ്ടായ ഗുണ്ടാവിളയാട്ടം ലോകം മുഴുവൻ ദൃശ്യമാധ്യമങ്ങളിൽക്കൂടി കണ്ടില്ലേ? ഇങ്ങനെയുള്ള സാഹചര്യത്തിൽ ആരാണ് നിക്ഷേപം നടത്താൻ എത്തിച്ചേരുക? ഇപ്പോൾ വ്യവസായ വകുപ്പുമന്ത്രിയായ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ്, മഅദനി സാഹിബിനെ മോചിപ്പിക്കണമെന്നുപറഞ്ഞ് പ്രമേയം കൊണ്ടുവന്നില്ലേ? 115 കിലോഗ്രാം തൂക്കമുണ്ടായിരുന്ന മഅദനി സാഹിബ് 45 കിലോ തൂക്കം ആയപ്പോഴാണ് തെരഞ്ഞെടുപ്പ് അടുത്തപ്പോൾ ഉപക്ഷേപം കൊണ്ടുവന്നത്. ഇപ്പോൾ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെപ്പറ്റി മിണ്ടുന്നുണ്ടോ? മഅദനി സാഹിബിനെക്കുറിച്ച് മിണ്ടുന്നുണ്ടോ? എവിടെപ്പോയി നിങ്ങളുടെ നാക്ക്? ഇറങ്ങിപ്പോയോ? കേരളത്തിൽ വ്യവസായം വരാത്തതിനുത്തരവാദിത്വം ആർക്കാണ്? മഹാത്മാഗാന്ധിയുടെ പാർട്ടി ഇപ്പോൾ ചർക്കയെപ്പറ്റി ഓർക്കുന്നുണ്ടോ? വ്യവസായം വരാത്തതിന് കാരണമെന്താണ്? തന്റെ വിരൽത്തുമ്പിൽ തിരിഞ്ഞ ചർക്ക എന്ന ചെറുയന്ത്രത്തിന്റെ മാന്ത്രികശക്തിയാൽ കോടാനുകോടി ഭാരതീയരുടെ സിരാപടലങ്ങളിലെ രക്തചംക്രമണത്തിന് ഗതിവേഗം വർദ്ധിപ്പിച്ച് സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഇൻഡ്യയിൽനിന്ന് കെട്ടുകെട്ടിച്ച മഹാത്മാഗാന്ധിയുടെ പാർട്ടിക്കാർ ഇപ്പോൾ ചർക്കയെക്കുറിച്ചല്ല നാല് ചക്രത്തെക്കുറിച്ചാണ് ചിന്തിക്കുന്നത്. അതുകൊണ്ടാണ് ഇവിടെ വ്യവസായം വരാത്തതെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കഴിഞ്ഞ പുനഃസംഘടനയിൽ കസേര മോഹിച്ച ചിലയാളുകൾ പിൻബഞ്ചിൽ വേഴാമ്പലിനെപ്പോലെയിരുന്ന് വിലപിക്കുന്നുണ്ട്. ഇപ്പോൾ ഒഴിവു വന്നിട്ടുള്ള ഒരു കസേരയെങ്കിലും അവർക്ക് കൊടുത്ത് ഒന്ന് തൃപ്തിപ്പെടുത്താൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് എല്ലാവരും ബഹുമാനപ്പെട്ട എ. കെ. ആന്റണിയെ പുകഴ്ത്തിപ്പറയുകയാണ്. ഇവിടെ അടുത്ത കാലത്ത് നല്ല ഒരു സിനിമ ഇറങ്ങിയിട്ടുണ്ട്. മോഹൻലാലിന്റെ തിരക്കഥ മോഷ്ടിച്ച് ശ്രീനിവാസൻ വലിയ ഒരു ചലച്ചിത്രതാരമായി, ഒടുവിൽ ശ്രീനിവാസൻ പറഞ്ഞു ലാലിന്റെ ഉദയനാണ് താരം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ബഹുമാനപ്പെട്ട എ. കെ. ആന്റണിയെ താഴെയിറക്കിയശേഷം ഇപ്പോൾ പറയുന്നു, എ. കെ. ആന്റണിയാണ് താരം. അദ്ദേഹം ഇത്ര നല്ല ഭരണാധികാരിയായിരുന്നുവെങ്കിൽ, തിരുവനന്തപുരത്തിന്റെ വികസനത്തിൽ ഏറ്റവും നല്ല സംഭാവനകൾ നൽകിയെങ്കിൽ എന്തിനാണ് അദ്ദേഹത്തെ ആ സ്ഥാനത്ത് നിന്ന് മാറ്റിയതെന്ന് നിങ്ങൾ പറയണം; എന്തിനാണ് ഒഴിവാക്കിയതെന്ന് പറയണം. ഇപ്പോൾ സർക്കസിലെ റിങ് മാസ്റ്ററുടെ അഭ്യാസപ്രകടനങ്ങൾപോലെ രണ്ടറ്റവും കൂട്ടിച്ചേർക്കാൻ വേണ്ടി എല്ലാ വിഭാഗത്തെയും തൃപ്തിപ്പെടുത്താൻവേണ്ടി സ്ഥാപിത താൽപ്പര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അങ്ങേയറ്റത്തെ അഭ്യാസപ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിലെ തൊഴിലാളികൾക്കെതിരായി, കൃഷിക്കാർക്കെതിരായി, കർഷക തൊഴിലാളികൾക്കെതിരായി ലോട്ടറിവിറ്റു ജീവിച്ചവർക്കെതിരായി തൊഴിലില്ലാത്ത ചെറുപ്പക്കാർക്കെതിരായി പീഡിപ്പിക്കപ്പെട്ട വനിതകൾക്കെതിരായി പെഷൻഷൻകാർക്കും കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനുമെതിരായി കൊണ്ടുവന്നിട്ടുള്ളതും സർക്കാർ ജീവനക്കാരടക്കമുള്ളവരെ കബളിപ്പിക്കുന്നതുമായ ബില്ലും ബഡ്ജറ്റും ആണെന്നുള്ളതുകൊണ്ട് ധനകാര്യ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇവിടെ രണ്ട് ഭാഗത്തുനിന്നും സംസാരിച്ചിട്ടുള്ള ആളുകൾ ഫൈനാൻസ് ബില്ലിനെ കുറിച്ച് കാര്യമായ വിമർശനങ്ങളൊന്നും അവതരിപ്പിച്ചിട്ടില്ല. അതിന് പ്രധാന കാരണം, സാധാരണ ജനങ്ങളെ ബാധിക്കുന്ന ഒരു നികുതിഭാരവും ഈ ബഡ്ജറ്റിലോ ഇന്ന് ഞാൻ ഇവിടെ അവതരിപ്പിച്ച ഫൈനാൻസ് ബില്ലിലോ ഇല്ലെന്നുള്ളതുതന്നെയാണ്. അതുകൊണ്ടുതന്നെ എന്റെ ജോലി വളരെ ലഘൂകരിച്ചിരിക്കുകയാണ്. ഓരോ ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞതിനെല്ലാം മറുപടി പറയത്തക്കവണ്ണമുള്ള കാര്യമില്ലാത്തതിനാൽ പൊതുവേ വന്നിട്ടുള്ള നിർദ്ദേശങ്ങൾ ഓരോന്നിനെക്കുറിച്ചും ഞാൻ വിശദീകരിക്കാൻ ശ്രമിക്കാം.

[2.00 pm]

വാറ്റ് നടപ്പിലാക്കി വരുമ്പോൾ ജനങ്ങൾക്ക് കൂടുതൽ നികുതിഭാരം ഉണ്ടാകുമെന്ന് ചർച്ച തുടങ്ങിവച്ച ശ്രീ. കുഞ്ഞിരാമനടക്കം ഇവിടെ പറയുകയുണ്ടായി. ഞങ്ങളിപ്പോൾ വിലയിരുത്തിയതനുസരിച്ച് നികുതിഭാരം ഉണ്ടാവുകയില്ല എന്ന് മാത്രമല്ല, അത് കുറയുകയാണ് ചെയ്യുന്നത്. ഒരിക്കൽ കൊടുക്കുന്ന നികുതി രണ്ടാമത് കച്ചവടക്കാരിൽ സെറ്റ് ഓഫ് ചെയ്തുപോകുന്നതുകൊണ്ടും രണ്ടാമത് കൺസ്യൂമറിൽ എത്തുമ്പോൾ സെറ്റ് ഓഫിന്റെ പ്രയോജനം കൺസ്യൂമർക്ക് കിട്ടുമെന്നുള്ളതുകൊണ്ടും നികുതിഭാരം കുറയും. അതുകൊണ്ട് സാധനങ്ങൾക്ക് വില കുറയാനാണ് സാദ്ധ്യത. അങ്ങനെ വരുമ്പോൾ ഗവൺമെന്റിന് ഭീമമായ നഷ്ടം ഉണ്ടാകുകയില്ലേ എന്നുള്ളതാണ്. അതിന് വേറൊരു വശമുണ്ട്. നികുതി കൂടെക്കൂടി ട്രാൻസ്പേരന്റാകുന്നതുകൊണ്ട് നികുതി കൊടുക്കുന്നതുതന്നെ പല രീതിയിൽ കച്ചവടക്കാർക്ക് പ്രയോജനം ചെയ്യും. അവർ വാങ്ങിച്ച സാധനത്തിന് കൊടുത്ത നികുതി സെറ്റ് ഓഫ് ചെയ്യണമെന്നുണ്ടെങ്കിൽ അവരും നികുതിയുടെ ലിസ്റ്റിൽ വന്നാൽ മാത്രമേ സാദ്ധ്യമാകൂ. അതുവഴി ടാക്സ് എവേഷൻ വളരെ കുറയും എന്നാണ് എംപവേർഡ് കമ്മിറ്റി വിലയിരുത്തിയത്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യം മനസ്സിലാക്കേണ്ടത്, വളരെ വർഷങ്ങളായി ഇൻഡ്യയിലെ ധനകാര്യമന്ത്രിമാർ ഉൾപ്പെടെയുള്ള ഒരു എംപവേർഡ് കമ്മിറ്റിയാണ് ഇതിനെക്കുറിച്ച് നിരന്തരമായി ചർച്ച ചെയ്ത്, ഈ രാജ്യത്ത് ഇത് വളരെ പ്രയോജനം ചെയ്യുന്ന ഒരു കാര്യമാണെന്ന് കണ്ടെത്തിയത്. അതിന്റെ അടിസ്ഥാനത്തിലാണ് വാറ്റ് ഇൻഡ്യയിൽ ഇൻട്രൊഡ്യൂസ് ചെയ്യാൻ തീരുമാനിച്ചത്. വാറ്റിനെ സംബന്ധിച്ച് 2003-ൽ ഈ നിയമസഭയിൽ ഒരു നിയമം പാസ്സാക്കിയതാണ്. അതിനുശേഷം നിരന്തരം ചർച്ചകൾ നടന്നു. അന്നുണ്ടായിരുന്ന പല വകുപ്പുകളിലും ഇളവുകൾ വരുത്തി. ഉദാഹരണത്തിന് ജയിൽ ശിക്ഷ സഹിതമുള്ള ശിക്ഷകൾ ആദ്യം നമ്മൾ പാസ്സാക്കിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. അതെല്ലാം മാറ്റി. അതുപോലെ പലതിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആദ്യം നമ്മൾ പാസ്സാക്കിയ ബില്ലിൽ ചെറുകിട കച്ചവടക്കാർ രണ്ട് ശതമാനം നികുതി അടയ്ക്കണം എന്നാണ് പറഞ്ഞിരുന്നത്. അതിപ്പോൾ കുറച്ച് ഒരു ശതമാനം അടച്ചാൽ മതി എന്നാക്കിയിട്ടുണ്ട്. അങ്ങനെ പല മാറ്റങ്ങളും വരുത്തി. ലിസ്റ്റിൽ മൃഗങ്ങളെപ്പറ്റി പറയുന്നുവെന്ന് ശ്രീ. പ്രതാപൻ പറഞ്ഞു. ഈ നിയമം കേന്ദ്രത്തിൽ ചർച്ച ചെയ്ത് അവർ തന്ന നിയമത്തിന്റെ പകർപ്പാണ് നമ്മൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഒരു ഗുണം, എല്ലാ സംസ്ഥാനങ്ങൾളിലും നികുതി ഒരേ നിരക്കിലാകും എന്നുള്ളതാണ്. അതുകൊണ്ട് പ്രായോഗികമായ പ്രയോജനമുണ്ട്. റബ്ബറിന് കേരളത്തിൽ നികുതി 14 ശതമാനമായിരുന്നു. കർണ്ണാടകയിൽ 4 ശതമാനം. അതുകൊണ്ട് എന്തുപറ്റി? ഇവിടെ 14 ശതമാനമായതുകൊണ്ട് റബ്ബർ മുഴുവനും അങ്ങോട്ടൊഴുകി. അതുകൊണ്ട് നമുക്ക് വളരെയധികം നികുതിനഷ്ടം വന്നിരുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ നികുതിയാകുമ്പോൾ അങ്ങനെയുള്ള പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സാധിക്കും. .....(ബഹളം)..... പോണ്ടിച്ചേരിക്ക് അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. ഇൻഡ്യാ മഹാരാജ്യത്ത് പോണ്ടിച്ചേരി എന്നു പറയുന്ന ഇട്ടാവട്ടം ഒരു വലിയ പ്രശ്നമല്ല.

ശ്രീ. കെ. സി. ജോസഫ്: മലപ്പുറം ജില്ലയിൽനിന്നും മദ്യത്തിന്റെയും മറ്റ് സാധനങ്ങളുടേയും കള്ളക്കടത്ത് ഏറ്റവും കൂടുതൽ നടക്കുന്നത് പോണ്ടിച്ചേരിയിലേക്കാണ്. അതുവഴി ഒരു വലിയ ടാക്സ് എവേഷൻ ഉണ്ടാകും. അത് തള്ളിക്കളയാൻ പറ്റാത്തതാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: അതിനുള്ള ചില നടപടികൾ എടുത്തിട്ടുണ്ട്. മാഹിയിലൂടെ കടന്നുപോകുമ്പോൾ റോ ഓഫ് ലിക്കർ ഷോപ്സ് കാണാം. അവിടെ ഇപ്പോൾ ലിക്കർ വരുന്നത് നമ്മുടെ ഉദ്യോഗസ്ഥർ കൊടുക്കുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. അതിന് ഞാൻ ഒരു നിബന്ധന അവിടത്തെ ഉദ്യോഗസ്ഥർക്ക് കൊടുത്തു. പെർമിറ്റ് ആരും കൊടുക്കേണ്ട എക്സൈസ് കമ്മീഷണർ കൊടുത്താൽ മതി. കമ്മീഷണറുടെ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മദ്യം കൊണ്ടുവന്നാൽ മതി. എതായാലും ഇന്ന് കൊടുക്കുന്നതിന്റെ പകുതിയിൽ കൂടുതൽ ഒരു കാരണവശാലും കൊടുക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: പോണ്ടിച്ചേരിയുടെ ഭാഗമായ മാഹിയിലേക്ക് വരുന്ന സാധനങ്ങൾക്ക്, നമ്മൾ ഈ പറയുന്ന രൂപത്തിലുള്ള നിയന്ത്രണം എർപ്പെടുത്താൻ അവർക്കും അധികാരം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഒന്നും പുതിയതായി ഇൻട്രൊഡ്യൂസ് ചെയ്തില്ല. നിലവിലുള്ള ചട്ടങ്ങൾക്ക് മാറ്റം വരുത്തുകയാണ് ചെയ്തത്. നിലവിലുള്ള പെർമിറ്റ് അനുസരിച്ചാണ് അവിടെ ആളുകൾ മദ്യവും മറ്റ് സാധനങ്ങളും കൊണ്ടുവരുന്നത്. അതുകൊണ്ട് നമ്മൾ ഇതുവരെ പെർമിറ്റ് കൊടുത്തുകൊണ്ടിരുന്നമാതിരി കൊടുക്കുന്നില്ല. അത് കുറയുന്നു. രണ്ടാമതായി, ഇപ്പോൾ കടത്തണമെന്നുണ്ടെങ്കിൽ 200, 250 രൂപ കൊടുത്താൽ മതി. അത് 25,000 ആക്കി മാറ്റി. ആദ്യമായി ചില നിയന്ത്രണങ്ങൾ വരുത്തുകയാണ്. അത് എത്രത്തോളം വിജയപ്രദമാകുമെന്ന് കണ്ടതിനു ശേഷം ഇത്രയും വിലകുറച്ച് വിൽക്കാൻ കഴിയാത്ത രീതിയിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചിട്ടാണ് ഈ നിയമം കൊണ്ടുവന്നത്. ഒരു ചെറിയ സംസ്ഥാനം ആയതുകൊണ്ട് ആളുകൾക്ക് പ്രശ്നമാണെന്ന് തോന്നുന്നില്ല. കൺസ്യൂമറെ സംബന്ധിച്ചിടത്തോളം വില കുറച്ച് കിട്ടും. ഇവിടെ വളരെ സുതാര്യമായി നടപ്പിലാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ടാക്സ് എവേഷൻ വളരെ കുറയാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നമുക്ക് നികുതിയിൽ കുറവുണ്ടാവുകയില്ല എന്നാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്. എങ്കിലും കേന്ദ്ര ഗവണ്മെന്റ് ആദ്യത്തെ വർഷം 100 ശതമാനവും കോംപൻസേറ്റ് ചെയ്യും. എങ്ങനെ? കേരളത്തിൽ ഓരോ വർഷവും നികുതി കൂടിക്കൂടിവരികയാണ്. 1984-85-വർഷം ബേസ് ഇയറായി എടുത്തിട്ട് മൂന്ന് വർഷത്തെ ഗ്രോത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് എത്ര രൂപ നഷ്ടം വരാൻ സാദ്ധ്യതയുണ്ട്, അതനുസരിച്ച് ആദ്യത്തെ വർഷം 100 ശതമാനം കോംപൻസേറ്റ് ചെയ്യാമെന്നും രണ്ടാമത്തെ വർഷം 75 ശതമാനം കോംപൻസേറ്റ് ചെയ്യാമെന്നും മൂന്നാമത്തെ വർഷം 50 ശതമാനം കോംപൻസേറ്റ് ചെയ്യാമെന്നും പറഞ്ഞിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ഉപയോഗം തീർന്നിട്ടില്ല. കമ്മിറ്റി ഇപ്പോഴും നിലനിൽക്കുകയാണ്. പുതിയ പരിശോധനകൾ നടത്തി അതിൽ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ കമ്മിറ്റി വീണ്ടും കൂടി ഐഡിയലായിട്ടുള്ള നിയമമാക്കി മാറ്റണം എന്നുള്ളതാണ് ആഗ്രഹം. സ്വർണ്ണാഭരണത്തിന്റെ കാര്യം പറഞ്ഞു. സ്വർണ്ണക്കച്ചവടക്കാരാണ് ഏറ്റവും കൂടുതൽ നികുതി വെട്ടിപ്പ് നടത്തിയത്. എന്നുവച്ചാൽ ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തോടുകൂടിയാണ് നികുതി വെട്ടിക്കുന്നത്. സ്വർണ്ണം വാങ്ങാൻ പോകുന്നവർക്കാർക്കും ബിൽ വേണ്ട. 4 ശതമാനം നികുതിയാണുള്ളത്. സ്വർണ്ണത്തിന്റെ വില വളരെ കൂടിയതുകൊണ്ട് 5 പവന്റെ ഒരു മാല വാങ്ങണമെങ്കിൽ 25,000 രൂപ കൊടുക്കേണ്ടിവരും. അതിന്റെ ടാക്സ് വളരെ കൂടുതലാണ്. അപ്പോൾ ടാക്സസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രമകരമായ ഒരു ജോലിയാണ് സ്വർണ്ണക്കടകൾ റെയ്ഡ് ചെയ്യുക എന്നുള്ളത്. എങ്കിൽക്കൂടിയും ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ ഏറ്റവും വലിയ രണ്ട് സ്വർണ്ണക്കടകൾ റെയ്ഡ് ചെയ്തു എന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. കടകളുടെ പേരൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ നികുതി അധികമായി ഈടാക്കാൻ കഴിഞ്ഞു. വളരെ കർശനമായ റെയ്ഡുമായി മുന്നോട്ടുപോകാത്തതിന് കാരണം ഏപ്രിൽ ഒന്നാം തീയതി മുതൽ അവർ സത്യസന്ധതയോടുകൂടി പെരുമാറാമെന്ന് വാക്ക് തന്നിട്ടുണ്ട്. ടാക്സ് നാല് ശതമാനത്തിൽനിന്നും ഒരു ശതമാനമായി കുറയുമ്പോൾ വാങ്ങുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകില്ല. അതുകൊണ്ട് കർശനമായി ബിൽ എഴുതാനും ടാക്സ് ഈടാക്കാനും അവർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടുതൽ ടാക്സ് ആ രീതിയിൽ കിട്ടുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. സ്വർണ്ണപരസ്യത്തിന്റെ കാര്യം പറഞ്ഞു. സെയിൽസ് ടാക്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിധിയിൽ വരില്ല. അത് സർവ്വീസ് ടാക്സിന്റെ നികുതിയിൽ വരും. സർവ്വീസ് ടാക്സിന്റെ കാര്യം ചില ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. സർവ്വീസ് ടാക്സ് സംസ്ഥാന ഗവൺമെന്റിന് തരണമെന്ന് കേരള ഗവൺമെന്റാണ് ഏറ്റവും ശക്തമായി ആദ്യം ഉന്നയിച്ചത്. മറ്റ് സംസ്ഥാനങ്ങളും കേരള ഗവൺമെന്റിന്റെ ആ നിർദ്ദേശത്തോട് യോജിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സർവ്വീസ് ടാക്സ് പിരിക്കാനുള്ള മെഷിനറി തന്നെ പരിപൂർണ്ണമായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് പിരിച്ചിട്ട് ഷെയർ നമുക്ക് തരാമെന്നാണ് പറയുന്നത്. അതല്ലെങ്കിൽ നമ്മൾ പിരിക്കാം, നമുക്ക് വിട്ടുതരണമെന്ന് നമ്മൾ ശക്തമായി ആവശ്യപ്പെട്ടിട്ടുമുണ്ട്. സർവ്വീസ് ടാക്സ് കേരളത്തിന് കിട്ടുകയാണെങ്കിൽ ബഹുമാനപ്പെട്ട വിജയകുമാർ പറഞ്ഞതുപോലെ സ്വർണ്ണപ്പരസ്യത്തിന് നമുക്ക് സർവ്വീസ് ടാക്സ് ചുമത്താൻ കഴിയും. അത് തീർച്ചയായിട്ടും ചെയ്യാമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ശ്രീ. ബാബു ചില കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു.....

ശ്രീ. വി. കെ. സി. മമ്മത്കോയ: ഒരു സംശയം ചോദിക്കുകയാണ്, raw-material പുറത്തുനിന്നാണ് വാങ്ങുന്നതെങ്കിൽ അതിനുള്ള ടാക്സ് ഇവിടെ സെറ്റ് ഓഫ് ചെയ്യുന്നുണ്ട്. സ്റ്റേറ്റിന് പുറത്തുനിന്നാണ് വാങ്ങുന്നതെങ്കിൽ അത് കിട്ടുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ ഇപ്പോൾ സിംഗിൾ പോയിന്റ് ടാക്സാണ് നിലവിലുള്ളത്. ഉൽപ്പാദകൻ കച്ചവടക്കാരന് കൊടുത്തു കഴിഞ്ഞാൽ കേരളത്തിൽ നിന്നാണ് വാങ്ങുന്നതെങ്കിൽ കച്ചവടക്കാരൻ ടാക്സ് പിരിക്കുന്നില്ല. പുതിയ നിയമമനുസരിച്ച് കച്ചവടക്കാരൻ ടാക്സ് പിരിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ കൺസ്യൂമറിനെ സംബന്ധിച്ചിടത്തോളം ടാക്സ് കൂടുതലാവുകയല്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: ഒരു പുതിയ ഉൽപ്പന്നം തുടങ്ങാൻ വേണ്ടി കച്ചവടക്കാരൻ 100 രൂപയുടെ raw-material വാങ്ങി അത് 150 രൂപയ്ക്ക് വിൽക്കുകയാണെങ്കിൽ ഇന്നുള്ള നിലയിൽ 150 രൂപയുടെ ടാക്സ് കൊടുക്കണം. ഇപ്പോൾ 50 രൂപയുടെ ടാക്സ് കൊടുത്താൽ മതി. കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം, ചെറുകിട കച്ചവടക്കാർ കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടോ, അവർക്ക് ഇവേഡ് ചെയ്യാൻ സാധിക്കാത്തതുകൊണ്ടാണോ എന്താണെന്നറിയില്ല, അവരെ സംബന്ധിച്ചിടത്തോളം ടാക്സ് കൊടുക്കേണ്ട രീതി ഏറ്റവും സിംപ്ളിഫൈ ചെയ്തിട്ടുണ്ട്. നമ്മൾ ഇതിനുമുൻപ് പാസ്സാക്കിയ ബില്ലിൽ രണ്ട് ശതമാനമുണ്ടായിരുന്നത് ഒരു ശതമാനമാക്കി. അവരുടെ ടേൺ ഓവർ അനുസരിച്ച് ഒരു ശതമാനം ടാക്സ് ഡിക്ളെയർ ചെയ്ത് അവർ കൊടുത്താൽ മതി. ഗവൺമെന്റിന്റെ ഉദ്ദേശവും ഗവൺമെന്റിന്റെ ലക്ഷ്യവും അവരെ ഒരു രീതിയിലും ഉപദ്രവിക്കരുത് എന്നാണ്. പേറ്റന്റായിട്ട് അവർ കൃത്രിമം നടത്തുന്നു എന്നറിയാതെ അവരെ റെയ്ഡ് ചെയ്യാനൊന്നും പോകില്ല. പരിപൂർണ്ണമായി റെയ്ഡ് ഒഴിവാക്കാൻ പറ്റില്ല. പക്ഷേ കച്ചവടക്കാരെ നിരന്തരമായി ഹരാസ് ചെയ്യണമെന്നില്ല. കച്ചവടക്കാരും നമ്മുടെ ഒരു വിഭാഗമാണ്. അതുകൊണ്ട് അവരെ ഒരു രീതിയിലും അനാവശ്യമായി റെയ്ഡ് ചെയ്ത് ഹരാസ് ചെയ്തിട്ടില്ല. ശ്രീ. ബാബു ഗോതമ്പിന്റെ കാര്യം പറഞ്ഞു. ഗോതമ്പിനും അരിക്കുമെല്ലാം ഒരു ശതമാനമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. അതിൽ വ്യത്യാസമൊന്നുമില്ല. വാറ്റ്-ൽ എക്സംപ്ഷൻ കൊടുക്കരുത് എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

Empowered Committee-യുടെ തീരുമാനമാണ്. ഓരോ സ്റ്റേറ്റും അവർക്ക് തോന്നുന്നതുപോലെ എക്സംപ്ഷൻ കൊടുത്താൽ ഒരു യൂണിഫോം ടാക്സ് ആയിരിക്കണമെന്നുള്ള തീരുമാനം അട്ടിമറിക്കപ്പെടും.

ശ്രീ. കെ. ബാബു: എക്സംപ്ഷൻ കൊടുക്കണമെന്നല്ല പറഞ്ഞത്. എക്സംപ്ഷൻ കൊടുക്കാനുള്ള അധികാരം ഇപ്പോൾ ഉപേക്ഷിച്ചിരിക്കുകയാണ് എന്നാണ് പറഞ്ഞത്.

ശ്രീ. വക്കം പുരുഷോത്തമൻ: എക്സംപ്ഷൻ കൊടുക്കാനുള്ള അധികാരം കൊടുത്താൽ ഓരോ സംസ്ഥാനവും ഇഷ്ടം പോലെ ചെയ്യും. എനിക്ക് അധികാരമുണ്ടെങ്കിൽ ഇവിടെ പറഞ്ഞ പലതും ഞാൻ സമ്മതിക്കുമായിരുന്നു. പല കാരണങ്ങളാലും നിങ്ങൾ പറഞ്ഞ പലതും ഞാൻ സമ്മതിക്കില്ല. എനിക്ക് അതിനുള്ള അധികാരമില്ല. അതറിഞ്ഞുകൊണ്ടുതന്നെയാണ് Empowered Committee അങ്ങനെയുള്ള അധികാരം ആർക്കും കൊടുക്കില്ല എന്നുള്ള പ്രൊവിഷൻ വച്ചത്. അതേ അവസരത്തിൽ Items of Local Importance, അതായത് ചില കാര്യങ്ങളിൽ പ്രാദേശിക തലത്തിലുള്ള പ്രാധാന്യമനുസരിച്ച് കൊടുക്കേണ്ടിവരും എന്നുള്ള വാദം വന്നതുകൊണ്ടാണ് അത് 10 ഐറ്റത്തിൽ മാത്രം ഒതുക്കി കൊണ്ടുവന്ന് അതാത് സംസ്ഥാനത്തിന്റെ പ്രത്യേകതകളനുസരിച്ച് അവർക്ക് എക്സംപ്റ്റ് ചെയ്യാനുള്ള അധികാരം കൊടുത്തത്. അതാണ് 10 ഐറ്റം പറഞ്ഞത്. ആദ്യം ബഡ്ജറ്റ് സ്പീച്ചിൽ 6 എണ്ണം പറഞ്ഞു, രണ്ടാമത് ഇന്നലെ മറുപടി പറഞ്ഞപ്പോൾ 4 ഐറ്റം കൂടി കൂട്ടി. പിന്നെ One time settlement-ന്റെ കാര്യം പറഞ്ഞു. എന്നും One time settlement ആണെങ്കിൽ One time settlement-ലേ കാശ് കിട്ടുകയുള്ളൂ. One time settlement എന്നുവച്ചാൽ പല ഇളവുകൾ ചെയ്തുകൊടുത്തുകൊണ്ട് ഒന്നിച്ച് കാശ് കിട്ടുന്നതാണല്ലോ എന്നുപറഞ്ഞതുകൊണ്ടാണ് അങ്ങനെ ചെയ്തത്. 1999-ലാണ് ഇതിനുമുൻപ് നടത്തിയത്. അഞ്ച് വർഷത്തിനുശേഷം കഴിഞ്ഞ വർഷം വീണ്ടും നടത്തി. എല്ലാ വർഷവും One time settlement നടത്തിയാൽ അപ്പോഴല്ലേ തരികയുള്ളൂ. അതുകൊണ്ട് One time settlement എല്ലാ തവണയും നടത്താൻ സാദ്ധ്യമല്ലെന്നുള്ള കാര്യമാണ് എനിക്ക് പറയാനുള്ളത്. റേഷൻ അരിയുടെ കാര്യം പറഞ്ഞു, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഫുഡ് കോർപ്പറേഷൻ എന്നിവയുടെ ഡിപ്പോകളിൽനിന്ന് വിതരണം ചെയ്യുന്ന അരിയെ ടാക്സിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. അതിനെ നമ്മൾ പ്രത്യേകമായി ഒഴിവാക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. കാർഷികാദായ നികുതി ഒഴിവാക്കണമെന്ന് പറയുന്നുണ്ട്. അതിൽ രണ്ട് കാര്യമുണ്ട്, ഒന്ന്, 5 ഹെക്ടർ വരെ ഒഴിവാക്കി എന്നുപറഞ്ഞാൽ 12 ഏക്കർ വരെ ഒഴിവാക്കി എന്നാണ് അർത്ഥം. 12 ഏക്കർ ഈ രാജ്യത്ത് ആർക്കാണുള്ളത്? 2003-ൽ നമുക്ക് ഏതാണ്ട് ഒൻപത് കോടിയോളം രൂപ പിരിഞ്ഞുകിട്ടിയതാണ്. ഇപ്പോൾ അതിനേക്കാൾ കൂടും. അത്രയും ഭീമമായ തുക സമ്പന്ന വർഗ്ഗത്തിലുള്ള കൃഷിക്കാർക്ക് വേണ്ടി ഒഴിവാക്കണമോ? 12 ഏക്കർ കൃഷിയുള്ളവർ എന്റെ ദൃഷ്ടിയിൽ പാവപ്പെട്ട കൃഷിക്കാരല്ല. എന്നിട്ടും നിലവിലുണ്ടായിരുന്നത് കുറച്ചു. ഇരുപതും മുപ്പതും ശതമാനമുണ്ടായിരുന്നത് വെറും പത്ത് ശതമാനമാക്കി. നാൽപ്പത് ശതമാനമുണ്ടായിരുന്നത് ഇരുപത് ശതമാനമാക്കി. അൻപത് ശതമാനമുണ്ടായിരുന്നത് മുപ്പത് ശതമാനമാക്കി. കംപ്ലീറ്റായിട്ട് എടുത്തുകളയണമെന്ന് പറഞ്ഞാൽ സാധിക്കില്ല. ഇതല്ലാതെ വലിയ പ്രശ്നങ്ങളൊന്നും പറഞ്ഞില്ല. എന്റെ സുഹൃത്ത് ശ്രീ. സാജുപോൾ കടന്ന രാഷ്ട്രീയം അടിച്ചുവിട്ടു. ജൻമനാ നൻമ നിറഞ്ഞവനായിരുന്നു ശ്രീ. സാജുപോൾ. ഇത്ര പെട്ടെന്ന് മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി ശ്രീ. സാജുവിനെ മാറ്റിയെടുത്തുകളഞ്ഞല്ലോ? കർഷകത്തൊഴിലാളി പെൻഷന്റെ കാര്യം പറഞ്ഞു. കർഷകത്തൊഴിലാളികൾ നിങ്ങളുടെ കുത്തകയല്ല. കർഷകത്തൊഴിലാളി പെൻഷനുണ്ടാക്കിയത് ഞാനാണ്, അത് പാസ്സാക്കിയത് ഞാനാണ്. കേരളത്തിൽ നടപ്പിലാക്കിയത് ഞാനാണ്. കർഷകത്തൊഴിലാളി പെൻഷൻ നായനാർ ഗവൺമെന്റിന്റേതാണെന്ന് നിരന്തരമായി പറയുന്നു. ശരിയാണ്. നായനാർ ഗവൺമെന്റിന്റെ കാലത്ത് തന്നെയാണ് കൊടുത്തത്. പക്ഷേ നിങ്ങളുടെ പാർട്ടിയോട് ഞങ്ങൾ എത്ര വാദിച്ചുവെന്ന് അറിയാമോ? നിങ്ങളുടെ പാർട്ടി അതിനെതിരായിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അത് കൊടുക്കണമെന്ന് പറഞ്ഞപ്പോൾ വളരെ ശക്തമായി വാദിച്ചാണ് ഞങ്ങൾ അത് നേടിക്കൊടുത്തത്. അതുകൊണ്ട് നിങ്ങളാണ് കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തത് എന്നൊന്നും നിരന്തരമായി ശ്രീ. സാജു പറയണ്ട. ഇതൊക്കെ ഞങ്ങൾക്കും അറിയാം. ചുമട്ടുതൊഴിലാളി നിയമം ഉണ്ടാക്കിയത് ആരാണ്? നിങ്ങളാണോ? ചുമട്ടുതൊഴിലാളി നിയമം ഈ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും നടപ്പിലാക്കണമെന്ന് പറഞ്ഞ് ഒരുപാട് സമരം ചെയ്തല്ലോ? ഞാനാണ് ചുമട്ടുതൊഴിലാളി നിയമം കൊണ്ടുവന്നത്. അത് പാസ്സാക്കിയെടുത്തത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ശ്രീ. സാജു പോൾ പറഞ്ഞു, എറണാകുളം ജില്ലയിൽ ബാക്കിയെല്ലാം കോൺഗ്രസാണ്, ശ്രീ. സാജു പോൾ മാത്രമാണ് ജയിച്ചതെന്ന്. ശ്രീ. സാജു പോൾ ജയിച്ചതെങ്ങനെയെന്നറിയാമോ? ഞാൻ നേരത്തെ പറഞ്ഞതാണ്. ജന്മംകൊണ്ട് നല്ലവനായതുകൊണ്ട്. ഇന്നാരുടെ മകനായതുകൊണ്ടാണ് ജയിച്ചത്. .....(ബഹളം)..... ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നു അവിടെ തൊഴിലാളികൾ കുറവായതുകൊണ്ടാണ് ജയിച്ചതെന്ന്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ കൂടുതൽ രാഷ്ട്രീയം ഒന്നും പറയുന്നില്ല. ഇത് അവസാനിക്കുന്നതിനുമുമ്പ് ഞാൻ ഒരു കാര്യം തിരുത്താൻ പോകുന്നു. ഇന്നലെ ഞാൻ ഇവിടെ പറഞ്ഞപ്പോൾ വർക്കലയുടെ വികസനത്തിനുവേണ്ടി 50 ലക്ഷം രൂപയെന്ന് പറഞ്ഞത് പിശകാണ്. അത് നേരത്തെ തീരുമാനിച്ചതാണ്. വർക്കലയുടെ വികസനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത് ഒരു കോടി രൂപയാണ്. കല്യാണമണ്ഡപത്തെക്കുറിച്ച് ഞാൻ ഇന്നലേയും പറഞ്ഞു. ഇത് വളരെ ഫോറങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. ആർഭാടമായി കല്യാണം നടത്തുന്നത് എങ്ങനെ നിയന്ത്രിക്കുമെന്ന് ആലോചിച്ചതാണ്. സാധാരണ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നേരത്തെ പറയാറില്ല. എന്നാൽ, ഇത് വിമർശനം ഉണ്ടാകും, എങ്ങനെയാണ് പബ്ലിക് റിയാക്ഷൻ എന്നറിയാൻ വേണ്ടിയാണ് ഇക്കാര്യം വളരെ നേരത്തെ, ചർച്ച ചെയ്യണമെന്ന് പറഞ്ഞത്. ഇങ്ങനെ നമുക്ക് ഒരു പ്രൊപ്പോസലുണ്ട്, ജനങ്ങളുടെ അഭിപ്രായം അറിയണമെന്ന് രണ്ട് മൂന്ന് മാസത്തിനുമുമ്പ് തന്നെ പറഞ്ഞു. ഒരാൾപോലും അതിനെ എതിർത്തില്ല. ഞാൻ ഇന്നലേയും പറഞ്ഞതാണ്. ആലപ്പുഴയിലെ സ്വർണ്ണക്കടക്കാരുടെ ഒരു പ്രസിഡന്റ് മാത്രം ഒരു ടെലിവിഷൻ ഡിസ്ക്കഷനിൽ അതിനെ എതിർത്തു എന്നുള്ളതല്ലാതെ ബാക്കി ആരും അതിനെ എതിർത്തില്ല. ഇത്രയും ആഡംബരങ്ങൾ വേണോ?

ശ്രീ. സി. കെ. നാണു: ഇതിന് മാത്രമല്ല, വേറെ മേഖലയിലും ആഡംബരം വേണ്ട. സാധാരണക്കാരായ ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ വീടുകളിൽ കല്യാണം നടത്താൻ സൗകര്യമില്ല. സമീപത്തുള്ള നാലഞ്ച് വീടുകളിൽ പന്തൽ കെട്ടി വേണം കല്യാണം നടത്താൻ. ഇപ്പോൾ അങ്ങനെയുള്ള അവസരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ആഗ്രഹം നല്ലതാണ്. വീടിന്റെ മുമ്പിൽ ഒരു ചെറിയ തണലിട്ട് അവിടെ കുറച്ച് ആളുകളെ വിളിച്ച് കല്യാണം നടത്തണം എന്നുള്ളതാണ് ആഗ്രഹം. നമ്മുടെ ലക്ഷ്യം അതാണ്. ഇത്രയും വലിയ ചെലവിലേയ്ക്ക് പോകാതെ വീട്ടിൽത്തന്നെ ഒരു പന്തലിട്ട് ചെലവ് കുറച്ച് കല്യാണം നടത്തണം എന്നുള്ളതാണ് ലക്ഷ്യം.

ശ്രീ. ജി. കാർത്തികേയൻ: അതിപ്പോൾ അത്രയും പോകേണ്ട. ഇവിടെ ഇപ്പോൾ രജിസ്റ്റർ കച്ചേരി ആഫീസുകളുണ്ട്. നമ്മളിൽ അങ്ങനെയൊക്കെ കല്യാണം കഴിച്ചിട്ടുള്ളവരുണ്ട്. ചെലവ് കുറയാനാണെങ്കിൽ രജിസ്റ്റർ കച്ചേരിയിൽ പോയാൽ രണ്ട് സാക്ഷികളുണ്ടെങ്കിൽ വിവാഹം കഴിക്കാം. അങ്ങനെ ഒരുപാട് കല്യാണങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്.

ശ്രീ. വക്കം പുരുഷോത്തമൻ: എന്ത് ചെയ്യാനാണ്, ശ്രീ. ജി. കാർത്തികേയനെപ്പോലെ കല്യാണം കഴിക്കുന്നവർ വളരെ കുറവാണ്. സാധാരണ ജനങ്ങളും ബാക്കി എല്ലാപേരും അറിഞ്ഞാണ് കല്യാണം നടത്തുന്നത്. .....(ബഹളം)..... പതിനായിരം പേർക്കൊക്കെയാണ് ഇപ്പോൾ പലയിടത്തും സദ്യ ഒരുക്കുന്നത്. അതെല്ലാം ചർച്ച ചെയ്യണമെന്നായിരുന്നു എന്റെ വ്യക്തിപരമായ അഭിപ്രായം. നമുക്ക് നല്ല തുടക്കം കുറിക്കാം. കല്യാണമണ്ഡപത്തിൽ തുടങ്ങാം. എന്നിട്ട് അതിന്റെ പബ്ലിക് റിയാക്ഷൻ അറിഞ്ഞതിനുശേഷം സ്വർണ്ണത്തിലേയ്ക്കും സദ്യയിലേയ്ക്കുമൊക്കെ കടന്നുചെല്ലാം.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മക്കളുടെയെല്ലാം കല്യാണം കഴിഞ്ഞു.

ശ്രീ. വക്കം പുരുഷോത്തമൻ: എന്റെ കൊച്ചുമക്കൾക്ക് കല്യാണപ്രായമായി. അതുകൊണ്ട് ആ രീതിയിൽ എന്നെ കുറ്റപ്പെടുത്തേണ്ട.

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ചെലവുകൾ അതായത് കല്യാണ മണ്ഡപത്തിന്റേയും മറ്റുള്ളവയുടേയും ചെലവുകൾ രണ്ടും പ്രത്യേകമാണ്. എന്റെ നാട്ടിൽ കല്യാണമണ്ഡപം ഉപയോഗിക്കുന്നത് ഇടത്തരക്കാരാണ്. വീട്ടിൽ സൗകര്യം ഇല്ലാത്തതുകൊണ്ടാണ് കല്യാണമണ്ഡപങ്ങളിലേയ്ക്ക് പോകുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ കാര്യം മനസ്സിലാക്കണം. ഞാൻ ഇത് മൂന്ന് മാസത്തിനുമുമ്പ് പറഞ്ഞിട്ട് ഒരാൾപോലും എതിർത്തില്ല. പത്രത്തിലെല്ലാം വന്നതാണ്. ശ്രീമതി ലളിതാംബികയെപ്പോലെയുള്ളവരെല്ലാം അതിനെ വളരെ ശക്തിയായി സപ്പോർട്ടു ചെയ്തുകൊണ്ട് സംസാരിച്ചു. പത്രത്തിലൂടെയും ചർച്ചയിലൂടെയും ആകെ എതിർത്തത് ആലപ്പുഴയിലുള്ള സ്വർണ്ണക്കടക്കാരുടെ പ്രസിഡന്റ് മാത്രമാണ്. വേറെ ആരും എതിർത്തില്ല. എന്നാലും ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരം മാനിച്ചുകൊണ്ടാണ് മൂവായിരം രൂപ എന്നുള്ളത് അയ്യായിരം രൂപയായി ഉയർത്തിയത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: എനിക്ക് പറയാനുള്ളത് പണ്ടത്തെപ്പോലെ കൂടുംബത്തിൽ പത്തും പലതുമൊന്നുമില്ല. ഇപ്പോൾ ഒരു വീട്ടിൽ ഒന്നുരണ്ടു കുട്ടികൾ മാത്രമേയുള്ളൂ. ഇപ്പോൾ 2-3-4 സെന്റുകളിൽ നഗരപ്രദേശങ്ങളിൽ ഒരു വീടുവച്ചു

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്നവരാണുള്ളത്. എല്ലാം അർബനൈസേഷനാണ്. നഗരങ്ങളിൽ എല്ലാ പേരും രാപാർക്കുകയാണ്. അവരുടെ വിവാഹം നടത്താൻ അവിടെയെങ്ങും ഒരു ചെറിയ പന്തൽപോലും കെട്ടാനുള്ള സാദ്ധ്യതയില്ല. ഇപ്പോൾ നമുക്ക് ഒറ്റ മാർഗ്ഗമേയുള്ളൂ. ഈ സാഹചര്യത്തിൽ പതിനായിരം രൂപവരെ കല്യാണമണ്ഡപങ്ങൾക്ക് വാടക കൊടുക്കുന്ന ആളുകളെയെങ്കിലും ഈ നികുതിയിൽനിന്നും ഒഴിവാക്കണം. അങ്ങനെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇതാരും എതിർത്തില്ല എന്നു അങ്ങ് പറയുകയുണ്ടായി. ആരും അറിയാത്തതുകൊണ്ടാണ് എതിർക്കാത്തത്. അറിഞ്ഞെങ്കിൽ അന്നേ എതിർക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതുകൊണ്ട് എനിക്ക് കൂടുതലായി ഒന്നും പറയാനില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവെന്ന് പറയുന്നത് അത്ര വലിയ കൂടുതലൊന്നുമല്ല. അതല്ലാതെ നമ്മുടെ തന്നെ ആത്മാർത്ഥമായ ശ്രമഫലമായി വളരെയധികം ടാക്സ് നമുക്ക് കൂടുതലായി പിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അല്ലാതെ പെട്രോളിയത്തിന്റെ വില കൊണ്ടൊന്നുമല്ല ആയിരം കോടി രൂപ പിരിഞ്ഞു കിട്ടിയത്. അതുകൊണ്ട് അങ്ങനെയുള്ള ധാരണ വേണ്ട. അങ്ങനെ ഒരു ഡ്രൈവ് നടത്തിയിട്ടുണ്ട്. ആ ഡ്രൈവ് ഇനിയും നടത്തും. അതുകൊണ്ടാണ് അടുത്ത വർഷം ഏതാണ് 1,500 കോടി രൂപയെങ്കിലും കൂടുതലായി വരുമാനമുണ്ടാകുമെന്ന് പറഞ്ഞത് കൂടുതലായി ഒന്നും ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം. ഞാൻ നേരത്തെ പ്രസംഗിച്ചപ്പോൾ തൃശൂർ ജില്ലയുടെ പ്രത്യേക പ്രശ്നം സാറിന്റെ ശ്രദ്ധയിൽപ്പെടുത്തി നെൽക്കൃഷിക്കാരുടെ പ്രശ്നത്തിൽ അവിടെ സമരം നടക്കുകയാണ്. മൂന്ന് കോടി രൂപ അവിടേയ്ക്ക് പ്രഖ്യാപിച്ചാൽ മാത്രമേ ആ സമരം അവസാനിപ്പിച്ച് നെല്ല് സംഭരിക്കാൻ കഴിയൂ. ഈ ജില്ലയുടെ മൊത്തം വിഷയമാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: അത് തൃശൂരിൽ മാത്രമുള്ള പ്രശ്നമല്ല. ഈ അടുത്ത കാലത്ത് അഞ്ചാറ് കോടി രൂപ അതിനുവേണ്ടി കൊടുത്തു. അതിൽ ഇപ്പോൾ എത്രയുണ്ടെന്ന് അറിഞ്ഞുകൂടാ. അത് എത്രപേർക്ക് കിട്ടി എന്നുള്ളത് അന്വേഷിക്കാം. അതിന്റെ വിശദാംശങ്ങൾ എന്റെ കൈയിൽ ഇല്ലാത്തതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. പുതിയതായി വലിയ നികുതിഭാരമൊന്നും സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിച്ചിട്ടില്ല. വളരെ ചുരുക്കം ചില വിഭാഗങ്ങൾക്കുമാത്രമേ കൂടുതൽ നികുതി വരുകയുള്ളൂ. ഇപ്പോഴുള്ള നികുതിയിൽനിന്നും ധാരാളം ഇളവ് കൊടുത്തിട്ടുണ്ട്. വാറ്റ് വരുന്നതോടുകൂടി ടാക്സ് കുറച്ചുകൂടി സുതാര്യമാകും. കച്ചവടക്കാർക്ക് കൂടുതൽ സൗകര്യപ്രദമായ അറേഞ്ച്മെന്റ്സ് മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലാത്ത രീതിയിൽ നമ്മൾ ചെയ്യുന്നുണ്ട്. ആ കാരണങ്ങളാൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. പി. എം. സാഹിർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. പി. എം. സാഹിർ: പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ: അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2005-ലെ കേരള ധനകാര്യ ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി 28-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.25-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly